ഏപ്രിൽ 2007

# പഞ്ചായത്ത് രാജ്



# പഞ്ചായത്ത് രാജ്

വെബ്സൈറ്റ് : www.localgovkerala.net

ഏപ്രിൽ
2007
പുസ്തകം 47
ലക്കം 1
വാർഷിക വരിസംഖ്യ 90 രൂപ
ഒറ്റപ്രതി – 7.50 രൂപ


## പേജുകളിൽ


എഡിറ്ററുടെ പേജ്
**അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് പദ്ധതി ആസൂത്രണം ചെയ്യണം**............ 2

**അധികാര വികേന്ദ്രീകരണം ത്വരിതപ്പെടുത്താനുതകുന്ന മറ്റൊരു സംസ്ഥാന ബഡ്ജറ്റ്**
– കെ. രാജശേഖരൻ ............ 3

**വരവേൽക്കുക മഴയെ – കാലവർഷമേ സ്വാഗതം**
– വി. സുഭാഷ്ചന്ദ്രബോസ് ............ 8

**'നൂറ് പണി' വയനാടൻ ജനതയ്ക്ക് ഒരു കൈത്താങ്ങാവുന്നു**
– സി.വി. ജോയി ............ 12

**ജനകീയ കൂട്ടായ്മ – തഴുപ്പയിൽ കുടിനീർ എത്തി**
– പനച്ചിക്കൽ അശോകൻ ............ 14

**കൂടുമ്പോൾ ഇമ്പമുണ്ടാകുന്നത് = കുടുംബം**
– വി.വി. കുരിയൻ ............ 15

**ഗ്രാമസഭ – ജനാധിപത്യത്തിന്റെ ജൈവഘടകം**
– കെ. കബീർ മാസ്റ്റർ............ 22

**വിദ്യാഭ്യാസമേഖലയ്ക്ക് പൊൻകിരണങ്ങളുമായി 'പുതുവെളിച്ചം'**
– ടി.ആർ. വിജയകുമാർ............ 25

**ഇന്ത്യൻ ഭൗമശാസ്ത്രരംഗത്ത് മറ്റൊരു നാഴികക്കല്ല് – പി.എസ്.എൽ.വി.സി. 7 വിക്ഷേപണം**
– എൽ.സി. പൊന്നുമോൻ............ 27

**കുടുംബകോടതിയലക്ഷ്യം** (ചെറുകഥ)
– വി. ഹർഷകുമാർ............ 30

**ജാഗ്രതാസമിതി – കുടുംബ ശാക്തീകരണ വേദി**
– ലില്ലി ഫ്രാൻസിസ്............ 32


*ഉത്തരവുകൾ, സർക്കുലറുകൾ, സ്ഥിരം പംക്തികൾ...*


എഡിറ്റർ
**എ. അജിത്കുമാർ,** IAS
**Ph: 2323286**

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
**Ph: 2321054**

**ഉപദേശക സമിതി**

ചെയർമാൻ
**ശ്രീ. പാലോളി മുഹമ്മദ്കുട്ടി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

**ശ്രീ. എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
(പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്)

**ശ്രീ. കെ. നാരായണൻ**, പ്രസിഡന്റ്
(കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ)

**ശ്രീ. ജി. ഹരികൃഷ്ണൻ**
(പബ്ലിസിറ്റി ഓഫീസർ)

**ശ്രീമതി ഷീലാ തോമസ്**, ഐ.എ.എസ്
(ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)

**ശ്രീ. വി.എസ്. രാജേഷ്**
(സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം)

**ശ്രീ. എ. അജിത്കുമാർ**, ഐ.എ.എസ്.
(പഞ്ചായത്ത് ഡയറക്ടർ, കൺവീനർ)

കവർ ഡിസൈൻ – ഐസൻ ജോസ്

**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല, അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

എഡിറ്ററുടെ പേജ്

ഏപ്രിൽ 2007

# അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് പദ്ധതി ആസൂത്രണം ചെയ്യണം

വീണ്ടും ഒരു പുതിയ സാമ്പത്തിക വർഷത്തിന് തുടക്കമായിരിക്കുന്നു. ഒപ്പം മറ്റൊരു പഞ്ചവത്സര പദ്ധതിയുടെയും. അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുകയെന്നതാണ്. 2007-08 സാമ്പത്തികവർഷത്തിലെ സാമൂഹ്യ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനോടൊപ്പം 2007-08 മുതൽ 2011-12 വരെയുള്ള പഞ്ചവത്സര പദ്ധതിയുടെ മുൻഗണനാക്രമവും സമഗ്രമായ കാഴ്ചപ്പാടോടുകൂടി ചിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

കാർഷികരംഗത്ത് ആസൂത്രണം നീർത്തടാധിഷ്ഠിതമായിരിക്കണമെന്ന സർക്കാർ മാർഗ്ഗനിർദ്ദേശം കടലാസുകളിൽ മാത്രം ഒതുങ്ങിയപ്പോൾ കാർഷിക മേഖലയാകെ താറുമാറായി. തകർച്ചയെ നേരിടുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ക്രിയാത്മകമായ പദ്ധതികളുമായി മുന്നോട്ടു വരണം. വരുംവരായ്കകളെക്കുറിച്ച് വേണ്ടുവോളം ബോദ്ധ്യമുണ്ടായിരുന്നിട്ടും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കല്പിക്കാതിരുന്നതുമൂലം ആരോഗ്യ-പരിസ്ഥിതി മേഖലകളിൽ പുതിയ വെല്ലുവിളികൾ ഉണ്ടായത് നേരിടുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. നീർത്തട വികസന പരിപാടിയെയും ശുചിത്വ ആരോഗ്യ പരിപാടിയെയും ആസ്പദമാക്കി ജനകീയാസൂത്രണ മാതൃകയിൽ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപനം കാർഷിക-ശുചിത്വ മേഖലകളിലെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമാകും.

തൊഴിലില്ലായ്മ, ദാരിദ്ര്യം, പാർപ്പിടം തുടങ്ങിയ പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനം എന്നും അഭിമുഖീകരിക്കുന്നവയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ. ഇതിനു വേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

അധികാരം ജനങ്ങളിലെത്തുമ്പോൾ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരത്തിലും സ്വാഭാവികമായും മാറ്റമുണ്ടാകേണ്ടതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിൽ ഗുണപരമായ മാറ്റം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളുടെ നേട്ട കോട്ടങ്ങളെ വിശകലനം ചെയ്ത് ലഭിക്കുന്ന അനുഭവപാഠങ്ങളുമായി വേണം വരുംവർഷങ്ങളിലെ വികസന പ്രവർത്തനങ്ങളെ സമീപിക്കേണ്ടത്. പൂർത്തിയാകാത്ത അജണ്ടകൾ പൂർത്തീകരിക്കുവാനും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുവാനും സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള യോജിച്ച പ്രവർത്തനത്തിലൂടെ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

**എ. അജിത്കുമാർ, ഐ.എ.എസ്.**
എഡിറ്റർ

**സർക്കാരിന്റെ വികസനതന്ത്രത്തിന്റെയും സമീപനത്തിന്റെയും ദിശാസൂചകം കൂടിയാണ് ഒരു ധനതത്വ ശാസ്ത്രജ്ഞന്റെ ചിന്താസ്പർശമുളളതും ഒരു നയപ്രഖ്യാപനത്തിന്റെ സ്വഭാവം കൈവരിച്ചതുമായ ഈ വർഷത്തെ സംസ്ഥാന ബജറ്റ്.**



**കെ.രാജശേഖരൻ**

# അധികാരവികേന്ദ്രീകരണം ത്വരിതപ്പെടുത്താനുതകുന്ന മറ്റൊരു സംസ്ഥാന ബഡ്ജറ്റ്

തദ്ദേശഭരണസ്ഥാപനങ്ങളോടു മാത്രമല്ല അവ പ്രധാനമായും കൈകാര്യം ചെയ്യുന്ന കൃഷി, ആരോഗ്യം, സ്ക്കൂൾ വിദ്യാഭ്യാസം, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളോടും തെളിഞ്ഞ ആഭിമുഖ്യം പുലർത്തുന്ന ഒരു സംസ്ഥാന ബജറ്റാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന്റെ ശില്പികളിൽ പ്രമുഖനായ ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് 2007-2008 സാമ്പത്തിക വർഷത്തേക്ക് വേണ്ടി നിയമസഭയിൽ അവതരിപ്പിച്ചത്. 1790 കോടിരൂപയാണ് ഈ വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി നല്കുന്നത്. പ്രാദേശിക സർക്കാരുകളുടെ പദ്ധതി വിഹിതം പദ്ധതിയേതര ചെലവായിട്ടാണ് ബജറ്റിൽ വർഗ്ഗീകരിച്ചിട്ടുള്ളത്.

സംസ്ഥാന ഗവണ്മെന്റിന്റെ വാർഷിക വരവ് ചെലവുകളുടെ രൂപരേഖയായ ബജറ്റ്, ഒരു വർഷത്തെ വികസനപദ്ധതികളുടെ സംഗ്രഹചിത്രമാണ്. ദീർഘകാല വികസനപദ്ധതികൾക്ക് അടിത്തറയിടാനും ബജറ്റിനു കഴിയും. സർക്കാരിന്റെ വികസനതന്ത്രത്തിന്റെയും സമീപനത്തിന്റെയും ദിശാസൂചകം കൂടിയാണ് ഒരു ധനതത്വ ശാസ്ത്രജ്ഞന്റെ ചിന്താസ്പർശമുളളതും ഒരു നയപ്രഖ്യാപനത്തിന്റെ സ്വഭാവം കൈവരിച്ചതുമായ ഈ വർഷത്തെ സംസ്ഥാന ബജറ്റ്.

ഐക്യ കേരളത്തിൽ വികസന യത്നങ്ങൾക്കു ദിശാബോധം നൽകാൻ ഒരു ജനാധിപത്യ സർക്കാർ നിലവിൽ വന്നിട്ട് അഞ്ചു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ നമുക്കു കേരളത്തിൽ കാണാൻ കഴിയുന്ന വളർച്ചയും തളർച്ചയും ഇടകലർന്ന വികസന ചരിത്രത്തെ, മാറുന്ന ലോകത്തിന്റെ കാൽപെരുമാറ്റങ്ങൾക്കൊത്ത് മുന്നോട്ടുനയിക്കാനുള്ള ചില സ്ഥായിയായ കർമ്മപരിപാടികൾ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. അവ താഴെ പറയുന്നവയാണ്.

- കാർഷിക പരമ്പരാഗതമേഖലകളുടെ സംരക്ഷണം.
- വിദ്യാഭ്യാസ-ആരോഗ്യാദി മേഖലകളിലെ സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ.
- ഇൻഫർമേഷൻ ടെക്നോളജി, വിനോദസഞ്ചാരം, ലൈറ്റ് എൻജിനീയറിങ്ങ് തുടങ്ങിയ മേഖലകളിലേക്കു തിരിയൽ.
- ആദിവാസി, ദളിതർ, മത്സ്യതൊഴിലാളികൾ, സ്ത്രീകൾ എന്നീ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- പരിസ്ഥിതി സംരക്ഷണം.
- വികസനത്തിനുവേണ്ട ഭൗതിക-പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ.
- അധികാരവികേന്ദ്രീകരണം, ഭരണ പരിഷ്കാരം, അഴിമതി നിർമ്മാർജ്ജനം എന്നിവ.

മത്സരാധിഷ്ഠിതമായി മുന്നേറുന്ന ലോകത്തിന്റെ ഗതിവേഗത്തിനൊപ്പമുള്ള സാമ്പത്തിക വളർച്ചയും ദുർബലർക്കു പ്രത്യേക പരിഗണന നൽകുന്ന സാമൂഹ്യ നീതിയുമായിരിക്കും കേരളം ഈ ബജറ്റിൽ തുടക്കമിടുന്ന വികസന അജണ്ടയുടെ ദ്വിമുഖ സമീപനം.

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന വികസനപ്രശ്നങ്ങൾ നേരിടണമെങ്കിൽ

കാര്യക്ഷമവും ഫലപ്രദവും ജനപങ്കാളിത്തമുള്ളതും അഴിമതിരഹിതവുമായ ഒരു ഭരണവ്യവസ്ഥ കേരളത്തിൽ ഉണ്ടാകണമെന്ന കാഴ്ചപ്പാടും അതിനു വേണ്ട കർമ്മപദ്ധതികളുടെ രത്നചുരുക്കവും ബജറ്റിൽ ഉൾപ്പെടുത്താൻ ധനമന്ത്രി മറന്നില്ല. അധികാരവികേന്ദ്രീകരണവും, ഭരണപരിഷ്കാരവും അഴിമതി നിർമ്മാർജ്ജന ശ്രമങ്ങളുമാണ് ഒരു ത്രികോണത്തിലെ പരസ്പര ബന്ധിതമായ കോണുകൾ പോലെ മൂന്നിനങ്ങളായി ബജറ്റ് മുന്നോട്ടുവെയ്ക്കുന്നത്.

ഭരണപരിഷ്കാരം വേണമെന്നും അതിന് എന്തുചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നും ഇ.എം. എസ്സിന്റെയും വെള്ളോടിയുടെയും നായനാരുടെയും ഭരണപരിഷ്കരണ കമ്മിറ്റികളിലൂടെ നാം വിശകലനം ചെയ്തു നിജപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയും അലസമായി നാം പ്രയോഗത്തിൽ വരുത്താതിരുന്ന ഭരണപരിഷ്കരണ കമ്മിറ്റി ശുപാർശകൾ നടപ്പാക്കാൻ ഈ വർഷം തുടക്കമിടുമെന്ന് ബജറ്റ് പ്രസംഗം അസന്നിഗ്ദ്ധമായി വ്യക്തമാക്കുന്നു. ഭരണത്തിന്റെ കാര്യക്ഷമത കുറയ്ക്കുന്നതും പൊതുപണം സ്വകാര്യവ്യക്തികളുടെ കീശയിലേക്കു മാറ്റുന്നതുമായ അഴിമതിക്കെതിരെ ഒരു ബഹുമുഖ കർമ്മപദ്ധതി ആവിഷ്കരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇതിനെല്ലാം ഉപോൽബലകമായ രീതിയിൽ പ്രാദേശിക സർക്കാരുകളെ സജീവമാക്കുക എന്നതും ഈ വർഷത്തെ അജണ്ടയിൽപ്പെടുന്നു. അതിനായി ജനകീയാസൂത്രണം പുനരുജ്ജീവിപ്പിക്കാൻ സർക്കാരിന് പരിപാടിയുണ്ട്. പ്രദേശിക ഭരണ സംവിധാനം ജനപങ്കാളിത്തപരവും ജനകീയ നിയന്ത്രണത്തിലുള്ളതുമാക്കുകയാണ് ഈ വർഷം പുനരാരംഭിക്കുന്ന ജനകീയാസുത്രണത്തിന്റെ ആത്യന്തിക ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ വികസന വകുപ്പുകളുടെയും താഴത്തെ തട്ടിലുള്ള ഭരണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുക എന്ന ഉജ്ജ്വലമായ ചില ഭരണസങ്കല്പങ്ങളും ഇതിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാന ഗവണ്മെന്റിന്റെ അവിഭാജ്യ ഘടകമെന്ന നിലയിലായിരിക്കും അർപ്പിതമായ കാര്യങ്ങളിൽ സ്വയം ഭരണസ്വാതന്ത്ര്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കരുപിടിപ്പിക്കുന്നത്.

അധികാരവികേന്ദ്രീകരണം ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി ഉടൻ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ പരിശോധിക്കാം.

- ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാക്കുക.
- തദ്ദേശഭരണസ്ഥാപനങ്ങളിലെ കണക്കുകൾ ചിട്ടപ്പെടുത്തുക.
- അവ കമ്പ്യൂട്ടർവൽക്കരിക്കുക.
- ബജറ്റ് അക്കൗണ്ട്സ്, പൊതുമരാമത്ത്, പർച്ചേസ് ചട്ടങ്ങൾ നടപ്പിലാക്കുക.
- തദ്ദേശഭരണത്തിൽ ജനപങ്കാളിത്തം കൂട്ടുക.
- തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നടപ്പാക്കുക.
- വീട്, കക്കൂസ്, തുടങ്ങിയ പ്രധാനപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾക്ക് സമഗ്രലിസ്റ്റ് തയ്യാറാക്കി അവ തീരുന്ന മുറയ്ക്കു മാത്രം പുതിയ ലിസ്റ്റ് തയ്യാറാക്കുന്ന സമ്പ്രദായം നടപ്പാക്കുക.
- ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് ആസ്ഥാനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പണിയുക എന്നിവയാണ് പ്രധാന മുൻഗണനകൾ.

ജനകീയ ആസുത്രണ പദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പതിനൊന്നാം പദ്ധതി നീർത്തടവികസന പരിപാടിയും ശുചിത്വ-ആരോഗ്യ പരിപാടികളും സംയോജിപ്പിച്ച് വിപുലമായ ക്യാമ്പയിൻ രൂപത്തിലാകും സംഘടിപ്പിക്കുന്നത്. അശാസ്ത്രീയമായ നീർത്തട വികസനപദ്ധതികളാണ് ഇന്നു സംസ്ഥാനത്തു നടക്കുന്നത്. നടന്നുവരുന്ന നീർത്തടവികസന പദ്ധതികൾ തമ്മിൽ ഏകോപനമില്ലാത്തതും പരിഹരിക്കാൻ ഉദ്ദേശിക്കുന്നു. ചിലർക്ക് നിർമ്മാണ പ്രവർത്തികൾ നടത്തി ലാഭം നേടാനുള്ള ഒരു ഉപായമാണ് ഇന്ന് നീർത്തടവികസനം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ നീർത്തടത്തെയും ജനപങ്കാളിത്തത്തോടെ വിശദമായി അപഗ്രഥിച്ച് നീർത്തട പദ്ധതി സൂക്ഷ്മമായി ആവിഷ്കരിക്കാനാണ് ആലോചിക്കുന്നത്. നീർത്തടവികസന പദ്ധതിയുടെ ഭാഗമായി സ്വകാര്യ ഭൂമിയിലടക്കം മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. കാർഷികപണി ചെയ്യാൻ തയ്യാറുള്ളവർക്ക് ഇതിന്റെ ഭാഗമായി കൃഷിപ്പണി നല്കാനും ആലോചനയുണ്ട്. ജലനിർഗ്ഗമനത്തെ അടിസ്ഥാനപ്പെടുത്തി, അതിരുകൾ കല്പിച്ച് ആവിഷ്കരിക്കേണ്ട മണ്ണു-ജല-സസ്യ-ജീവി സംരക്ഷണമാണ് നീർത്തടാധിഷ്ഠിത വികസനം എന്ന് എത്ര ലളിതമായി ജനങ്ങൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാം എന്നത് ആ പ്രവർത്തനങ്ങളിലെ പ്രധാന വെല്ലുവിളിയാണ്.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ കീഴ്ത്തട്ടിൽ നിന്നും നീർത്തടങ്ങൾ വേർതിരിച്ച് വികസനപദ്ധതികൾ രൂപം നല്കും. അതോടൊപ്പം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലയുടെ സമഗ്രവികസനത്തിന് ഉതകും വിധം ഒരോ മേഖല


യിലും അനുവർത്തിക്കേണ്ട സമീപനങ്ങൾ ഉൾപ്പെടുന്ന ഒരു ജില്ലാപദ്ധതി രൂപപ്പെടുത്താനും ഉദ്ദേശമുണ്ട്. ജില്ലാ പദ്ധതി എന്നത് എന്താണെന്നതിനെക്കുറിച്ചും അവ്യക്തതയും ആശയക്കുഴപ്പവുമുണ്ട്. ജനകീയ ആസൂത്രണ ക്യാമ്പെയിനു വേണ്ട പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ നടക്കും. കിലയും ജില്ലാ ആസൂത്രണ സമിതിയും സംയോജിതമായി ജില്ലാ പദ്ധതിയുടെ രൂപീകരണത്തിനു വേണ്ട പരിശീലനം സംഘടിപ്പിക്കും. ഇതിനായി കിലയ്ക്ക് 3 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണശുചിത്വ പരിപാടിക്കും നിർദ്ദേശമുണ്ട്. നഗര പ്രദേശങ്ങളിൽ മാലിന്യം വേർപെടുത്തി ശേഖരിക്കുന്നതിന് കുടുംബശ്രീയുടെ അയൽക്കൂട്ട സംവിധാനം ഉപയോഗപ്പെടുത്തണം.

കഴിഞ്ഞ ആറേഴുവർഷങ്ങളായി കാർഷികപരമ്പരാഗത മേഖലകളിൽ കേരളം കടുത്ത മുരടിപ്പിനു സാക്ഷ്യം വഹിക്കുകയാണ്. അതിനു മാറ്റം വരുത്താനുദ്ദേശിച്ചുകൊണ്ട് ബജറ്റിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്ക് ഊന്നൽ നൽകുന്നു. നീർത്തടാധിഷ്ഠിത കാർഷിക ആസൂത്രണ പരിപാടിയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും ഭാഗമായി കേരളത്തിന്റെ സമസ്തമേഖലകളുടെയും വികസനം ലക്ഷ്യമാക്കി മുന്നോട്ടു വച്ചിട്ടുള്ളത്. നല്ല വിത്തും വളവും, കാർഷിക വായ്പയും, നെല്ലു സംഭരണവും, കാർഷിക വിപണന സംവിധാനങ്ങളും, കൂട്ടായ കൃഷി നടത്തലും ഉൾപ്പെടുന്നതാണ് കാർഷിക വികസനത്തിനുള്ള പദ്ധതി. വിളർച്ച ബാധിച്ച കാർഷിക മേഖലയ്ക്ക് ഒരു പുതുജീവൻ നൽകാൻ നീക്കിവച്ചിട്ടുള്ളത് ആയിരം കോടി രൂപയാണ്. കാർഷിക മേഖലയിൽ നിർണായക മാറ്റം വരുത്താവുന്ന ഈ നീക്കിവയ്പ്പ് ഫലപ്രദമാകണമെങ്കിൽ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും വിപണനവും ഏറ്റെടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ കഴിയുകയുള്ളൂ.

കയർ, കൈത്തറി, കരകൗശലം, ഖാദി-ഗ്രാമവ്യവസായം, കശുവണ്ടി എന്നീ പരമ്പരാഗത വ്യവസായ മേഖലകളുടെ ഉന്നമനത്തിനും ബജറ്റ് ഊന്നൽ നൽകുന്നു. കശുവണ്ടി വികസനം ഒരു തൊഴിൽദാന സംരംഭമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അതിനു മുൻഗണന.

ഉല്പാദനമേഖലകളുടെ ഉണർവ്വിന് ബജറ്റ് പ്രത്യേകം പ്രധാന്യം നൽ





## കേരളം ബജറ്റ് എസ്റ്റിമേറ്റ് 2007–08

| | രൂപ കോടിയിൽ |
|---|---|
| റവന്യൂ വരവ് | 21445.76 |
| റവന്യൂ ചെലവ് | 26696.92 |
| റവന്യൂ കമ്മി | (-) 5251.16 |
| മൂലധന ചെലവ് | 1319.61 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 854.44 |
| പൊതുകടം | 5346.94 |
| പൊതുകണക്ക് | 1939.83 |
| ആകെ കമ്മി | (-) 138.44 |
| വർഷാരംഭ റൊക്ക ബാക്കി | (-) 420.25 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 241.07 |
| അധിക വിഭവ സമാഹരണം | 248.69 |
| വർഷാന്ത്യ റൊക്ക ബാക്കി | (-) 551.07 |

കുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനും വനിതാവികസനത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഈ ബജറ്റിൽ ഊന്നൽ നല്കിയിട്ടുണ്ട്. ദുർബല വിഭാഗങ്ങളുടെ ഉന്നമനവും സാമൂഹ്യനീതിയുടെ പ്രയോഗത്തിൽ വരുത്തലുമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

ആരോഗ്യമേഖലയിൽ ബജറ്റ് കാര്യമായി ശ്രദ്ധയൂന്നിയിട്ടുണ്ട്. ഗുണമേന്മയുള്ള മരുന്നുവാങ്ങാൻ ഒരു പുതിയ സംവിധാനത്തിനു രൂപംനല്കുമെന്നു പ്രഖ്യാപിച്ച ധനമന്ത്രി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ 20 ശതമാനം വരെ മരുന്നു വാങ്ങാനായി ചെലവഴിക്കാൻ അനുമതിയും നല്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കു കീഴിലുള്ള സബ്ബ് സെന്ററുകൾ ശക്തിപ്പെടുത്താൻ ഈ വർഷവും അടുത്തവർഷവും 10,000 രൂപ വീതം നൽകാൻ പദ്ധതിയുണ്ട്. വാർഡുതല ആരോഗ്യ സാനിറ്റേഷൻ കമ്മിറ്റികൾ രൂപീകരിക്കും. അവയുടെ പ്രവർത്തനത്തിന് 10,000 രൂപ വീതം ലഭിക്കും. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ അറ്റകുറ്റപണികൾക്ക് 50,000 രൂപയും ഉപാധിരഹിത ധനമായി 25,000 രൂപയും നൽകാൻ ബജറ്റിൽ നിർദ്ദേശമുണ്ട്. വരുന്ന വർഷവും ഇതു തുടരും. ആരോഗ്യത്തിനും ശുചിത്വത്തിനും വേണ്ടി ജനകീയ ക്യാമ്പെയിൻ തുടങ്ങാനും പദ്ധതിയുണ്ട്. പുതിയ ആയുർവേദ ഡിസ്പൻസറികൾ ആരംഭിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും 65 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. കൂടാതെ പ്രകൃതി ചികിത്സ, ഹോളിസ്റ്റിക്ക് മെഡിസിൻ, സിദ്ധ, യുനാനി എന്നിവയുടെ വിപുലീകരണത്തിനും ബജറ്റിൽ ലക്ഷ്യമിടുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ശുചിത്വ



**ഇല്ലായ്മയുടെ പങ്കുവയ്ക്കലല്ല, മറിച്ച് സാമ്പത്തിക വളർച്ച സാധ്യമാക്കലും വളർച്ചയുടെ സദ്ഫലങ്ങളുടെ സന്തുലിത വിതരണവുമാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്.**

പരിപാടിയ്ക്കും നിർദ്ദേശമുണ്ട്. നഗരപ്രദേശങ്ങളിൽ മാലിന്യം വേർപ്പെടുത്തി ശേഖരിക്കുന്നതിന് അയൽക്കൂട്ട സംവിധാനം ഉപയോഗപ്പെടുത്തും. കുടുംബശ്രീ ശൃംഖല ഉപയോഗപ്പെടുത്തി സ്ത്രീപദവി പഠനപരിപാടി ആവിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. കുടുംബശ്രീ വഴി ലഘുസമ്പാദ്യ വായ്പാ പദ്ധതി മെച്ചപ്പെടുത്തുക, തൊഴിൽ സംരംഭങ്ങൾക്ക് വിപണി ഉറപ്പുവരുത്തുക, പഞ്ചായത്തുകളുമായുള്ള ഏകോപനം ശക്തിപ്പെടുത്തുക, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുക എന്നിവ ഉൾക്കൊള്ളുന്ന പദ്ധതിയും നടത്തും.

കേരളം ഈ വർഷം ഇന്ത്യയ്ക്കു തന്നെ മാതൃകയാകാവുന്ന ഒരു ഊർജ്ജ സുരക്ഷാമിഷന് തുടക്കം കുറിയ്ക്കുമെന്ന് ബജറ്റ് പ്രഖ്യാപിക്കുന്നു. ഈ ഊർജ്ജ സുരക്ഷാമിഷനിൽ ഊർജ്ജ രംഗത്തെ സ്ഥാപനങ്ങൾക്കൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർണായക പങ്കാളിത്തമുണ്ട്. കേന്ദ്രസർക്കാരിന്റെ ഊർജ്ജ പദ്ധതികൾ ഇതുമായി സംയോജിപ്പിക്കും. ഊർജ്ജസുരക്ഷാമിഷന്റെ ബഹുവർഷ പദ്ധതികളുടെ ഭാഗമായ ഈ വർഷത്തെ പദ്ധതികളിൽ ഊർജ്ജസർവ്വേ, പവർലൈൻ മാപ്പിങ്ങ്, 5 ലക്ഷം വീടുകളുടെ വൈദ്യുതീകരണം, 1 ലക്ഷം പുകയില്ലാ അടുപ്പുകൾ, 5 ലക്ഷം വൈദ്യുതി ബൾബുകൾ ഫ്ളൂറെസെന്റ് ബൾബുകൾ ആക്കിമാറ്റൽ എന്നിവ ഉൾപ്പെടുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ, ജൈവഊർജ്ജ പദ്ധതികൾ, കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം എന്നിവയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും പദ്ധതിയുണ്ട്. ബയോഡീസൽ നിർമ്മാണ പദ്ധതിയും ലക്ഷ്യമിടുന്നു. റബ്ബർകായ എണ്ണ ബയോഡീസലായി ഉപയോഗിക്കുക, ചകിരിച്ചോറിൽ നിന്നും ബയോഗ്യാസ് നിർമ്മിക്കുക, ഗ്യാസ്ഹോൾ ഉല്പാദനം നടത്തുക തുടങ്ങിയവയ്ക്കും ഈ ഊർജ്ജ സുരക്ഷാ പദ്ധതിയിൽ സ്ഥാനമുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇ.എം.എസ്സ് പാർപ്പിട പദ്ധതി ആവിഷ്കരിക്കുന്നത്. ഹൗസിങ്ങ് ബോർഡ് ഇതുമായി സഹകരിച്ചു പ്രവർത്തിക്കും. മറ്റ് ഏജൻസികളുടെ ഏകോപിതപ്രവർത്തനവും ഉദ്ദേശിച്ചിട്ടുണ്ട്.

നമ്മുടെ സംസ്ഥാനം അപകടകരമായ കടക്കെണിയുടെ നടുവിലാണ്. ധനവിഭവസമാഹരണം വർദ്ധിപ്പിക്കുകയും അഴിമതി ഇല്ലാതാക്കുകയും ചെയ്താൽ മാത്രമേ നമുക്കു ഭീതിദമായ കടക്കെണിയിൽ നിന്നും രക്ഷനേടാൻ കഴിയൂ. 2006 മാർച്ചിൽ 45,929

കോടിയായിരുന്ന വിദേശകടം 2008 മാർച്ചിൽ 60,261 ആകുമെന്നു പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ കടവും മൊത്തവരുമാനവും (GSDP) തമ്മിലുള്ള അനുപാതം 38 ശതമാനത്തിലേറെയാകാതെയും കടവും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം അപടകസൂചകമായ 300 ശതമാനത്തിൽ താഴെയാക്കാനും പലിശ ചെലവും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം അപകടരഹിതമായ 20 ശതമാനത്തിലെത്തിക്കാനും തീവ്ര ശ്രമത്തിലാണ് ധനമന്ത്രി. നികുതി കൂട്ടാതെ ഈ വർഷം വരുമാനം കൂട്ടാനായത് ശുഭ സൂചകമാണ്.

ഇല്ലായ്മയുടെ പങ്കുവയ്ക്കലല്ല, മറിച്ച് സാമ്പത്തിക വളർച്ച സാധ്യമാക്കലും വളർച്ചയുടെ സദ്ഫലങ്ങളുടെ സന്തുലിത വിതരണവുമാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്. പരമ്പരാഗത വികസനമേഖലകളും ആധുനിക വികസന സംരംഭങ്ങളും തുല്യപ്രാധാന്യത്തോടെ മുന്നോട്ടുകൊണ്ടുപോകാനാണ് ബജറ്റിന്റെ ഉദ്ദേശം. സാധാരണക്കാരുടെ നികുതിഭാരം വർദ്ധിപ്പിക്കാതെ സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള വർദ്ധിച്ചു വരുന്ന വിടവ് നികത്താനും വായ്പകൾ ലഭ്യമാക്കി ദീർഘകാല വരുമാനമുണ്ടാകാവുന്ന പദ്ധതികളിൽ നിക്ഷേപിച്ച് സംസ്ഥാനത്തിന്റെ വരും കാല വരുമാനം വർദ്ധിപ്പിക്കാനും ബജറ്റ് പരിശ്രമിക്കുന്നു. ബജറ്റിൽ ഒരു പദ്ധതി ഉൾ പ്പെട്ടിട്ടുണ്ട് എന്നതുകൊണ്ട് മാത്രം അതു നിർവ്വഹിക്കപ്പെടുമെന്നു പ്രതീക്ഷിക്കാനാവില്ല. എന്നാൽ ഉൾപ്പെടുത്താതിരുന്നാൽ അതു നടക്കാനുള്ള സാധ്യത തീരെയില്ല.

*(ലേഖകൻ 'കില'യിൽ ലൈബ്രേറിയനാണ്.)*

●

## ബജറ്റ് പദങ്ങളുടെ അർത്ഥം

**റവന്യൂ വരവ്** – ഒരു സാമ്പത്തിക വർഷത്തിൽ സർക്കാരിനു ലഭിക്കുന്ന നികുതിവരുമാനങ്ങളും പലിശ, ഫീസുകൾ, സർക്കാർ സേവനങ്ങളിൽ നിന്നുള്ള വരുമാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള മറ്റു വരുമാനങ്ങളും അടങ്ങുന്നതാണ് റവന്യൂ വരവ്.

**റവന്യൂ ചെലവ്** – സർക്കാരിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾക്കും ആവശ്യമായ ചെലവ്, സർക്കാർ എടുക്കുന്ന കടത്തിന്റെ പലിശ, വികസനത്തിനുള്ള സബ്സിഡി ധനസഹായം എന്നിവ ഉൾപ്പെടുന്നു. ആസ്തികളുടെ സംരക്ഷണ ചെലവ് ഇതിൽ ഉൾപ്പെടും.

**റവന്യൂകമ്മി** – റവന്യൂ വരുമാനത്തേക്കാൾ റവന്യൂ ചെലവ് കൂടുതലാണെങ്കിൽ അതിനെ റവന്യൂകമ്മി എന്നു വിളിക്കുന്നു. റവന്യൂ കമ്മിയാണ് ഇല്ലാതാക്കേണ്ടത്.

**മൂലധനചെലവ്** – ഭൂമി, കെട്ടിടങ്ങൾ, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവയ്ക്കായി ചെയ്യുന്ന ചെലവും, ഓഹരികളിൽ മുടക്കുന്ന നിക്ഷേപവും ഉൾപ്പെടുന്നതാണ് മൂലധന ചെലവ്, ആസ്തികളുടെ മൂല്യം വർദ്ധിപ്പിക്കുന്ന ചെലവും ഇതിൽപ്പെടും.

**പൊതുകടം** – സർക്കാർ അന്തിമമായി നൽകാൻ ഉത്തരവാദപ്പെട്ട കടത്തെയാണ് പൊതുകടമെന്ന് പറയുന്നത്.

**പൊതുകണക്ക്** – ഇതിൽ കടങ്ങൾ, ഡെപ്പോസിറ്റ്, മുൻകൂറുകൾ, മറ്റിടങ്ങളിൽ നല്കേണ്ടതായ തുകകൾ എന്നവ ഉൾപ്പെടുന്നു. സർക്കാരിന്റെ വരുമാനമല്ലാത്തതും സർക്കാർ ഒരിടത്തു നിന്നു സ്വീകരിച്ചു മറ്റൊരിടത്തു നല്കേണ്ടതും പോലുള്ള തുകയാണ് ഇതിൽ വരുന്നത്.

**ധനകമ്മി** – റവന്യൂ ചെലവും സർക്കാർ നല്കുന്ന ലോൺ ഉൾപ്പെടെയുള്ള മൂലധന ചെലവും കൂട്ടിയാൽ ലഭിക്കുന്ന മൊത്തം ചെലവിൽ നിന്നു റവന്യൂ വരുമാനവും സർക്കാരിന് ബാധ്യതകളുണ്ടാകാത്ത മറ്റു വരുമാനങ്ങളും കുറച്ചാൽ ലഭിക്കുന്നതാണ് ധനകമ്മി.

**പ്രാഥമിക കമ്മി** – ധനകമ്മിയിൽ നിന്നും പലിശചെലവ് കുറച്ചാൽ ലഭിക്കുന്നതാണ് പ്രാഥമിക കമ്മി.

**മൂലധനവരുമാനം** – പൊതുജനങ്ങളിൽ നിന്നും സർക്കാർ എടുക്കുന്ന കടം, റിസർവ്വ് ബാങ്കിൽ നിന്നുമുള്ള കടം, വിദേശകടം, സർക്കാർ നല്കുന്ന കടങ്ങളുടെ തിരിച്ചടവ് എന്നിവ ഇതിൽ ഉൾപ്പെടും.

**മിച്ചബജറ്റ്** – വരുമാനത്തെക്കാൾ ചെലവ് കുറഞ്ഞിരിക്കുന്ന ബജറ്റ്.

**കമ്മിബജറ്റ്** – വരവിനെക്കാൾ ചെലവു കൂടുതലുള്ള ബജറ്റ്.



# വരവേൽക്കുക മഴയെ - കാലവർഷമേ സ്വാഗതം -

**പ്രകൃതിയുടെ സുകൃതമാണ് മഴ. നമ്മുടെ നിലനിൽപ്പിനാധാരമായ ഒന്നുകൂടിയാണത്. പരമാവധി മഴയെ നമുക്ക് കൈകാര്യം ചെയ്യാനാവണം. ഈ വരുന്ന മഴക്കാലങ്ങളിൽ നാം എത്ര മഴവെള്ളത്തെ കരുതി എന്നതിനനുസരിച്ചായിരിക്കും രണ്ടായിരത്തിഎട്ടിലെ വരൾച്ചയെ പ്രതിരോധിക്കാനാവുന്നത്.**

**വി. സുഭാഷ്ചന്ദ്രബോസ്**


**വേ**നലിന്റെ വറുതിയിലിരുന്നാണ് ഞാനീ കുറിപ്പ് എഴുതുന്നത്. ദേശീയ ശരാശരിയേക്കാൾ മഴ വർഷംതോറും ലഭിക്കുന്ന ഒരു സംസ്ഥാനത്തെ വരൾച്ചയെ പ്രതിരോധിക്കുവാൻ നമുക്കു കഴിയണ്ടേ? കണക്കുകളനുസരിച്ച് ലോകത്തിലേറ്റവും കൂടുതൽ മഴ ലഭിക്കുന്ന രാജ്യമെന്ന ബഹുമതിയുള്ള ബ്രസീലിനെക്കാൾ മഴ കിട്ടുന്ന ഒരു സംസ്ഥാനമാണ് കേരളം. മഴയുടെ നാടാണ് കേരളം എന്ന് പറഞ്ഞാൽ അതിശയോക്തിപരമാവില്ല. മൺസൂണിന്റെ കവാടം കൂടിയായ കേരളത്തിൽ കാലവർഷവും തുലാവർഷവും മഴയുടെ സമയമാണ്. കൂടാതെ വേനൽമഴയും ലഭിക്കുന്നു. ഏറ്റവും കൂടുതൽ ജലം ലഭ്യമാവുന്നത് മഴയത്തും ജലത്തിന്റെ ദൗർലഭ്യപ്രശ്നം ധാരാളമായുണ്ടാകുന്നത് വേനലിലുമാണ്. ആറുമാസക്കാലം വെള്ളപ്പൊക്കം, പിന്നാലെ വരൾച്ച എന്നതാണ് നമ്മുടെ സ്ഥിതി. മഴക്കാലത്ത് ലഭിക്കുന്ന ജലത്തെ കൂടുതൽ ശാസ്ത്രീയവും സമഗ്രവുമായി ശേഖരിച്ചും സംരക്ഷിച്ചും മാത്രമേ ശാശ്വതമായ പരിഹാരം തേടാനാവുകയുള്ളൂ.

കേരളത്തിൽ ശരാശരി 110 മുതൽ 120 ദിവസം വരെയാണ് മഴ ലഭിക്കുന്ന കാലയളവ്. മഴ ലഭിക്കുന്ന ദിവസങ്ങളിൽതന്നെ ഏതാനും മണിക്കൂറുകൾ കൊണ്ടാണ് മുഴുവൻ മഴയും എത്തുന്നത്. ചരിഞ്ഞ ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും നദികളുടെ നീളക്കുറവും ഭൂവിനിയോഗക്രമങ്ങളിലുണ്ടാകുന്ന മാറ്റവും കാരണം പെയ്യുന്ന മഴ ധാരാളമായി ദീർഘകാലം ഭൂമിയിൽ നിൽക്കുന്നില്ല. ജനസംഖ്യാവർദ്ധനവും സ്വാഭാവിക ജലസംഭരണ സംവിധാനങ്ങളായ കാടുകളുടെയും വയലുകളുടെയും കാവുകളുടെയും നശിപ്പിക്കലും കൂടുതൽ സങ്കീർണ്ണമാക്കിയത് നമ്മുടെ ജലസമ്പത്തിനെയാണ്. ലോകത്തിലേറ്റവും കൂടുതൽ കിണറുകൾ കുഴിച്ച് ഭൂഗർഭജലം ഉപയോഗിക്കുന്ന സംസ്ഥാനവും കേരളമായിരിക്കുകയാണ്. നമ്മുടെ കെട്ടിടനിർമ്മാണ രീതികളും ഭൂഗർഭത്തിലേക്കുള്ള ജല ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. നാം ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും സാനിട്ടറി കക്കൂസുകളുടെ അഭാവവും

അശാസ്ത്രീയ നിർമ്മാണവും കൂടുതൽ മലിനപ്പെടുത്തിയതും ജലസ്രോതസുകളെയാണ്. ഖരമാലിന്യ നിർമ്മാർജ്ജനസംവിധാനത്തിന്റെ അഭാവവും ജലാശയങ്ങളെ മലിനപ്പെടുത്തുന്നതിൽ മുഖ്യപങ്ക് നിർവ്വഹിക്കുന്നു.

ഭൂമിയിൽ അനുഭവപ്പെട്ടതിൽ വച്ച് ഏറ്റവും കൂടുതൽ ചൂടാണ് വരാൻ പോകുന്നതെന്ന ബ്രിട്ടീഷ് കാലാവസ്ഥ നിരീക്ഷകരുടെ മുന്നറിയിപ്പും ആഗോള താപനത്തിലുണ്ടാകുന്ന വർദ്ധനവും ജലസമ്പത്തിനെയായിരിക്കും ഏറ്റവും കൂടുതൽ ബാധിക്കുന്നത്. കേരളത്തിലെ ഭൂഗർഭജല വിതാനത്തിൽ കാര്യമായ കുറവുണ്ടാകുന്നുവെന്ന മുന്നറിയിപ്പും നമ്മുടെ കിണറുകളിൽ ധാരാളമായി മലിനജലം കാണുന്നുവെന്ന പഠനറിപ്പോർട്ടുകളും ഉപരിതല ജലസ്രോതസ്സുകളുടെ മലിനീകരണവും നാം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. നമുക്കു ലഭിക്കുന്ന മഴയെ കൂടുതൽ സംഭരിച്ചും ജലസ്രോതസ്സുകൾ നിലനിർത്തിയും മാത്രമേ നമുക്ക് പ്രശ്നങ്ങളെ പരിഹരിക്കാനാവുകയുള്ളൂ.

2004-ലെ വരൾച്ച മുതലാണ് നാം ഗൗരവമായി മഴവെള്ള സംഭരണമാരംഭിച്ചത്. കഴിഞ്ഞ 20 വർഷമായി കേരളത്തിൽ മഴവെള്ളം നേരിട്ട് ശേഖരിച്ച് കുടിവെള്ളമായി ഉപയോഗിച്ചുവരുന്നു. ലോകത്തിലെ നിരവധി രാജ്യങ്ങളിൽ മഴവെള്ള സംഭരണം നടക്കുന്നുണ്ട്. ഇന്ത്യയിലും തമിഴ്നാട് ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ മഴവെള്ള സംഭരണം നിയമംമൂലവും അല്ലാതെയും നടപ്പിലാക്കുന്നു. കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിൽ മഴവെള്ളസംഭരണം പ്രധാന ഘടകമാണ്. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിന്റെ വിഹിതവും മഴവെള്ളസംഭരണത്തിനായി വിനിയോഗിക്കണമെന്ന നിർദ്ദേശം സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗ്ഗരേഖയിലുണ്ട്. പ്രത്യേക കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിലവിലുള്ള പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തോടൊപ്പം മഴവെള്ള സംഭരണമാർഗ്ഗങ്ങൾ നിർബ്ബന്ധമാക്കിയിട്ടുണ്ട്.



*മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശേഖരിക്കുന്ന രീതി*

**മഴവെള്ളം - ശുദ്ധമായ കുടിവെള്ളം**

പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഏറ്റവും ശുദ്ധമായ ജലമാണ് മഴവെള്ളം. ഇവ നേരിട്ട് ശേഖരിച്ച് കുടിവെള്ളമായി ഉപയോഗിച്ചുവരുന്നു. ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിന്റെ മേൽക്കൂരയിൽ ശരാശരി 3 ലക്ഷം ലിറ്റർ വെള്ളം മഴയിലൂടെ ഒരുവർഷം വീഴുന്നു. അവയിലൊരു ഭാഗം ശേഖരിച്ചാൽ തന്നെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ടെറസ്, ഓട്, ഷീറ്റ് എന്നീ പുരപ്പുറങ്ങളിൽ നിന്നും നേരിട്ടും ഓലപ്പുരയിൽ പ്ലാസ്റ്റിക് ഷീറ്റ് വിരിച്ചും മഴവെള്ളം ശേഖരിക്കാവുന്നതാണ്. മഴവെള്ളം വീഴുന്ന മേൽക്കൂര, മഴവെള്ളം ശേഖരിക്കുവാനുള്ള പാത്തികളും പൈപ്പുകളും, മഴവെള്ള ശുദ്ധീകരണ സംവിധാനം, മഴവെള്ളം സൂക്ഷിക്കുവാനുള്ള ടാങ്ക് എന്നിവയാണ് മഴവെള്ള സംഭരണിയിലെ പ്രധാന ഘടകങ്ങൾ. ടെറസുവീടുകളിൽ നിന്ന് പുരപ്പുറത്തെ വെള്ളം താഴേക്ക് ഒഴുക്കുവാനുള്ള പൈപ്പ് കാണുമല്ലോ. അവയിലൂടെ മഴവെള്ളം കടത്തിവിട്ട് ശേഖരിക്കാവുന്നതാണ്. പ്രത്യേക പാത്തിയുടെ ആവശ്യമില്ല. ഓടിട്ട കെട്ടിടങ്ങളിൽ പി.വി.സി പൈപ്പ്, അലുമിനിയം ഷീറ്റ്, മുള എന്നിവയിലേതെങ്കിലും ഒന്ന് പാത്തിക്കായി തെരഞ്ഞെടുക്കാവുന്നതാണ്. പാത്തിയിലൂടെയോ പൈപ്പിലൂടെയോ ശേഖരിക്കപ്പെടുന്ന മഴവെള്ളത്തെ ആദ്യമായി ശുദ്ധീകരണ അറയിലേക്കാണ് എത്തിക്കുന്നത്. ഇവ പ്രധാന ടാങ്കുമായി ചേർന്നോ, പ്രത്യേകമായോ പണിയാവുന്നതാണ്. കരി, മണൽ, കല്ല്, ചല്ലി തുടങ്ങിയ വസ്തുക്കളാണ് ശുദ്ധീകരണത്തിനായി ഉപയോഗിക്കുന്നത്. ആദ്യത്തെ മഴകളുപയോഗിച്ച് പുരപ്പുറങ്ങൾ വൃത്തിയാക്കാവുന്നതാണ്. അവ ഒഴുക്കിക്കളയുന്നതിനായി ഫസ്റ്റ് ഫ്ളഷ് സംവിധാനവും ഇതോടൊപ്പം തയ്യാറാക്കണം. ടാങ്കുകളിൽ ശേഖരിക്കപ്പെടുന്ന ജലം സൂര്യപ്രകാശവും മറ്റ് വസ്തുക്കളും കലരാതെ അടച്ചു സൂക്ഷിക്കണം. ഒരു വർഷത്തിൽ ഒരു പ്രാവശ്യം ടാങ്ക് വൃത്തിയാക്കണം. ടാങ്കിൽ കടക്കുന്നതിന് മാൻഹോൾ ഉണ്ടായിരിക്കുന്നതാണ്. പതിനായിരം ലിറ്റർ ജലം ഉൾക്കൊള്ളുന്ന ടാങ്കാണ് സാധാരണയായി പണികഴിപ്പിക്കുന്നത്. അതേ സമയം അയ്യായിരം ലിറ്റർ മുതൽ ഒരു ലക്ഷം ലിറ്റർ വരെ വിവിധ വലിപ്പത്തിലുള്ള ടാങ്കുകൾ പണിയിക്കാവുന്നതാണ്. ശരാശരി അഞ്ചംഗങ്ങളുള്ള കുടുംബത്തിന് കുടിവെള്ളത്തിനും

പാചകാവശ്യങ്ങൾക്കുമായി പ്രതിദിനം നൂറുലിറ്റർ എന്ന് കണക്കാക്കിയാൽ വേനലിലെ ഏദേശം നൂറുദിവസത്തേക്ക് പതിനായിരം ലിറ്റർ ടാങ്ക് മതിയാകും. മഴക്കാലത്ത് ധാരാളമായി വെള്ളം ഉപയോഗിക്കുവാൻ കഴിയും. ടാങ്ക് പല പ്രാവശ്യം നിറയ്ക്കുവാൻ മഴക്കാലത്ത് കഴിയും. ടാങ്കിൽ നിന്ന് അധികം വരുന്ന ജലത്തെ തൊട്ടടുത്തുള്ള കിണറുകളിലേക്കോ മറ്റ് സ്ഥലങ്ങളിലോ കടത്തിവിടാവുന്നതാണ്.

ഏറ്റവും ചിലവു കുറഞ്ഞ മഴവെള്ളസംഭരണ ടാങ്കുകൾ നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യയും പരിശീലനം ലഭിച്ച മേശിരിമാരും സ്ഥാപനങ്ങളും കേരളത്തിൽ ധാരാളമായുണ്ട്. ചിക്കൻമെഷ്, വെൽഡ്മെഷ്, സിമന്റ്, മണൽ എന്നിവ ചേർത്തുണ്ടാക്കുന്ന ടാങ്കുകൾക്ക് താരതമ്യേന ചിലവ് കുറവായിരിക്കും. ഇത്തരം ടാങ്കുകളെ ഫെറോസിമന്റ് സംഭരണികൾ എന്നാണറിയപ്പെടുന്നത്. ഫെറോസിമന്റ് എന്നത് ഒരു സാങ്കേതികവിദ്യയാണ്. ഇരുമ്പ് എന്നർത്ഥം വരുന്ന ഫെറസും സിമന്റും ചേർന്നുള്ള നിർമ്മാണ രീതിക്കു പറയുന്ന പേരാണ് ഫെറോസിമന്റ് സാങ്കേതികവിദ്യ. ചിക്കൻമെഷ്, വെൽഡ്മെഷ് തുടങ്ങിയ ഇരുമ്പുകമ്പികളാണ് നാം സാധാരണയായി ഉപയോഗിക്കുന്നത്. ഇത്തരം ടാങ്കുകൾ ഭൂമിക്കടിയിലും ഭാഗികമായി ഭൂമിക്കടിയിലും ഭൂമിയുടെ ഉപരിതലത്തിലും പണിയാവുന്നതാണ്. പൈപ്പ്, ടാപ്പ്, ഹാൻഡ് പമ്പ് തുടങ്ങിയ വിവിധ മാർഗ്ഗങ്ങളുപയോഗിച്ച് ടാങ്കിൽ നിന്ന് ജലം പുറത്തെടുക്കാവുന്നതാണ്. ഫെറോസിമന്റ് ടാങ്കുകൾക്ക് ലിറ്ററിന് ശരാശരി രണ്ടുരൂപ വരെ ചിലവു വരും.

**മഴവെള്ളം കിണറുകളിലേയ്ക്ക്**

പുരപ്പുറങ്ങളിൽ വീഴുന്ന മഴവെള്ളത്തെ ശുദ്ധീകരിച്ച് കിണറുകളിലേക്ക് കടത്തിവിടാവുന്നതാണ്. മേൽക്കൂരകളിൽ നിന്നും ജലം ശേഖരിക്കുവാനുള്ള സംവിധാനം തയ്യാറാക്കി മഴവെള്ളം സംഭരിച്ച് ശുദ്ധീകരണ ടാങ്കുകളിലെത്തിക്കാവുന്നതാണ്. ശുദ്ധീകരിച്ച ജലം കിണറുകളിലേക്ക് പി.വി.സി. പൈപ്പുകളുടെ സഹായത്താൽ കടത്തിവിടാവുന്നതാണ്. ശുദ്ധീകരണത്തിനായി മണൽ, ചല്ലി, കരി, കല്ല് എന്നിവയാണ് ഉപയോഗിക്കുന്നത്. ശുദ്ധീകരണസംവിധാനമില്ലാതെയാണെങ്കിലും കിണറുകളെ ജലസമ്പന്നമാക്കാം. കിണറുകൾക്കു സമീപം മണ്ണിൽ ചെറിയ കുഴികളെടുത്ത് അവയിൽ മഴവെള്ളം ശേഖരിച്ചാലും കുറേശ്ശെ മണ്ണിലൂടെ അരിച്ചിറങ്ങി കിണറുകളിലെത്തുന്നതാണ്. ശേഖരിക്കുന്നതിന്റെ ചെറിയൊരു ഭാഗം മാത്രമേ കിണറിലെത്തുകയുള്ളൂ. കുറേഭാഗം മണ്ണിൽ കാണുന്നതാണ്. എന്തായാലും ശുദ്ധീകരണ സംവിധാനമില്ലാതെ നേരിട്ട് കിണറുകളിലേക്ക് ജലം കടത്തിവിടാതിരിക്കുന്നതാണ് നല്ലത്. കിണറുകൾക്കു സമീപം കുഴികളെടുത്തും രാമച്ചം പോലുള്ള ചെടികൾ വച്ചുപിടിപ്പിച്ചും ഭൂമിയിൽ പരമാവധി ജലം താഴുവാൻ അനുവദിച്ചും കിണറുകളിലേക്ക് അധികജലമെത്തിക്കാവുന്നതാണ്. മഴവെള്ള ടാങ്കുകൾ നിർമ്മിച്ചാൽ അധികജലം കിണറ്റിലേക്ക് കടത്തേണ്ടതാണ്.



**ജൂണിലെ മഴയെ തളയ്ക്കുവാൻ മേയ് മാസത്തിലേ പ്രവർത്തനങ്ങൾ ആരംഭിക്കണം. പഞ്ചായത്തുതല, വാർഡുതല, ഗ്രൂപ്പുതല യോഗങ്ങൾ ചേർന്ന് കർമ്മപരിപാടി തയ്യാറാക്കണം. കുളം വൃത്തിയാക്കൽ, മഴക്കുഴി നിർമ്മാണം, വൃക്ഷത്തൈ നടീൽ, മഴവെള്ള സംഭരണികളുടെ നിർമ്മാണം, മറ്റ് ജലസംരക്ഷണമാർഗ്ഗങ്ങളുടെ തയാറെടുപ്പ് തുടങ്ങിയ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.**

**സിൽപ്പോളിൻ കുളങ്ങൾ**

കാർഷികാവശ്യങ്ങൾക്ക് ജലം ശേഖരിക്കുന്നതിനായി സിൽപ്പോളിൻ ഉപയോഗിച്ച് കൃത്രിമ കുളങ്ങൾ നിർമ്മിക്കാവുന്നതാണ്. ശരാശരി ലിറ്ററിന് വളരെ കുറഞ്ഞ ചിലവ് മാത്രമേ വരികയുള്ളൂ. ആവശ്യമായ ജലത്തിനനുസരിച്ചുള്ള കുഴി കുളത്തിന്റെ ആകൃതിയിൽ നിർമ്മിച്ച് സിൽപ്പോളിൻ വിരിച്ച് ഉറപ്പിക്കുകയാണ് ചെയ്യുന്നത്. മധ്യകേരളത്തിൽ കാർഷികാവശ്യത്തിനായി ഇത്തരം രീതികൾ വ്യാപകമായി ഉപയോഗിക്കുന്നു.

**ജലസംഭരണികൾ**

കുളങ്ങൾ, ഉപേക്ഷിക്കപ്പെട്ട കരിങ്കൽ കളങ്ങൾ, പാറമടകൾ, കിണറുകൾ എന്നിവ ജലസംഭരണികളായി ഉപയോഗിക്കാവുന്നതാണ്. പാറമടകൾ എല്ലാവശവും കെട്ടി സംരക്ഷിച്ചാൽ നല്ലൊരു ജലസംഭരണസംവിധാനമായി ഉപയോഗിക്കാവുന്നതാണ്. പറമ്പുകളിലും താഴ്‌വരപ്രദേശങ്ങളിലും ജലം ശേഖരിക്കുവാനായി "ഊർന്നിറങ്ങൽ കുളങ്ങൾ" നിർമ്മിക്കാവുന്നതാണ്. ഇത്തരം കുളങ്ങളിൽ ശേഖരിക്കുന്ന വെള്ളം കാർഷികാവശ്യങ്ങൾക്കും ശുദ്ധീകരിച്ച് കുടിവെള്ളത്തിനും ഉപയോഗിക്കാവുന്നതാണ്. നഗരങ്ങളിലെ കെട്ടിടങ്ങളിലെ ജലം ശുദ്ധീകരിച്ച് കുളങ്ങളിലേക്ക് കടത്തിവിടുന്നതിലൂടെ വെള്ളപ്പൊക്കം തടയുവാനും കുളങ്ങളിലെ ജലനിരപ്പ് വർദ്ധിപ്പിക്കുവാനും കഴിയുന്നു.



*ഫെറോസിമന്റ് ടാങ്ക്*

മഴവെള്ളം പരമാവധി ഭൂമിയിൽ ഇറങ്ങുവാൻ വിവിധങ്ങളായ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ഭൂമിയെ തട്ടുകളായി തിരിക്കുക, നീരൊഴുക്കിന്റെ വേഗത കുറയ്ക്കുവാനുള്ള തടയണകളുടെ നിർമ്മാണം, പരമാവധി വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുക, കുളങ്ങളുൾപ്പെടെയുള്ള പ്രകൃതിദത്ത ജലസംഭരണികൾ പരമാവധി വൃത്തിയാക്കുകയും മഴവെള്ളത്തെ ശേഖരിക്കുവാനുള്ള മാർഗ്ഗമായി ഉപയോഗിക്കുകയും ചെയ്യുക തുടങ്ങിയ ചെറുതും വലുതുമായ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ മുന്നിലുണ്ട്. പറമ്പുകളിൽ വീഴുന്ന വെള്ളത്തെ അതാതിടങ്ങളിൽ പരമാവധി താഴ്ത്തുവാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലൂടെ ഭൂഗർഭജലസമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്. മണ്ണിൽ കൂടുതൽ ജലാംശം ശേഖരിക്കുവാൻ നീർക്കുഴികൾ പോലുള്ള സംവിധാനത്തിലൂടെ കഴിയുന്നതാണ്. മഴവെള്ളത്തെ നേരിട്ട് സംഭരിക്കുവാനും ഭൂമിയിലേക്ക് കടത്തിവിടുവാനും നിരവധി മാർഗ്ഗങ്ങളിലൂടെ കഴിയുന്നതാണ്. ഓടുന്ന വെള്ളത്തെ നടത്തിയും നടക്കുന്നവയെ നിറുത്തിയും നിൽക്കുന്നവയെ ഇരുത്തിയും ഇരിക്കുന്നവയെ കിടത്തിയും കിടക്കുന്നവയെ ഉറക്കിയും പരമാവധി ജലം ഭൂമിയിൽ തങ്ങുവാനുള്ള സാഹചര്യം ഉണ്ടാക്കുകയെന്നതാണ് പ്രധാനം. ഉപരിതലനീരൊഴുക്ക് കുറയ്ക്കുവാനും ഭൂഗർഭത്തിലുൾപ്പെടെ ധാരാളം ജലം സംഭരിക്കുവാനും കഴിയണം. ഓരോ ഭൂമിക്കുമനുയോജ്യമായ പ്രവർത്തനമാണ് ഏറ്റെടുക്കേണ്ടത്.

**മേയ് – ഒരു മുന്നൊരുക്ക കാലം**

ജൂണിലെ മഴയെ തളയ്ക്കുവാൻ മെയ് മാസത്തിലേ പ്രവർത്തനങ്ങൾ ആരംഭിക്കണം. പഞ്ചായത്തുതല, വാർഡുതല, ഗ്രൂപ്പുതല യോഗങ്ങൾ ചേർന്ന് കർമ്മപരിപാടി തയ്യാറാക്കണം. വിവിധ തലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം നൽകാവുന്നതാണ്. കഴിയുമെങ്കിൽ ഒരു പ്രത്യേക ദിവസം കണക്കാക്കി പഞ്ചായത്തിലാകെ വിവിധ പരിപാടികൾ നടപ്പിലാക്കാവുന്നതാണ്. കുളം വൃത്തിയാക്കൽ, മഴക്കുഴി നിർമ്മാണം, വൃക്ഷതൈ നടീൽ, മഴവെള്ള സംഭരണികളുടെ നിർമ്മാണം, മറ്റ് ജലസംരക്ഷണമാർഗ്ഗങ്ങളുടെ തയാറെടുപ്പ് തുടങ്ങിയ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. എൻ.സി.സി, എൻ.എസ്.എസ്, കുടുംബശ്രീ, നെഹ്റു യുവക് കേന്ദ്ര, ലൈബ്രറികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവരെ കൂട്ടിയോജിപ്പിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

പ്രകൃതിയുടെ സുകൃതമാണ് മഴ. നമ്മുടെ നിലനിൽപ്പിനാധാരമായ ഒന്നുകൂടിയാണത്. പരമാവധി മഴയെ നമുക്ക് കൈകാര്യം ചെയ്യാനാവണം. ഈ വരുന്ന മഴക്കാലങ്ങളിൽ നാം എത്ര മഴവെള്ളത്തെ കരുതി എന്നതിനനുസരിച്ചായിരിക്കും രണ്ടായിരത്തി എട്ടിലെ വരൾച്ചയെ പ്രതിരോധിക്കാനാവുന്നത്. ജലസംഭരണത്തിലൂടെ താൽക്കാലികമായി കുടിവെള്ളത്തിനും കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജലം എന്നതിനോടൊപ്പം ദീർഘകാലത്തിൽ വരൾച്ചയെയും വെള്ളപ്പൊക്കത്തെയും നിയന്ത്രിക്കുവാനും കഴിയുമെന്ന് നാം തിരിച്ചറിയണം. നീർത്തടാധിഷ്ഠിത വികസനവും മഴവെള്ള സംഭരണവും പഞ്ചായത്തുകളുടെ പ്രധാന മേഖലകളാണ്. മഴയെ തളയ്ക്കുവാനും വേനലിന്റെ വറുതിയെ വരുതിയിലാക്കാനും നമ്മുടെ മുന്നിൽ നിരവധി മാർഗ്ഗങ്ങളുണ്ട്. സാങ്കേതിക വിദ്യകൾ ലഭ്യമാണ്. നിരവധി സംഘടനാസംവിധാനങ്ങളുടെ സാദ്ധ്യതയും വലുതാണ്. ഇവയെല്ലാം കൈമുതലാക്കി മേയ്മാസം മുന്നൊരുക്കങ്ങൾക്കായി മാറ്റിവയ്ക്കണം. മേയ്–ജൂൺ മാസങ്ങൾ ക്കുള്ള പ്രവർത്തന പരിപാടിയും തയ്യാറാക്കി നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. മഴയെ വരവേൽക്കുവാൻ നമുക്ക് മണ്ണൊരുക്കാം. അവയ്ക്കായി ആദ്യമായി മനസ്സൊരുങ്ങാം. "ഇന്നു കൊയ്യും നീർക്കതിരുകൾ നാളെയുടെ നിലനിൽപ്പിനായ്."

കാലവർഷമേ സുസ്വാഗതം.

*(ലേഖകൻ 'മഴകേന്ദ്രം' സ്റ്റേറ്റ് മാനേജരാണ്.)*

*കൂടുതൽ വിവരങ്ങൾക്ക്:-*

Ph: 0471-2337002, Mob: 9847547881
E-mail: subhashchandrabosss@yahoo.com

സി.വി. ജോയി

# 'നൂറ് പണി' വയനാടൻ ജനതയ്ക്ക് ഒരു കൈത്താങ്ങാവുന്നു

വയനാടിന്റെ ദുരിതാവസ്ഥയായിരുന്നു ഇന്ത്യയിലെ 100 ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ അതിലൊരു ജില്ലയായി തിരഞ്ഞെടുക്കപ്പെടുവാൻ പ്രാപ്തമാക്കിയത്. കാർഷിക വിളകളുടെ വില തകർച്ച, കർഷക ആത്മഹത്യ, കാർഷിക തൊഴിലാളികളുടെ ദുരിതാവസ്ഥ എന്നീ പ്രശ്നങ്ങളാൽ ജനജീവിതം വഴിമുട്ടിയപ്പോൾ ഒരു ആശ്വാസമായിട്ടാണ് തൊഴിലുറപ്പ് പദ്ധതി ഈ ജില്ലയിൽ നടപ്പാക്കിയത്.

വയനാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് തൊഴിലുറപ്പ് പദ്ധതി പര്യാപ്തമാകുമോ എന്നതായിരുന്നു തുടക്കത്തിലുണ്ടായിരുന്ന ആശങ്ക. ഉത്തരേന്ത്യൻ ജീവിതസാഹചര്യങ്ങൾക്ക് അനുസൃതമായി രൂപീകരിക്കപ്പെട്ട ഈ കേന്ദ്രാവിഷ്കൃത പദ്ധതി തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളുള്ള കേരളത്തിൽ എത്രമാത്രം ഫലപ്രദമാകും എന്നതായിരുന്നു മറ്റൊരു പ്രശ്നം. ചെറുകിട പരിമിത കർഷകർക്ക് ഈ പദ്ധതി ഏതു രീതിയിൽ പ്രയോജനപ്പെടുമെന്നും ആശങ്ക ഉയർന്നു.

കൃത്യമായ ആസൂത്രണത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങളുടെയും ഗവൺമെന്റ് തലത്തിൽ സമയാസമയങ്ങളിൽ നടത്തിയ ഇടപെടലുകളുടെയും ഫലമായി പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഒരു പരിധിവരെ മറികടക്കുവാൻ കഴിഞ്ഞു.

വയനാട്ടിലെ തിരഞ്ഞെടുത്ത 11 ഗ്രാമപഞ്ചായത്തുകളിൽ ഓരോ പ്രവൃത്തി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുകയാണ് ആദ്യം ചെയ്തത്. മാതൃകകളില്ലാത്ത ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും പരിമിതികളും മനസ്സിലാക്കുവാനാണ് പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയത്. ഈ പരീക്ഷണത്തിൽ നിന്നും ലഭിച്ച തിരിച്ചറിവുകളുടെ പിൻബലത്തിലാണ് മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും അടുത്ത ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കിയത്.

ഈ പദ്ധതിയിൽ തൊഴിലെടുക്കുവാൻ താത്പര്യമുള്ള മുഴുവൻ പേരെയും രജിസ്റ്റർ ചെയ്യുകയാണ് ആദ്യപടിയായി ചെയ്തത്. 95896 കുടുംബങ്ങളെ ഇങ്ങനെ രജിസ്റ്റർ ചെയ്യുവാൻ കഴിഞ്ഞു. ഇതിൽ 61325 കുടുംബങ്ങളാണ് തൊഴിൽ കാർഡുകൾ കൈപ്പറ്റിയത്. തൊഴിലില്ലായ്മ വേതനം കിട്ടുമെന്ന വിചാരത്തിൽ രജിസ്റ്റർ ചെയ്യുകയും എന്നാൽ വെള്ള

* *സുഗന്ധഗിരിയിലെ ഒരു ആദിവാസി അമ്മയാണ് തൊഴിലുറപ്പ് പദ്ധതിയെ 100 പണി പദ്ധതിയെന്ന് വിശേഷിപ്പിച്ചത്.*

ക്കോളർ ജോലിക്ക് കാത്തിരിക്കുകയും ചെയ്യുന്ന തൊഴിലന്വേഷകർ, വിദ്യാർത്ഥികൾ എന്നിവരാണ് ഇനിയും പ്രധാനമായും കാർഡുകൾ കൈപ്പറ്റുവാനുള്ളത്. പദ്ധതിയെക്കുറിച്ച് നടത്തിയ വ്യാപകമായ പ്രചരണ പരിപാടികളാണ് ആകെ ജനസംഖ്യയിൽ പത്തിലൊന്ന് പേർ ഇതിൽ രജിസ്റ്റർ ചെയ്യുവാനിടയാക്കിയത്. 24855 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ രജിസ്റ്റർ ചെയ്തു.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ ലോബിയെ പൂർണ്ണമായി ഒഴിവാക്കാനായതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. ഗുണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തികൾ ഏറ്റെടുത്തുകൊണ്ട് കരാറുകാരെ ഒഴിവാക്കുകയെന്നത് 9-ാം പദ്ധതി മുതലേ ജനകീയാസൂത്രണത്തിന്റെയും കേരള വികസന പദ്ധതിയുടെയും അടിസ്ഥാന ലക്ഷ്യമായിരുന്നു. എന്നാൽ ഒളിഞ്ഞും തെളിഞ്ഞും ബിനാമികളായി കരാറുകാർ ഗുണഭോക്തൃ സമിതികളുടെ ലേബലിൽ രംഗത്ത് വന്നത് ഒരു തികഞ്ഞ വെല്ലുവിളിയായിരുന്നു.

കുടുംബശ്രീ അയൽക്കൂട്ട ഭാരവാഹികളെ മേൽനോട്ടക്കാരായി നിയമിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കുകയെന്ന പുത്തൻ രീതിയാണ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ പരീക്ഷിക്കപ്പെട്ടത്. 50 തൊഴിലാളികൾക്ക് ഒരാൾ വീതം മേൽനോട്ടക്കാരായി തിരഞ്ഞെടുക്കപ്പെട്ടു. തൊഴിലാളികളുടെ തൊഴിൽ കാർഡുകൾ സൂക്ഷിക്കുക, മസ്റ്റർ റോളിൽ ആവശ്യമായ ഒപ്പുകൾ പതിപ്പിക്കുക, എസ്റ്റിമേറ്റ് പ്രകാരം ജോലികൾ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക, ആവശ്യക്കാർക്ക് മരുന്നും ഫസ്റ്റ് എയ്ഡ് സൗകര്യങ്ങളും ലഭ്യമാക്കുക മുതലായ ചുമതലകൾ നിർവ്വഹിക്കേണ്ടത് കുടുംബശ്രീ അയൽക്കൂട്ട ഭാരവാഹിയാണ്. മറ്റ് തൊഴിലാളികൾക്ക് ലഭിക്കുന്ന അത്രയും കൂലി തന്നെ ഇവർക്കും ലഭിക്കും. വയനാട് ജില്ലയിൽ മാത്രം 639 അയൽക്കൂട്ട ഭാരവാഹികൾ ഇപ്പോൾ മേൽനോട്ടക്കാരുടെ ചുമതലകൾ വഹിക്കുന്നുണ്ട്. തികച്ചും സ്തുത്യർഹമായ രീതിയിലാണ് ഇവർ ഈ ചുമതല നിർവഹിക്കുന്നത്.

തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം നൽകുന്നുവെന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രത്യേകത. മസ്റ്റർ റോളുകളിൽ കള്ള ഒപ്പുകൾ പതിച്ച് ബിനാമി കരാറുകാർ പണം തട്ടിയെടുക്കുന്നത് പൂർണ്ണമായി ഒഴിവാക്കുന്നതിനാണ് ഈ രീതി അവലംബിച്ചിരിക്കുന്നത്. ഓരോ 14 ദിവസം കഴിയുമ്പോഴും മസ്റ്റർ റോളുകൾ പരിശോധിച്ചും പൂർത്തീകരിച്ച പ്രവൃത്തിയുടെ അളവ് തിട്ടപ്പെടുത്തിയും ഓരോ തൊഴിലാളിക്കും ലഭിക്കേണ്ട കൂലി കണക്കാക്കുന്നു. ഓരോ തൊഴിലാളിയുടെയും അക്കൗണ്ടിലേയ്ക്ക് ഈ തുക ചെക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്നു. തൊഴിലാളികൾക്ക് ആവശ്യമുള്ളപ്പോൾ ഈ തുക പിൻവലിക്കാം. 33079 അക്കൗണ്ടുകളാണ് വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ളത്. 5 കോടി 11 ലക്ഷം രൂപ ഈ അക്കൗണ്ടുകളിലൂടെ കഴിഞ്ഞ 3 മാസത്തിനുള്ളിൽ വിതരണം നടത്തി കഴിഞ്ഞു.

ഓരോ ദിവസവും ലഭിക്കുന്ന കൂലി അന്നുതന്നെ ചെലവായി തീരുന്നില്ലായെന്നതാണ് ഈ രീതിയുടെ ഏറ്റവും പ്രധാന നേട്ടം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലന്വേഷകരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. സ്ത്രീ തൊഴിലാളികൾ ഭൂരിഭാഗവും മുഴുവൻ കൂലിയും പിൻവലിക്കുന്നില്ലായെന്നതാണ് അനുഭവം.

ഈ പദ്ധതിയിലൂടെ സ്ത്രീ ശാക്തീകരണത്തിലും ജനങ്ങളുടെ കൂട്ടായ്മയിലും ജനപങ്കാളിത്തത്തിലും പുത്തൻ മാതൃകകൾ സൃഷ്ടിക്കപ്പെടുകയാണ്. പദ്ധതിയാസൂത്രണത്തിലും നടത്തിപ്പിലും ഇതുവരെ കേരളത്തിന് അന്യമായിരുന്ന ഈ നൂതന മാതൃകകൾ കേരളത്തിലെ മറ്റ് ജില്ലകളിലേയ്ക്കും എസ്.ജി.ആർ.വൈ പദ്ധതിയിലൂടെ വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ.

*(ലേഖകൻ വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടറാണ്.)*

# ജനകീയ കൂട്ടായ്മ
# തഴുപ്പയിൽ കുടിനീർ എത്തി

**പനച്ചിക്കൽ അശോകൻ**

**പ**രമ്പരാഗതമായ ശുദ്ധജല സ്രോതസ്സുകളെ പ്രായോഗിക കാഴ്ചപ്പാടോടെ പ്രവർത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുകയാണ് തഴുപ്പ നിവാസികൾ. നമ്മുടെ പൂർവ്വികർ സംരക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്ന കുളങ്ങൾ സംരക്ഷിച്ചാൽ ഒരു പരിധിവരെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നതിന് തെളിവാണ് കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ തഴുപ്പ ഗ്രാമം. ഇന്ന് ഗ്രാമവാസികൾക്ക് ശുദ്ധജലത്തിനായി ദൂരെ പോകേണ്ട. കൈയെത്തും ദൂരത്ത് ശുദ്ധമായ ജലമുണ്ട്.

ആലപ്പുഴ ജില്ലയിലെ തീരദേശ പഞ്ചായത്താണ് കുത്തിയതോട് ഗ്രാമപഞ്ചായത്ത്. പടിഞ്ഞാറുഭാഗം അറബിക്കടലും കിഴക്കും വടക്കും ഭാഗങ്ങൾ വേമ്പനാട്ട് കായലിന്റെ കൈവഴികളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഉപ്പുവെള്ള ഭീഷണി ഏറെയുള്ള പ്രദേശമാണ് കുത്തിയതോട്. വേനൽക്കാലമായാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. വാട്ടർ അതോറിട്ടിയുടെ ജലവിതരണം ഉണ്ടെങ്കിലും ഫലപ്രദമല്ലാത്ത അവസ്ഥയാണ്. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വണ്ടിയിൽ വിതരണം ചെയ്യുന്ന വെള്ളത്തിന് ഗുണനിലവാരമില്ല എന്ന പരാതിയും നിലനിൽക്കുന്നു.

മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉള്ള കുളങ്ങൾ വെട്ടി വൃത്തിയാക്കി ജനങ്ങൾ സംരക്ഷിച്ചിരുന്നു. എന്നാൽ ഇന്ന് ശുദ്ധജലം ലഭിച്ചുകൊണ്ടിരുന്ന പല കുളങ്ങളും സംരക്ഷിക്കപ്പെടാതെയും പരിസ്ഥിതി വിരുദ്ധ പ്രവർത്തനത്തിലൂടെയും നശിച്ചുകൊണ്ടിരിക്കുന്നു.

കിണറും ബോർവെല്ലും വ്യാപകമായതോടുകൂടി കുളങ്ങൾ ശ്രദ്ധിക്കാതെയായി. ഇപ്പോൾ കുളം സംരക്ഷിക്കുകയെന്നത് ഭാരിച്ച ചെലവുമായി.

പഞ്ചായത്തിലെ തഴുപ്പ പ്രദേശം മൂന്നുവശവും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടതാണ്. വേനൽ കടുത്തതോടുകൂടി ശുദ്ധജല ദൗർലഭ്യവും ഉണ്ട്. ശുദ്ധജലത്തിനായി വളരെ ദൂരെ താണ്ടേണ്ട സാഹചര്യം ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കി.

ഈ സാഹചര്യത്തിലാണ് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് തഴുപ്പു പ്രദേശത്ത് പ്രവർത്തിക്കുന്ന പുരുഷ സ്വയംസഹായ സംഘങ്ങളുമായി സഹകരിച്ച് ശുദ്ധജലം ലഭിക്കുന്ന കുളങ്ങൾ വെട്ടി വൃത്തിയാക്കാൻ തീരുമാനിച്ചത്. കുളങ്ങളുടെ ഉടമസ്ഥരെ കണ്ട് അനുവാദം വാങ്ങി കുളം വെട്ടുക, സംരക്ഷിക്കുക എന്നീ ചുമതലകൾ പുരുഷ സ്വയംസഹായ സംഘങ്ങൾ ഏറ്റെടുത്തു. വാർഡിന്റെ വിവിധ ഭാഗങ്ങളിലായി നാല് കുളങ്ങൾ വൃത്തിയാക്കാൻ മൂന്ന് സംഘങ്ങൾ സജീവമായി പ്രവർത്തിച്ചു. ഭാരിച്ച ചെലവു വരുന്ന പ്രവർത്തി സന്നദ്ധ സേവനം വഴി ചെയ്യുകയും അത് ഒരു പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുകയും ചെയ്തു.

*(ലേഖകൻ കുത്തിയതോട് ഗ്രാമപഞ്ചായത്ത് മെമ്പറാണ്.)* ●



വി.വി. കുരിയൻ

**ഭാര്യപുത്രാദികൾ കൂടെയുള്ളതു കൊണ്ടുമാത്രം 'കുടുംബം' രൂപപ്പെടുന്നില്ലെന്ന് ലേഖകൻ വിശ്വസിക്കുന്നു. അവിടം നന്മയുടെ വിളനിലമാകണം. തുമ്പം (ദുഃഖം) അകന്ന് ഇമ്പം (സന്തോഷം) വിളയാടണം. അഥവാ, കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം. ഈ സമവാക്യം ഇന്നും സാർത്ഥകമാണ്, എക്കാലത്തും പ്രസക്തവുമാണ്.**

# കൂടുമ്പോൾ ഇമ്പമുണ്ടാകുന്നത് = കുടുംബം

'വീട്' 'കുടുംബം' എന്നെല്ലാം പറയുമ്പോൾ നാം എന്താണുദ്ദേശിക്കുക? അങ്ങനെ കേൾക്കുമ്പോൾ എന്താണ് മനസ്സിലാക്കുക?

പെട്ടെന്ന് ഉത്തരംപറയാൻ ബുദ്ധിമുട്ടുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അത് മനസ്സിലാക്കാം. അതേ സമയം, ഇതിനെ ഗൗരവമായി കാണാൻ ചിലർ താൽപര്യം കാണിച്ചില്ലെന്ന് വരും. ഇത്തരം ചോദ്യംതന്നെ മണ്ടത്തരമായി കാണുന്നവരും ധാരാളമുണ്ടാകും. വേറെ ചിലർ ഇങ്ങനെ ആത്മഗതം ചെയ്തേക്കാം, "വല്ല കുസൃതി ചോദ്യമായിരിക്കുമോ?" ('ക്ലൂ'വിന്റെയും 'കുസൃതിചോദ്യ' ങ്ങളുടെയും കാലമാണല്ലോ ഇത്!)

ഇഴചേർന്നുകിടക്കുന്ന സുന്ദരങ്ങളായ ആശയങ്ങൾ ഇതിൽ അന്തർലീനമായിരിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള വാക്കുകളിലൂടെ അല്പനേരം സഞ്ചരിച്ചു നോക്കാം.

"വീട്" എന്നതിനു home (ഹോം), house (ഹൗസ്) എന്നീ വാക്കുകൾ ഇംഗ്ലീഷിലുണ്ട്. ഇവയിൽ home എന്ന വാക്കിന് 'വീട്; കുടുംബം' എന്നും house എന്നതിന് 'വീട്, ആലയം, മന്ദിരം' (പൊതുവെ കെട്ടിടം) എന്നുമാണ് അർത്ഥങ്ങൾ. അതിനാൽ house എന്നതിന്റേതിൽ നിന്ന് വ്യത്യസ്തമായൊരു അർത്ഥതലം home എന്നു പ്രയോഗിക്കുമ്പോഴുണ്ടാകുന്നുവെന്നു കരുതുന്നു.

'വീട്' എന്ന മലയാളവാക്കിന്റെ അർത്ഥവും അതിൽ നിന്നു ലഭിക്കുന്ന ആശയത്തിന്റെ ആഴവും, പരപ്പും മനസ്സിലാക്കാൻ നമുക്കു ശ്രമിക്കാം.



> പ്രേമിക്കുന്നവർ ഹൃദയം തുറക്കുന്നു, പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കുന്നു, അതിനനുവദിക്കുന്നു. കഴിവുകളും കഴിവുകേടുകളും, ഇഷ്ടാനിഷ്ടങ്ങളും, ബലവും ബലഹീനതയും പരസ്പരം മനസ്സിലാക്കാൻ സാധിക്കുന്നു. അങ്ങനെയായാലേ ആ ബന്ധം പ്രേമമാകൂ.

1. ഭവനം, പാർപ്പിടം എന്ന അർഥങ്ങൾ 'വീട്' എന്ന വാക്കിനുണ്ട്. വിടുന്നത്, നശിക്കുന്നത്, വിട്ടുപോകേണ്ടത് എന്ന ആശയങ്ങളാണ് 'വീട്' എന്ന പ്രയോഗത്തിനുള്ളത്. നാം അന്ത്യയാത്ര പറഞ്ഞ് വിട്ടുപോകണം എന്ന യാഥാർത്ഥ്യത്തെ 'വീട്' നമ്മെ ഓർമ്മിപ്പിക്കുന്നു.
2. 'ഭവനം' എന്നവാക്കിന്റെ ആശയം 'ജനിക്കുന്നിടം' (ജനനം = ഭവിക്കൽ) എന്നാണ്.
3. നാം സാധാരണ ഉപയോഗിക്കുന്ന മറ്റൊരുവാക്കാണ് 'ഗൃഹം'. സകലരാലും ഗ്രഹി (സ്വീകരി)ക്കപ്പെടുന്നു എന്ന ആശയമാണിതിന്.
4. 'ആലയം' എന്നായാലോ? സ്വകാര്യമായി ഇരിക്കാനുള്ളത് എന്നാണിതിനർത്ഥം.
5. 'ഇവിടെ വസിക്കുന്നതിനാൽ' എന്ന ആശയത്തിൽ 'വസതി' എന്നു നാം പ്രയോഗിക്കുന്നു.
6. 'സ്ഥിരമായ പാർപ്പിടം' എന്ന ആശയം ലഭിക്കുന്നതും 'ഭവനം' എന്നു അർത്ഥമുള്ളതുമായ വാക്കുകളാണ് 'നിവസനം', 'നിവസതി' എന്നിവ.

ഇവയിൽനിന്നെല്ലാം മനസ്സിലാകുന്ന വസ്തുതയാണ്, വീടാകണമെങ്കിൽ അതിൽ വസിക്കുന്നവരുണ്ടാകുമെന്നത്. മറിച്ചായാലോ? ആത്മാവില്ലാത്ത, ജീവനില്ലാത്ത ശരീരം (ജഡം) പോലെ; കല്ല്, മണ്ണ്, മരം തുടങ്ങിയ വസ്തുക്കൾ അടങ്ങിയ വെറുമൊരു പഞ്ജരം.

'ഭാര്യപുത്രാദികൾ (കൂടെയുള്ളത്)' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന 'കുടുംബം' എന്ന വാക്കിന് വീട് എന്നൊരു അർത്ഥം കൂടിയുണ്ട്.

മേൽപ്പറഞ്ഞവയിൽ അടങ്ങിയിരിക്കുന്ന കേന്ദ്ര ആശയമിതാണ്. വീടെന്നാൽ ജീവൻ തുടിക്കുന്നിടമാണ്, ഓജസ്സുറ്റതാണ്, നാം ജനിക്കുന്നിടമാണ്, കുടുംബം വസിക്കുന്നിടമാണ്. അതേസമയം, ഒരുനാൾ നാം വിട്ടു പോകേണ്ടതും.

### വിവാഹമെന്ന അടിത്തറ

അച്ഛൻ, അമ്മ, മക്കൾ - സാങ്കേതികമായി ഇതൊരു കുടുംബമാണ്. എന്നാൽ കുടുംബത്തിന്റെ അടിത്തറ വിവാഹബന്ധവും വിവാഹബന്ധത്തിന്റെ അടിത്തറ പ്രേമവുമാണ്. ഈ ആശയം പലർക്കും ദഹനക്കേടു വരുത്തിവച്ചേക്കാം. പ്രത്യേകിച്ച് സ്ത്രീപക്ഷവാദികൾക്ക്.

മുൻപൊരിക്കലും കണ്ടിട്ടില്ലാത്ത, സംസാരിച്ചിട്ടില്ലാത്ത വ്യക്തികളാണ് ദമ്പതികളിൽ ഭൂരിഭാഗവും. എന്നിരുന്നാലും വിവാഹം മുതൽ അവരിൽ പ്രേമം അങ്കുരിക്കുന്നു. ഒന്നോർക്കണം, പ്രേമമെന്നാൽ കാമമല്ല (lust).

പുരുഷനും, സ്ത്രീയും അടുത്തിടപഴകിയാൽ അതിനെ പ്രേമമായി ദുർവ്യാഖ്യാനിക്കുന്ന പ്രവണത ഇക്കാലത്തും പലരിലുമുണ്ട്. മനുഷ്യബന്ധത്തെ ശരിയായ കോണിൽ നിന്നു വീക്ഷിക്കാത്തതിന്റെ പോരായ്മയാണത്.


വളരെയേറെപേരെ പരിചയമുള്ള നമുക്ക് അവരിൽ കുറെ പേരുമായി സൗഹൃദമുണ്ടാകും. അക്കൂട്ടത്തിൽ ചിലരോടുള്ള സൗഹൃദത്തിനു തീവ്രത കൂടാം. അവരെ ആത്മാർത്ഥമായി സ്നേഹിക്കുന്നു (ഗാഢസൗഹൃദം) വെന്നു പറയാം. സ്ത്രീയും പുരുഷനും തമ്മിലാണ് ഇത്തരം ബന്ധമെങ്കിൽ അതു പ്രേമമായി പരിണമിക്കുന്നു. പ്രേമിക്കുന്നവരുടെ ലോകത്ത് അവർ രണ്ടുപേർക്കു മാത്രമെ ഇടമുണ്ടാകൂ. അതായത്, താൻ പ്രേമിക്കുന്ന പുരുഷന്റെ ജീവിതത്തിൽ മറ്റൊരുസ്ത്രീ, അല്ലെങ്കിൽ താൻ പ്രേമിക്കുന്ന സ്ത്രീയുടെ ജീവിതത്തിൽ മറ്റൊരുപുരുഷൻ - ഇത് അവർക്ക് അചിന്ത്യമാണ്.

പ്രേമിക്കുന്നവർ ഹൃദയം തുറക്കുന്നു, പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കുന്നു, അതിനനുവദിക്കുന്നു. കഴിവുകളും കഴിവുകേടുകളും, ഇഷ്ടാനിഷ്ടങ്ങളും, ബലവും ബലഹീനതയും പരസ്പരം മനസ്സിലാക്കാൻ സാധിക്കുന്നു. അങ്ങനെയായാലേ ആ ബന്ധം പ്രേമമാകൂ.

ഈ അവസ്ഥയാണ് ദമ്പതികളിൽ ഉണ്ടാകേണ്ടത്. അപ്പോളവർക്ക് പരസ്പരം താങ്ങാനും ആശ്വസിപ്പിക്കാനും, ഇണയും തുണയുമാകാനും കഴിയുന്നു. അവരുടെയിടയിൽ അസ്വാരസ്യങ്ങളില്ല, സംശയങ്ങളില്ല. മറിച്ച്, വിശ്വസ്തത പുലരുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സ്നേഹിക്കുന്ന വ്യക്തിയും സ്നേഹിക്കപ്പെടുന്ന വ്യക്തിയും മാത്രമായാൽ വിവാഹം വിജയിക്കില്ല. പിന്നെയോ, അവരുടെ മദ്ധ്യേ

സ്നേഹത്തിന്റെ സാന്നിദ്ധ്യം കൂടി ഉണ്ടാകണം. സ്നേഹം ദൈവികമാണ്. ഇത്തരം അവസ്ഥയെ ട്രൈയൂൺ (triune) എന്നാണ് ന്യൂയോർക്കിലെ ആർച്ച് ബിഷപ്പായിരുന്ന ഫുൾട്ടൺ ജെ.ഷീൻ തന്റെ 'ത്രീ റ്റു ഗെറ്റ് മാരീഡ്' (Three to get married' - Fulton J. Seheen) എന്ന ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്നത്. (ഒന്നിൽ മൂന്നായി കാണപ്പെടുന്ന, ത്രിത്വഭാവത്തോടു കൂടിയ ഏകമൂർത്തി എന്നാണ് triune എന്നവാക്കിന്റെ അർത്ഥം).



ആസ്തികരുടെ ഭവനങ്ങളിൽ മുടങ്ങാതെ സന്ധ്യാ പ്രാർത്ഥനാധ്വനി ഉയർന്നിരുന്നു. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കുന്നു എന്ന പ്രമാണം അവരെ നയിച്ചു. ഇന്നാണെങ്കിലോ? ഈ സമയം ചാനലുകാർ കയ്യടക്കി.

'വിവാഹം' എന്ന വാക്കിന്റെ അർത്ഥതലങ്ങൾ കൂടി അറിയുക രസാവഹമായിരിക്കും.

മാട്രിമോണിയം (Matrimonium) എന്ന വാക്കിൽ നിന്നാണ് മാട്രിമണി (Matrimony) എന്ന വാക്കിന്റെ ഉത്ഭവം. Mater (mother അമ്മ), munus (ദൗത്യം) എന്ന പദങ്ങളുടെ സങ്കലിതരൂപമാണ് matrimonium. അതിനാൽ അമ്മയുടെ ദൗത്യം ഏറ്റെടുക്കുന്ന ജീവിതാന്തസ്സ് എന്ന ആശയം ലഭിക്കുന്നു. കൂടാതെ, mater, munien (protection സംരക്ഷണം) എന്നീ പദങ്ങളിൽ നിന്നാണ് ഈ വാക്കുണ്ടായതെന്നു കരുതുകയാണെങ്കിൽ, 'അമ്മയെ സംരക്ഷിക്കുന്ന അഥവാ മാതൃത്വത്തെ സംരക്ഷിക്കുന്ന സംവിധാനം' എന്ന ആശയം matrimonium കൈവരിക്കുന്നു. രണ്ടായാലും ശരി, കളിയല്ല കല്യാണം എന്നു ഓർക്കണം (വിവാഹത്തെ കല്യാണം എന്നും പറയാറുണ്ട്. ശുഭമായ, നന്മയുള്ള, അനുഗൃഹീതമായ ജീവിതാന്തസ്സ് എന്ന് അതുകൊണ്ട് അർത്ഥമാക്കാം).

Conjugal എന്നൊരു പദമുണ്ട് വിവാഹബന്ധത്തെ സൂചിപ്പിക്കാൻ. Conjuguin എന്ന ലത്തീൻ പദത്തിൽ നിന്നുണ്ടായവാക്കാണിത്. ഒരേഭാരം ചുമക്കുന്നവർ, ഒരേനുകം ചുമക്കുന്നവർ, ഒന്നിച്ചുപോകുന്നവർ എന്നെല്ലാം അർത്ഥമുള്ള ഇത്, ഭാര്യാഭർത്താക്കന്മാരുടെ കൂട്ടുത്തരവാദിത്വം വിളിച്ചോതുന്നു.

വിവാഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ രണ്ട് ദൗത്യങ്ങൾ ഉരുത്തിരിയുന്നു - ഒന്നാമത്തേത്, ദമ്പതികളുടെ സ്നേഹവും പരസ്പര സഹായവും; രണ്ടാമത്തേത്, സന്താനോല്പാദനവും വളർത്തലും ഗൗരവബുദ്ധ്യാ സമീപിക്കേണ്ടതാണ് രണ്ടു ദൗത്യങ്ങളെയും.

സ്നേഹവും ജീവനും അഥവാ ജീവൻനൽകുന്ന സ്നേഹം (Life giving love) - അതാണ് വിവാഹത്തിന്റെ ലക്ഷ്യം. ശാരീരികാവയവങ്ങളുടെ പ്രവർത്തനലക്ഷ്യം ഇതു തന്നെ. മാതൃത്വത്തിനും പിതൃത്വത്തിനും സ്ത്രീപുരുഷന്മാർ കാംക്ഷിക്കുന്നു. അതുസാധിച്ചില്ലെങ്കിൽ അവരിൽ അസ്വസ്ഥത (frustration) നാമ്പെടുക്കുന്നു. പ്രത്യേകിച്ച് സ്ത്രീകളിൽ. ഇത് പ്രകൃതി നിയമമാണ്. ഇതു സംബന്ധിച്ചൊരു ചൊല്ലുണ്ട്, "ദൈവം മാപ്പേകുന്നു, മനുഷ്യൻ മാപ്പ് നൽകിയേക്കാം എന്നാൽ പ്രകൃതി ഒരിക്കലും മാപ്പ് നൽകില്ല" (God forgive, man may forgive but nature will not forgive). അതിനാൽ പ്രകൃതി നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കാതിരിക്കുകയാണ് കരണീയമായത്.

ഏകപങ്കാളിത്തബന്ധം, പരസ്പരമുള്ള വിശ്വസ്തത എന്നിവയ്ക്ക് വിവാഹ ജീവിതത്തിൽ പ്രഥമസ്ഥാനമുണ്ട്. ഇംഗ്ലീഷിൽ പറയുന്ന Love ന് മുഖ്യസ്ഥാനം നല്കപ്പെടുന്നു. സൗഹൃദം, സ്നേഹം, പ്രേമം - ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. സൗഹൃദം വിശാലമാണ്. എന്നാൽ, നിശ്ചിതവ്യക്തികളോടാണ് സ്നേഹമുണ്ടാവുക. പ്രേമമോ? ഏക വ്യക്തിയിൽ കേന്ദ്രീകരിക്കപ്പെടുന്നു. ദമ്പതികളുടെ ബന്ധവും പ്രേമംപോലെ തന്നെയാണ്.

'സ്നേഹം' ഒറ്റയർത്ഥത്തിൽ മാത്രം ഒതുങ്ങില്ല. ഇംഗ്ലീഷിലെ Love എന്ന വാക്കിന് ഗ്രീക്ക്ഭാഷയിൽ നാല് ആശയങ്ങളാണുള്ളത്. ആദ്യത്തേത്, വാത്സല്യം (affection). ഉയർന്ന പദവിയിൽ നിന്ന് താഴോട്ടുവരുന്നു. ഉദാ: പിതാവും മക്കളും തമ്മിലുള്ള ബന്ധം. രണ്ടാമത്തേതാണ് സുഹൃദ്ബന്ധം (friendship). തുല്യർ തമ്മിലുള്ള ബന്ധമാണിത്. ആസക്തി (erotic love) ആണ് മൂന്നാമത്തേത്. ഇത് ശാരീരികാഭിലാഷത്തെ ധ്വനിപ്പിക്കുന്നു. അവസാനത്തേതാണ് ഉപവി (agape). അവിടെ കരുണയും ക്ഷമയും വിളയാടുന്നു.

സ്നേഹത്തിന്റെ ഈ നാലുഭാവങ്ങളും ദമ്പതികൾക്കുണ്ട്.

### കൂടിച്ചേരലിന്റെ പിള്ളത്തൊട്ടിൽ

സാമൂഹിക വ്യവസ്ഥിതിയിൽ വന്ന മാറ്റം കുടുംബ സംവിധാനങ്ങളെയും മാറ്റിമറിച്ചിട്ടുണ്ട്. കൂട്ടുകുടുംബങ്ങ



**വിവാഹബന്ധത്തിൽ നിന്നു ലഭിക്കുന്ന മക്കളെ മാതാപിതാക്കൾ എങ്ങനെ പരിപാലിക്കുന്നു? മനുഷ്യനു യോജിച്ചതുപോലെയാണോ (humane) അവരെ വളർത്തുന്നത്? മൂല്യങ്ങളെക്കുറിച്ച് അവർക്ക് അറിവു നൽകുന്നതിൽ അച്ഛനമ്മമാർ എത്രത്തോളം തല്പരരാണ്?**

ളുടെ തകർച്ച അവയിലൊന്നാണ്. ഈ സംവിധാനത്തിൽ ദോഷങ്ങൾ ദർശിക്കുന്നവർക്കുപോലും അതിന്റെ നന്മയുടെ മുഖം കണ്ടില്ലെന്നു നടിക്കാനാവില്ല. പക്ഷേ, ഗതകാലസ്മരണകൾ അയവിറക്കാനേ ഈ തലമുറയ്ക്ക് വിധിച്ചിട്ടുള്ളൂ.

പങ്കുവയ്ക്കൽ, പരസ്പരസ്നേഹവും വിശ്വാസവും, മുത്തശ്ശിമുത്തശ്ശന്മാരുടെ സ്നേഹവാത്സല്യകയത്തിൽ മുങ്ങിത്തുടിക്കുന്ന കുട്ടികൾ അനുഭവിക്കുന്ന മാനസികോല്ലാസം - പറഞ്ഞാൽ തീരാത്ത മേന്മകളുള്ള സംവിധാനമാണിത്. അവിടെ സന്തോഷവും സന്താപവും ഒന്നിച്ചനുഭവിക്കുന്നു, ജയപരാജയങ്ങളിൽ ഏവരും പങ്കാളികളാവുന്നു. ഒന്നിച്ചു ഭക്ഷിക്കുന്നു, ഒന്നിച്ചുറങ്ങുന്നു. എന്തിനേറെ, എങ്ങും അടുക്കുംചിട്ടയും കാണാൻ കഴിയും.

ആസ്തികരുടെ (theists) ഭവനങ്ങളിൽ മുടങ്ങാതെ സന്ധ്യാ പ്രാർത്ഥനാധ്വനി ഉയർന്നിരുന്നു. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കുന്നു (The family that prays together, stays together) എന്ന പ്രമാണം അവരെ നയിച്ചു. ഇന്നാണെങ്കിലോ? ഈ സമയം ചാനലുകാർ കയ്യടക്കി.

ഇന്നത്തെ കുടുംബം 'ഞാൻ' എന്ന കൊച്ചു വൃത്തത്തിനുള്ളിലേക്ക് ചുരുങ്ങി. 'ഞാനും എനിക്കുള്ളതും' എന്ന ചിന്തയാണ് വ്യക്തികളിലുള്ളത്. ഇത്തരം സ്വാർത്ഥചിന്ത മക്കളിലേക്ക് നന്നേ ചെറുപ്പത്തിൽ തന്നെ പകർന്നു കിട്ടുന്നു. പങ്കുവെയ്ക്കാൻ മക്കളെ പഠിപ്പിക്കാതെ, അവരെ അതിന് പ്രചോദിപ്പിക്കാതെ വെവ്വേറെ പലഹാരപാക്കറ്റുകൾ മക്കൾക്ക് സമ്മാനിക്കുന്ന പ്രവണതയാണിതിനു കാരണം.

കുടുംബമെന്നയാനപാത്രം കാറ്റിലും കോളിലുംപെട്ട് ഉലയുന്നഘട്ടത്തിൽ വഴിതെറ്റാതെയും നിരാശയാകുന്ന പാറയിൽ ഇടിച്ച് തകരാതെയും മുന്നോട്ടുനയിക്കാൻ കെല്പുള്ള കപ്പിത്താനായി മാറണം തലവൻ. കുടുംബനാഥൻ ജീവിച്ചിരിക്കുമ്പോൾ ആസ്ഥാനം മറ്റാരെങ്കിലും കയ്യടക്കുന്നത് ഭൂഷണമല്ല.

സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളായി വർത്തിക്കേണ്ടവരാണ് - ഒന്നില്ലാതെ മറ്റേതിനുനിലനില്പില്ല. സ്ത്രീശക്തിയാണ്, പ്രകൃതിയാണ് എന്ന ഭാരതീയദർശനം അർഹിക്കുന്ന പ്രാധാന്യത്തോടെ ഗ്രഹിക്കാൻ കഴിയണം. അതോടൊപ്പം മനസ്സിലാക്കേണ്ട ഒന്നുണ്ട് - സ്ത്രീയുടെയും പുരുഷന്റെയും ശരീരഘടനയും മാനസികനിലയും വ്യത്യസ്തങ്ങളാണ് എന്ന വസ്തുത.

സ്ത്രൈണഗുണമുള്ളവളാണ് സ്ത്രീ. ഈസ്ട്രജൻ എന്ന ഹോർമോൺ സ്ത്രീത്വം ഉറപ്പാക്കുന്നു. 'സ്ത്രീ' എന്ന വാക്കിനു പ്രസവിക്കുന്നവൾ എന്നാണ് അർത്ഥം.

വികാരം, ഉൾപ്രേരണ (intuition) എന്നിവയനുസരിച്ച് സ്ത്രീ പ്രവർത്തിക്കുമ്പോൾ, വളരെ ചിന്തിച്ച് പ്രവർത്തിക്കാൻ പുരുഷൻ ശ്രമിക്കുന്നു. അതിനാലാണ് മനശ്ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത്, " പുരുഷൻ അവന്റെ തലച്ചോറിനാൽ (ബുദ്ധിയാൽ) നയിക്കപ്പെടുമ്പോൾ, അവളുടെ ഹൃദയ(വികാര)ത്താൽ സ്ത്രീ നയിക്കപ്പെടുന്നു", (Man is led by his brain, but woman is led by her heart) എന്ന്. കുടുംബത്തിന്റെ ശിരസ്സ് പുരുഷൻ തന്നെയായിരിക്കണമെന്ന് ഈ ചൊല്ലിൽനിന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. കുടുംബനാഥൻ എപ്പോൾ തന്റെ ദൗത്യം (mission) വിസ്മരിക്കുന്നുവോ അല്ലെങ്കിൽ എപ്പോൾ ദൗത്യനിർവ്വഹണത്തിൽ പരാജയപ്പെട്ട് പിൻനിരയിലേക്ക് വലിയുന്നുവോ അപ്പോൾ ബന്ധങ്ങൾ ശിഥിലമാകാൻ തുടങ്ങുന്നു. ബന്ധങ്ങൾക്ക് വിലകല്പിക്കാത്ത ചില ഭാര്യമാരാണ് ഭർത്താവിനെ നിശ്ശബ്ദരാക്കി "അരങ്ങു വാഴുന്നത്".

(കുറിപ്പ്: ചില വ്യത്യാസങ്ങൾക്കൂടി കണ്ടോളൂ. പുരുഷൻ പേശീബലം (strength) പ്രകടിപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ സ്ത്രീ സർവ്വംസഹയായി (endurance) മാറുന്നു. ധീരതയുടെ (courage) മൂർത്തിമദ്ഭാവമായി പുരുഷനെ കണക്കാക്കുമ്പോൾ സംരക്ഷിക്കാനുള്ള മനോഭാവം (protective nature) സ്ത്രീയിൽ കാണുന്നു. കാര്യങ്ങൾ ഏതു വിധേനയും നടത്തുക (functional) പുരുഷന്റെ ലക്ഷ്യമായിരിക്കും. എന്നാൽ ബന്ധം നിലനിർത്താൻ (relational) സ്ത്രീ ആഗ്രഹിക്കും - ഇപ്പറഞ്ഞതിനെല്ലാം അപവാദം കണ്ടേക്കാമെങ്കിലും).

വിവാഹബന്ധത്തിൽ നിന്നു ലഭിക്കുന്ന മക്കളെ മാതാപിതാക്കൾ എങ്ങനെ പരിപാലിക്കുന്നു? മനുഷ്യനു

യോജിച്ചതുപോലെയാണോ (humane) അവരെ വളർത്തുന്നത്? മൂല്യങ്ങളെ ക്കുറിച്ച് അവർക്ക് അറിവു നൽകു ന്നതിൽ അച്ഛനമ്മമാർ എത്രത്തോളം തല്പരരാണ്? ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



വിവാഹവാഗ്ദാനമെന്ന ചൂണ്ടയിൽ പെൺ കുട്ടികളെ കുരുക്കുന്നവരിൽ പ്രേമമെന്ന വികാരമില്ല. മറിച്ച് കാമാസക്തി (erotic) യാണ് അവരിൽ കുടികൊള്ളുന്നത്. അത്തര ക്കാർ മോടിയായി വസ്ത്രം ധരിക്കുന്നു, ഉപരിപ്ലവമായി സംസാരിക്കുന്നു, മൃദുല ഭാഷണത്തിലൂടെ സന്തോഷിപ്പിക്കുന്നു (flattering) - ആഗ്രഹിക്കുന്നവളെ നേടുക എന്ന ലക്ഷ്യം മാത്രമേ മുന്നിലുണ്ടാകൂ.

## കൗമാരത്തിന്റെ ആത്മരോദനം

മുപ്പതോ മുപ്പത്തഞ്ചോ വർഷ ങ്ങൾക്കുമുൻപ്, പ്രസിദ്ധമായ ഒരു മലയാളപ്രസിദ്ധീകരണം എറണാകുള ത്തെ കലാലയങ്ങളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെയിടയിൽ സർവ്വെ നടത്തുകയുണ്ടായി. അതിൽ വെളിപ്പെട്ട ചില വസ്തുതകൾ അമ്പരപ്പിക്കുന്ന താണ്. അവിവാഹിതരിൽ നല്ലൊരു പങ്ക് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ട് എന്നതാണാവസ്തുത. അതി ലവർ തെറ്റുകണ്ടില്ല. മാതാപിതാക്കൾ മക്കൾക്ക് ഇത്രയും സ്വാതന്ത്ര്യം അനുവദിച്ചതാണോ? ആർക്കറിയാം.

ഒരുകാര്യം മനസ്സിലാക്കണം. സ്നേഹവും അംഗീകാരവും ശ്രദ്ധയും പിടിച്ചുപറ്റാൻ കൗമാരക്കാരുടെ ഹൃദയം വെമ്പുന്നു. ഇതിന്റെ പരിണിതഫലമായിരിക്കാം ഇത്തരം മാർഗ്ഗഭ്രംശം.

ഇക്കൂട്ടരുടെ ആത്മസംഘർഷം ശ്രദ്ധിക്കാനും ആത്മ രോദനം ശ്രവിക്കാനും ആരുണ്ടിവിടെ? ഇതാ കേട്ടോളൂ അത്തരമൊരു രോദനം, "...... മെത്തയിൽ വെയ്ക്കുവാൻ ഒരു കരടിപ്പാവയെ ആവശ്യമുണ്ടെന്നു തോന്നിയ എനിക്ക് എന്നെ ആശ്ലേഷിച്ച് എന്നോടു സംസാരിക്കുവാനും എന്നോടൊത്തുചിരിക്കുവാനും തയ്യാറുള്ള ഒരച്ഛനെയും ആവശ്യമുണ്ടായിരുന്നു. ഞാൻ ആർക്കും വേണ്ടാത്ത പാഴ്മരം പോലെ വളർന്നു. എന്നെ തൊടാൻ ആരും മിനക്കെട്ടില്ല. എന്നെ ആരും ഉപദേശിച്ചില്ല. ഉപദേശിച്ച് നല്ലവളാക്കുവാൻ ആരും ശ്രദ്ധിച്ചതുമില്ല.

ഞാൻ ആർക്കുവേണ്ടി ജനിച്ചു? ഞാൻ ആർക്കുവേണ്ടി വളരുന്നു? എന്ന ചോദ്യങ്ങൾ എന്നെ പലപ്പോഴും അലട്ടി......." (*'നീർമാതളം പൂത്ത കാലം' - മാധവിക്കുട്ടി*).

കൗമാരത്തിൽ അനുഭവപ്പെടുന്ന മാനസിക സംഘർ ഷങ്ങൾക്ക് പരിഹാരം കാണാൻ മാതാപിതാക്കളുടെ സഹായവും സഹകരണവും അത്യന്താപേക്ഷിതമാണ്. ഇത്തരം സംഘർഷങ്ങളിലൊന്നാണ് ലൈംഗികവിഷയ ങ്ങളെപ്പറ്റിയുള്ള ആകാംക്ഷയും ഉത്കണ്ഠയും. ഇക്കാര്യ ത്തിലുള്ള സംശയങ്ങൾക്കുത്തരം നൽകാൻ പറ്റിയ വ്യക്തിയെ തേടുകയാണവർ. മാതാപിതാക്കളോട് ഇക്കാര്യം സംസാരിക്കാൻ അവർ ധൈര്യപ്പെടുന്നില്ല. അതിനാൽ അവർ മുതിർന്ന കുട്ടികളിൽ 'ഗുരു'ക്കന്മാരെ ദർശി ക്കുന്നു.

ഈ ദശാസന്ധിയിൽ മക്കൾ വഴിതെറ്റാനുള്ള സാധ്യത ഏറുന്നു. തങ്ങൾ ആരെയാണോ 'ഗുരു'ക്കന്മാരായി കരുതിയത്, അവർ തന്നെയാണ് ചതിക്കുഴി ഒരുക്കുക. അങ്ങനെയവർ വിവാഹപൂർവ്വ ലൈംഗിക ബന്ധത്തിനു (pre - marital sex) വഴങ്ങുന്നു. ഇത്തരം പെൺകുട്ടികളെ ആൺകുട്ടികൾ ഒരിക്കലും സ്വീകരിക്കുകയില്ല. എടുത്തു ചാടി തങ്ങൾക്കു വഴങ്ങിയവൾ മറ്റുള്ളവർക്കും വഴങ്ങില്ലെ ന്നെന്താണുറപ്പ്? ഈ ലളിതമായ യുക്തിയാണ് ആൺകുട്ടി കളിൽ പ്രവർത്തിക്കുന്നത്. ഈ പുരുഷ മനശ്ശാസ്ത്രം അമ്മമാർ പെൺകുട്ടികൾക്കു പകർന്ന് നല്കണം. ഇക്കാര്യ ത്തിൽ മനശ്ശാസ്ത്രജ്ഞർ പറയുന്നതു ശ്രദ്ധിക്കുക, "ലൈംഗികാസ്വാദനം മുൻനിർത്തി പുരുഷൻ സ്നേഹം നല്കുന്നു. എന്നാൽ സ്നേഹം ലഭിക്കാനുള്ള മാർഗ്ഗമായി സ്ത്രീ ഇതിനെ കാണുന്നു" (Man gives love to get sex, woman gives sex to get love).

വിവാഹവാഗ്ദാനമെന്ന ചൂണ്ടയിൽ പെൺകുട്ടികളെ കുരുക്കുന്നവരിൽ പ്രേമമെന്ന വികാരമില്ല. മറിച്ച് കാമാ സക്തി (erotic) യാണ് അവരിൽ കുടികൊള്ളുന്നത്. അത്തരക്കാർ മോടിയായി വസ്ത്രം ധരിക്കുന്നു, ഉപരി പ്ലവമായി സംസാരിക്കുന്നു, മൃദുല ഭാഷണത്തിലൂടെ സന്തോഷിപ്പിക്കുന്നു (flattering) - ആഗ്രഹിക്കുന്നവളെ നേടുക എന്ന ലക്ഷ്യം മാത്രമേ മുന്നിലുണ്ടാകൂ. ഈ ചതിക്കുഴി പെൺമക്കൾക്ക് ചൂണ്ടിക്കാട്ടി വഴി നടത്തേ ണ്ടതും അമ്മമാർ തന്നെ. അല്ലെങ്കിൽ, പീഢനവാർത്ത കളുമായി മാധ്യമങ്ങൾ തിമിർത്ത് ആഘോഷിക്കും.

ഒരു യാഥാർത്ഥ്യം (അപ്രിയമായിരിക്കാം) കൂടി. വിവാഹ പൂർവ്വലൈംഗിക ബന്ധത്തിൽ താല്പര്യം കാണിച്ചവർ, അവസരം ലഭിച്ചാൽ, വിവാഹേതര ലൈംഗിക ബന്ധ ത്തിൽ (extra marital sex) തത്പരരായി മാറും. അതിനാൽ



കുടുംബാംഗങ്ങൾ നിശ്ചിത സമയത്ത് ഒന്നിച്ചിരുന്ന് അത്താഴം കഴിക്കണം. ഒരുമയുടെയും സ്നേഹത്തിന്റെയും ബഹിർസ്ഫുരണമായിരിക്കണം, സന്തോഷവേളയായിരിക്കണം അത്താഴസമയം. തീൻമേശയ്ക്കുചുറ്റും കൂടി എല്ലാവരും ആഹ്ലാദം പങ്കുവയ്ക്കണം.

സദാചാര (morality) ത്തെപറ്റി മക്കൾക്ക് ശരിയായ ബോധ്യം നല്കണം. കന്യാത്വം (virginity), പാതിവ്രത്യം (chastity) എന്നിവ എന്തെന്ന് അവർ അറിയണം. ഇവ പെൺകുട്ടികൾക്ക് മാത്രമല്ല, ആൺകുട്ടികൾക്കും ആവശ്യമാണ്. ജീവിതപങ്കാളിക്കുവേണ്ടി സ്ത്രീയും പുരുഷനും കാത്തുസൂക്ഷിക്കേണ്ടതാണ്, താന്താങ്ങളുടെ കന്യാത്വം. ലൈംഗികബന്ധത്തിലൂടെ അതു അവസാനിക്കുന്നു. പിന്നീടുണ്ടാകേണ്ടത് പരസ്പരവിശ്വാസമാണ്. അതായത്, പങ്കാളിയോടുള്ള വിശ്വസ്തത കാത്തുപുലർത്തുക. അതാണ് പാതിവ്രത്യം. ഇവരണ്ടും സ്ത്രീക്കു മാത്രം എന്ന് പുരുഷൻ ചിന്തിക്കുന്നുണ്ടെങ്കിൽ അവൻ സ്വാർത്ഥനാണ്. പങ്കാളിയോട് പ്രേമമെന്നവികാരമില്ലാത്തവനും സദാചാരവിരുദ്ധനുമാണ്.

ഓർക്കുക, മാതാപിതാക്കളുടെ കയ്യിലാണ് മക്കളുടെ സുരക്ഷ. കഴുകന്മാരെയും ആട്ടിൻത്തോലണിഞ്ഞ ചെന്നായ്ക്കളെയും തിരിച്ചറിയാനുള്ള കഴിവ് മക്കൾക്കേകാൻ അവർക്കേ കഴിയൂ.

### ഉപ്പാകുക

'നിങ്ങൾ ഭൂമിയുടെ ഉപ്പാണ്', 'നിങ്ങളിൽ ഉപ്പുണ്ടായിരിക്കട്ടെ' എന്നീ ബൈബിൾ ഉദ്ബോധനങ്ങൾ പലരും കേട്ടിരിക്കും. എന്താണിതിന്റെ അർത്ഥം?

ഉപ്പില്ലാത്ത അവസ്ഥയെപ്പറ്റി ഒരു നിമിഷം ചിന്തിച്ചു നോക്കൂ. അതു വല്ലാത്തൊരവസ്ഥയായിരിക്കും. അല്ലേ? നമ്മുടെ തീൻമേശയിൽ പ്രധാനമായ സ്ഥാനം ഉപ്പിനു നല്കുന്നുണ്ട്. അതിനാൽ കുറച്ച് 'ഉപ്പ്' ചിന്തയും ആകാം.

മനുഷ്യശരീരത്തിന് സോഡിയം ക്ലോറൈഡ് എന്ന ലവണം ഒരു നിശ്ചിത അളവിൽ ദിനംപ്രതി ലഭിക്കണം. ഇതു തന്നെയാണ് കറിയുപ്പ്. പക്ഷേ, ഉപ്പിന്റെ ഈ ഗുണമായിരിക്കയില്ല, മറിച്ച്, ആഹാരപദാർത്ഥങ്ങൾക്ക് രുചിപകരാനുള്ള കഴിവായിരിക്കും അതിനെ തീൻമേശയിലേക്കെത്തിച്ചത്.

ഇതേപോലെ, അച്ഛനുമമ്മയും ഉപ്പായി പരിണമിച്ച്, കുടുംബത്തിൽ രുചി പകരണം. അവരുടെ സാമിപ്യവും സ്നേഹവാത്സല്യങ്ങളും മക്കൾ രുചിച്ചറിയണം. ഉപ്പ് വെള്ളത്തിൽ ലയിച്ച് ദൃഷ്ടിക്ക് അഗോചരമാകുന്നതു പോലെ, മക്കൾക്ക് തങ്ങളെ പൂർണ്ണമായി നല്കി സ്വയം ശൂന്യമാകാൻ മാതാപിതാക്കൾക്ക് കഴിയണം. അവരതിനു തയ്യാറാകണം. അപ്പോൾ നിസ്വാർത്ഥതയുടെ അർത്ഥം, സുഖം എന്നിവ മക്കൾ അനുഭവത്തിലൂടെ മനസ്സിലാക്കും.

രോഗാണുക്കളെ നശിപ്പിക്കാനും, മുറിവുണക്കാനും അഴുക്കിനെ അകറ്റാനും അഴുകലിനെ ചെറുക്കാനും ഉപ്പിനു കഴിയുന്നതുപോലെ മക്കളുടെ മനസ്സിലെ മാലിന്യം നീക്കി നിർമ്മലമാക്കാനും 'അണുക്കളെ' നശിപ്പിക്കാനും ആരോഗ്യമുള്ള മനസ്സിനെ നിലനിർത്താനും ഉതകും വിധത്തിൽ മക്കളെ സംരക്ഷിച്ചു വളർത്താൻ കഴിയണം. ശരിയായ മാർഗ്ഗനിർദ്ദേശം, യഥാസമയത്തുള്ള ഉപദേശം, ശാസന, ശിക്ഷണം എന്നിവ മക്കൾക്കേകാൻ വിമുഖത കാണിക്കരുത്. കതിരിൽ വളം വച്ചിട്ടെന്തു പ്രയോജനം? 'അടയ്ക്കയാണെങ്കിൽ മടിയിൽ വയ്ക്കാം അടയ്ക്കാ മരമായാലോ' എന്ന് ഭാവിയിൽ പ്രലപിക്കാൻ ഇടവരാതിരിക്കട്ടെ.

പാറയുടെയും മണ്ണിന്റെയും കാഠിന്യം ഇല്ലാതാക്കാൻ ഉപ്പിനുള്ള കഴിവ് പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. കഠിനമനസ്സിനെ തകർത്തു പൊടിക്കാൻ ഉപ്പായി രൂപപ്പെടുന്ന വ്യക്തിക്കാവും - വീട്ടിലായാലും നാട്ടിലായാലും.

കുടുംബത്തിൽ മൂല്യച്യുതി സംഭവിച്ചാൽ അത് സമൂഹത്തിൽ പ്രതിഫലിക്കും. സാമൂഹികവ്യവസ്ഥിതിയെ മാത്രം കുറ്റപ്പെടുത്തുന്നവർ ഒരുകാര്യം മറക്കുന്നു. - അനേകം കുടുംബങ്ങൾ ചേർന്നതാണ് സമൂഹം. അതേ സമയം, സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾ കുടുംബത്തിൽ അനുരണനം സൃഷ്ടിക്കും. ഇതൊരു ദൂഷിതവലയമാണ്. എങ്കിൽ, ഏതാണ് ആദ്യം ദുഷിച്ചത്? കുടുംബമോ സമൂഹമോ? അണ്ടിയാണോ മാങ്ങയാണോ ആദ്യമുണ്ടായത് എന്നന്വേഷിക്കും പോലെയാണിതും.

പക്ഷേ, ഒരുകാര്യം തറപ്പിച്ചുപറയുവാൻ കഴിയും. ആദ്യംനന്നാകേണ്ടത് വീടാണ്. ഓരോ വീടും നന്നായാൽ നാട് താനേ നന്നാകും. സ്വന്തം വീടുനന്നാക്കാൻ മുതിരാത്തവരാണ് നാടുനന്നാക്കാൻ ഔത്സുക്യം കാണിക്കുന്നവരിലേറെയും.

ഭൂതദയ അഥവാ ഉപവി (charity) കുടുംബത്തിൽ നിന്നാണ് ആരംഭിക്കുക (Charity begins at home). മുൻപൊരിക്കൽ അഭിപ്രായപ്പെട്ടത് ഇവിടെയും ആവർത്തിക്കുകയാണ് - സ്നേഹം, ലൈംഗികത്വം (sexuality),

ധാർമ്മികമൂല്യം (ethical value), സദാചാരം (morality), പൗരധർമ്മം തുടങ്ങിയ കാര്യങ്ങളിൽ ബോധ്യം നല്കേണ്ട പ്രാഥമിക കളരി സ്വഭവനങ്ങൾ തന്നെ.

"ഉപ്പ് നല്ലതുതന്നെ; എന്നാൽ ഉറ കെട്ടുപോയാൽ അതിന് എങ്ങനെ ഉറകൂട്ടും? മണ്ണിനോ വളത്തിനോ അതുപകരിക്കുകയില്ല. ആളുകൾ അതു പുറത്തെറിഞ്ഞു കളയുന്നു" - ഇങ്ങനെ ബൈബിൾ മുന്നറിയിപ്പു നല്കുന്നുണ്ട്. ശ്രവിച്ചോളൂ.

## കൂടുക തീൻ മേശയ്ക്കുചുറ്റും

ഒന്നിച്ചുഭക്ഷിക്കുന്നവർ ഒന്നിച്ചു ചിന്തിക്കുന്നു (Those who dine together, think together) എന്നൊരു ചൊല്ലുള്ളത് ഇവിടെ സ്മരണാർഹമാണ്.

കുടുംബാംഗങ്ങൾ നിശ്ചിത സമയത്ത് ഒന്നിച്ചിരുന്ന് അത്താഴം കഴിക്കണം. ഒരുമയുടെയും സ്നേഹത്തിന്റെയും ബഹിർസ്ഫുരണമായിരിക്കണം, സന്തോഷവേളയായിരിക്കണം അത്താഴസമയം. തീൻമേശയ്ക്കുചുറ്റും കൂടി എല്ലാവരും ആഹ്ലാദം പങ്കുവയ്ക്കണം.

അവിടെയിരുന്ന് കുടുംബാംഗങ്ങൾ സംസാരിക്കണം. ഓരോരുത്തരുടെയും വ്യക്തിപരമായ പ്രശ്നങ്ങൾ പരസ്പരം മനസ്സിലാക്കാനതു സഹായിക്കും. കുടുംബം പുലർത്താൻ മാതാപിതാക്കൾ നേരിടുന്ന പ്രയാസങ്ങൾ മക്കൾ അറിയണം. കൂട്ടായി ചിന്തിച്ച് പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗം കണ്ടെത്തണം. പരസ്പരം ആശ്വസിപ്പിക്കാൻ ശ്രമിക്കണം. മക്കൾ നല്കുന്ന നിർദ്ദേശം നല്ലതാണെങ്കിൽ സ്വീകരിക്കാൻ മാതാപിതാക്കൾ സന്നദ്ധരാവണം. ഇതെല്ലാം അവർക്ക് ഭാവിയിലേക്കുള്ള പാഠങ്ങളായി പരിണമിക്കും. 'ഇഗോ' അതിനു വിഘാതമാവരുത്.

നർമ്മം പ്രകടിപ്പിക്കാനുള്ള അവസരമായും ഇതിനെ കാണണം. നമ്മിലെ 'ശിശു'വിനെ അല്പനേരത്തേക്ക് സ്വതന്ത്രമാക്കിയാൽ പൊട്ടിച്ചിരിക്കാൻ ധാരാളം അവസരം ലഭിക്കും. ഉറങ്ങുന്നതിനുമുൻപ് അല്പനേരം ഉള്ളുതുറന്നു സംസാരിക്കുന്നതും നർമ്മഭാഷണങ്ങളിൽ ഏർപ്പെടുന്നതും ശീലമാക്കുക. മാനസികപിരിമുറുക്കത്തിൽ നിന്ന് അങ്ങനെ രക്ഷനേടാം. അതിനും പുറമെ, കുടുംബബന്ധം ദൃഢതരമാക്കാനത് ഉത്തമമാണ്.

## ഉപസംഹാരം

സ്ത്രീയും പുരുഷനും ഒന്നിച്ചു താമസിക്കാൻ സമൂഹം അംഗീകരിച്ച സംവിധാനം എന്നതിലുപരി, പാവനമായ സംവിധാനം അല്ലെങ്കിൽ ജീവിതാന്തസ്സ് ആണ് വിവാഹം എന്ന ധാരണയിലേക്ക് എത്താൻ നമുക്കാകണം, ഇതിന്റെ അന്തസ്സത്തക്കു യോജിച്ചവിധം ജീവിതം മുന്നോട്ടു നയിക്കാൻ കഴിയണം. തന്നോടൊത്ത് സ്ത്രീക്ക് തുല്യത നല്കാൻ പുരുഷനു സാധിക്കണം. എന്നാൽ, താൻ ചെയ്യുന്നതെല്ലാം സ്ത്രീയും ചെയ്യണമെന്ന നിർബന്ധബുദ്ധി ദുശ്ശാഠ്യമാണ്. അവളുടെ വ്യക്തിത്വത്തെ അംഗീകരിക്കാൻ പഠിക്കണം.

കുടുംബത്തിൽ എന്റെ പങ്കെന്ത്? മറ്റംഗങ്ങൾക്ക് ഞാൻ സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്നുണ്ടോ? അവരുടെ വ്യക്തിത്വത്തെ മുറിപ്പെടുത്തുന്നുണ്ടോ? 'ഞാൻ' എന്നഭാവം അഥവാ ഏകാധിപത്യ പ്രവണത എന്നിലുണ്ടോ? സ്വന്തം വീഴ്ചയ്ക്ക് മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന സ്വഭാവം ഉള്ളിലൊളിഞ്ഞിരിപ്പുണ്ടോ? ഇങ്ങനെ ഓരോരുത്തരും ആത്മശോധന (introspection) നടത്തേണ്ട സമയമാണിത്.

ആത്മാഭിമാനം, വ്യക്തിത്വാവബോധം - ഇവ മുതിർന്നവരുടെ കുത്തകയല്ല. ഏതു പ്രായക്കാരിലുമിതുണ്ട്. അംഗീകാരവും ശ്രദ്ധയും പിടിച്ചുപറ്റാൻ കൗമാരവും, കർമ്മനിരതമാകുവാൻ യുവത്വവും തീവ്രമായി ആഗ്രഹിക്കുന്നു. ഇക്കൂട്ടരെ കരുതലോടെ കൈകാര്യം ചെയ്യണം. മാതാപിതാക്കൾ സുഹൃത്തുക്കളെപ്പോലെ ആയിരുന്നെങ്കിൽ എന്നു ചിന്തിക്കുന്ന പ്രായമാണവരുടേത്. പ്രശ്നത്തിൽപ്പെട്ട് മക്കൾ വിഷമിക്കുമ്പോൾ അവരെ കുറ്റപ്പെടുത്തുന്നതിനുപകരം മനസ്സിലാക്കുവാൻ ശ്രമിക്കണം. അവരോടൊപ്പം ആയിരിക്കാൻ സമയം കണ്ടെത്തുക. അവർ ഏകാന്തതയിലേക്കു വഴുതിവീഴാനും അലസരാകാനും അനുവദിക്കാതിരിക്കുക. ഏകാന്തതയും അലസതയും വ്യക്തിത്വവികാസത്തിന്റെ ശത്രുക്കളാണ്. അവയോടു പൊരുതി ജയിച്ചാലേ തെറ്റുകളിലേക്ക് കൂപ്പുകുത്താതിരിക്കുകയുള്ളൂ. ആഗ്രഹങ്ങളെ, പ്രത്യേകിച്ച് ശാരീരികാഭിലാഷങ്ങളെ, നിയന്ത്രിക്കാൻ മക്കളെ പരിശീലിപ്പിക്കണം.

ഭാര്യപുത്രാദികൾ കൂടെയുള്ളതു കൊണ്ടുമാത്രം 'കുടുംബം' രൂപപ്പെടുന്നില്ലെന്ന് ലേഖകൻ വിശ്വസിക്കുന്നു. അവിടം നന്മയുടെ വിളനിലമാകണം, തുമ്പം (ദു:ഖം) അകന്ന് ഇമ്പം (സന്തോഷം) വിളയാടണം. അഥവാ, കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം. ഈ സമവാക്യം ഇന്നും സാർത്ഥകമാണ്, എക്കാലത്തും പ്രസക്തവുമാണ്.

ജീവിതം സംഗീതസാന്ദ്രമായിരിക്കണം - ബീഥോവന്റെ സിംഫണി പോലെ, റോബർട്ട് വൈസ് (Robert Wise) സംവിധാനം ചെയ്ത് നിർമ്മിച്ച 'സൗണ്ട് ഓഫ് മ്യൂസിക്' (Sound of Music) പോലെ.

*(കുറിപ്പ് : ലേഖനത്തിൻെ ആരംഭത്തിൽ, വീടിനെ സംബന്ധിച്ച് നല്കിയ അർത്ഥതലങ്ങൾക്ക് 'ശബ്ദതാരാവലി' യോട് കടപ്പാട്)*

***(ലേഖകൻ പഞ്ചായത്ത് വകുപ്പിൽ നിന്ന് വിരമിച്ച ജോയിന്റ് ഡയറക്ടറാണ്.)***

കെ. കബീർ മാസ്റ്റർ

# ഗ്രാമസഭ
## ജനാധിപത്യത്തിന്റെ ജൈവഘടകം

ജനാധിപത്യത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള ഭരണഘടനാ സ്ഥാപനമാണ് ഗ്രാമസഭ. ഗ്രാമസഭകൾ വളരെ പണ്ടുമുതൽക്ക് പല രീതികളിൽ സമ്മേളിച്ചിരുന്നുവെങ്കിലും നിയമപ്രാബല്യമുള്ള ഗ്രാമസഭകൾ ജനാധിപത്യത്തിന്റെ ജൈവഘടകമാണെന്ന ആശയം അറുപതുകളുടെ തുടക്കത്തിലാണ് സജീവമായി ചർച്ച ചെയ്യപ്പെട്ടത്. തുടർന്ന് 1963-ൽ ഗാന്ധിയനായ ആർ.ആർ. ദിവാകറിന്റെ നേതൃത്വത്തിൽ ഗ്രാമസഭകളെ കുറിച്ച് ഒരു പഠന റിപ്പോർട്ട് സർക്കാരിനു വേണ്ടി തയ്യാറാക്കുകയുണ്ടായി. പിന്നീട് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഗ്രാമീണരുടെ പൊതുസഭ എന്ന നിലയിൽ ഗ്രാമസഭകൾ നിയമപ്രാബല്യത്തോടെ നിലവിൽ വന്നിട്ടുണ്ട്. മിക്ക സംസ്ഥാനങ്ങളിലും ഗ്രാമസഭ പഞ്ചായത്തംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള രാഷ്ട്രീയ ഘടകമായിരുന്നു. പക്ഷെ കേരളത്തിലും തമിഴ്നാട്ടിലും 73-ാം ഭരണഘടന ഭേദഗതിയോടെയാണ് ഗ്രാമസഭകൾ നിലവിൽ വന്നത്. ഇന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെയും അംഗത്തെയും തിരികെ വിളിക്കാൻ വരെ അധികാരം നൽകുന്ന ഗ്രാമസഭകളുണ്ട്. (ബീഹാർ, പഞ്ചാബ്)

**ഭരണഘടനാ ഭേദഗതിയുടെ ഏറ്റവും ഉദാത്തമായ സംഭാവനയായ ഗ്രാമസഭാ സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ ഗ്രാമവികസനം കാര്യക്ഷമമാക്കാൻ സാധിക്കും. ഇന്നത്തെ ഗ്രാമസഭയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഗ്രാമസഭയുടെ ഒരു പ്രധാന ചുമതല ആ പ്രദേശത്തെ ജനങ്ങളുടെ ഐക്യവും കൂട്ടായ്മയും ഉണ്ടാക്കുകയെന്നതാണ്. എന്നാൽ രാഷ്ട്രീയ അതിപ്രസരവും ചേരിതിരിവും കൂടുതൽ പ്രകടമാക്കുന്ന സാഹചര്യം ഇടയ്ക്കെങ്കിലും ഉണ്ടാകുന്നുണ്ട് എന്നത് ഖേദകരമാണ്.**

### ഭരണഘടനാ ഭേദഗതി

73-ാം ഭരണഘടന ഭേദഗതിയനുസരിച്ച് അനുച്ഛേദം 243എ പ്രകാരമാണ് ഗ്രാമസഭ നിലവിൽ വരുന്നത്. അനുച്ഛേദം 243ബി യാണ് പഞ്ചായത്ത് ഭരണഘടന സമിതിയെക്കുറിച്ച് പറയുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ 3-ാം വകുപ്പിലാണ് ഗ്രാമസഭയെ കുറിച്ച് പറയുന്നത്. ഗ്രാമസഭകളുടെ ലക്ഷ്യം ജനങ്ങളും ജനപ്രതിനിധികളായ ഭരണകർത്താക്കളും തമ്മിൽ മുഖാമുഖമായുള്ള ആശയവിനിമയം വഴി പ്രാദേശിക ഭരണം കൂടുതൽ ചലനാത്മകവും അർത്ഥവത്താക്കുകയുമാണ്. ഗ്രാമസഭ പഞ്ചായത്തിന്റെ പൊതുസഭയും ഗ്രാമപഞ്ചായത്തു സമിതി ഗ്രാമസഭയുടെ നിർവഹണ സമിതിയുമെന്ന പോലെയാണ് പ്രവർത്തിക്കേണ്ടത്. ഏതൊരു നിർവ്വഹണ സമിതിയും ഒരു പൊതുസഭയോട് ഉത്തരവാദപ്പെട്ടിരിക്കും. അതിനാൽ ജനങ്ങളെല്ലാം അംഗങ്ങളായുള്ള ഗ്രാമസഭയോട് പ്രവർത്തനങ്ങളിൽ വിധേയത്വം പുലർത്തുന്ന ഒരു ഗ്രാമപഞ്ചായത്താണാവശ്യം. ജനപ്രതിനിധികളല്ല മറിച്ച് ജനങ്ങൾ തന്നെയാണ് യഥാർത്ഥ രാഷ്ട്രീയാധികാരത്തിന്റെ സ്രോതസ്സെന്ന ബോധം ജനങ്ങളിൽ രൂഢമൂലമാകുന്നതിലാണ് ഗ്രാമസഭയുടെ പ്രവർത്തന വിജയം.

### ഗ്രാമസഭായോഗങ്ങൾ

പഞ്ചായത്ത് രാജ് 3(3) വകുപ്പ് പ്രകാരം ഗ്രാമസഭകൾ മൂന്നു മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ലാ പഞ്ചായത്ത് അംഗത്തെയും നിയമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതുമാണ്.

### പ്രത്യേക യോഗം

ഗ്രാമസഭയിലെ 10 ശതമാനത്തിൽ കുറയാതെയുള്ള അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം കാര്യപരിപാടിയോടുകൂടി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം കൺവീനർ 15 ദിവസത്തിനകം വിളിച്ചു കൂട്ടേണ്ടതാണ്. അപ്രകാരമുള്ള പ്രത്യേക യോഗം വിളിച്ചു കൂട്ടുന്നത് രണ്ടു സാധാരണ യോഗങ്ങൾക്കിടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രമായിരിക്കും.

### ഗ്രാമസഭയുടെ ക്വാറം

ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ പത്ത് ശതമാനം ആയിരിക്കുന്നതും എന്നാൽ ക്വാറം തികയാതെ മാറ്റിവെക്കുന്ന ഗ്രാമസഭയുടെ ഒരു യോഗം വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വാറം 50 ആയിരിക്കും.

എന്നാൽ പത്താം പഞ്ചവത്സര പദ്ധതി രൂപീകരണത്തിനായി സംസ്ഥാന സർക്കാർ ഇറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം ആസൂത്രണ ഗ്രാമസഭയുടെ ക്വാറം ആകെ വോട്ടർമാരുടെ 25 ശതമാനമാണ്.

### കണക്കുകളുടെയും റിപ്പോർട്ടുകളുടെയും അവതരണം

പഞ്ചായത്ത് രാജ് ആക്ടിന്റെ 3(6) വകുപ്പ് പ്രകാരം ആ നിയോജകമണ്ഡലത്തെ സംബന്ധിച്ചും മുൻവർഷത്തെ വികസന പരിപാടികളെയും നടപ്പു വർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും അതിനു വേണ്ടിവരുന്ന ചെലവിനെയും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റുമെന്റും ഭരണ നിർവഹണത്തിന്റെ ഒരു റിപ്പോർട്ടും ഒരു വർഷത്തിലെ ആദ്യ യോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്.

ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പിലാക്കാനായില്ലെങ്കിൽ അദ്ധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യണം.

### ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കൽ

ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾക്ക് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകണം.

### ഗ്രാമസഭയുടെ അധികാരങ്ങൾ, അവകാശങ്ങൾ, ചുമതലകൾ

എ) വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ നൽകുക.

ബി) വികസന പദ്ധതികളുടെ മുൻഗണന നിർദ്ദേശിക്കുക.

സി) ഗുണഭോക്താക്കളുടെ പട്ടിക അന്തിമമായി തയ്യാറാക്കുക.

ഡി) വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രാദേശിക സഹായങ്ങൾ നൽകുക.

ഇ) വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധ സേവനവും പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുക.

എഫ്) പൊതുടാപ്പുകൾ, തെരുവുവിളക്കുകൾ, പൊതുകിണറുകൾ തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.

ജി) ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം എന്നിവയ്ക്ക് അറിവ് പകരുന്നതിന് പദ്ധതികളാവിഷ്ക്കരിക്കുക.

എച്ച്) ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുക. സൽമനോഭാവത്തിനായി കലാകായിക മേളകൾ സംഘടിപ്പിക്കുക.

ഐ) വികസന പ്രവർത്തനങ്ങളുടെ ഗുണഭോക്തൃ കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.

ജെ) പെൻഷൻ സബ്സിഡി എന്നിവയുടെ അർഹത പരിശോധിക്കുക.

കെ) വികസന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വിവരങ്ങൾ ശേഖരിക്കുക.

എൽ) അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുക.

എം) ഗ്രാമസഭാ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള തീരുമാനത്തിന്റെ യുക്തി അറിയുക.

എൻ) ഗ്രാമസഭയുടെ തീരുമാനങ്ങളനുസരിച്ച് ഭരണസമിതി എടുത്തിട്ടുള്ള തുടർനടപടികളറിയുക.

ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളുമായി പഞ്ചായത്ത് രാജ് വകുപ്പ് 3 എ മുതൽ എസ് വരെയായി 26 വിഷയങ്ങളും വകുപ്പ് ബി പ്രകാരം 8 ഉത്തരവാദിത്വങ്ങളും ഉണ്ട്.

ഭരണഘടനാ ഭേദഗതിയുടെ ഏറ്റവും ഉദാത്തമായ സംഭാവനയായ ഗ്രാമസഭാ സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ ഗ്രാമവികസനം കാര്യക്ഷമമാക്കാൻ സാധിക്കും. ഇന്നത്തെ ഗ്രാമസഭയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഗ്രാമസഭയുടെ ഒരു പ്രധാന ചുമതല ആ പ്രദേശത്തെ ജനങ്ങളുടെ ഐക്യവും കൂട്ടായ്മയും ഉണ്ടാക്കുകയെന്നതാണ്. എന്നാൽ രാഷ്ട്രീയ അതിപ്രസരവും ചേരിതിരിവും കൂടുതൽ പ്രകടമാക്കുന്ന സാഹചര്യം ഇടയ്ക്കെങ്കിലും ഉണ്ടാകുന്നുണ്ട് എന്നത് ഖേദകരമാണ്.

## കുറവുകളും പരിമിതികളും

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഗ്രാമസഭകൾ അധികാര വികേന്ദ്രീകരണത്തിന്റെ ശിൽപികൾ വിഭാവനം ചെയ്ത പോലെ നമുക്ക് കൈവരിക്കാനായിട്ടില്ല. ഇന്നത്തെ ഗ്രാമസഭകളുടെ കുറവുകളും പരിമിതികളും നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം.

1. പങ്കെടുക്കുന്ന ആളുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.
2. സാമൂഹിക ഐക്യം വളർത്താനാകുന്നില്ല.
3. ഗ്രാമസഭകൾ പദ്ധതി ചർച്ചയ്ക്കും ഗുണഭോക്തൃ തെരഞ്ഞെടുപ്പു മാത്രമായി പരിമിതപ്പെട്ടുപോകുന്നു.
4. ഉയർന്ന തട്ടുകളിലുള്ളവർ ഗ്രാമസഭകളിൽ പങ്കാളികളാവുന്നില്ല.
5. ഗ്രാമസഭകളിൽ നൽകിയ ഉറപ്പുകൾ പിന്നീട് പാലിക്കപ്പെടുന്നില്ല.

## നിർദ്ദേശങ്ങൾ

1. ഗ്രാമസഭാംഗങ്ങൾക്ക് ഗ്രാമസഭയുടെ പ്രവർത്തനം സംബന്ധിച്ച് അവബോധനം നൽകണം.
2. എല്ലാ വിഭാഗം ആളുകളുടെ പങ്കാളിത്തവും സഹകരണവും ആവശ്യപ്പെടുക.
3. ഗ്രാമസഭകളുടെ തീരുമാനങ്ങൾ ഗൗരവമായി കാണുകയും ഉറപ്പുകൾ പാലിക്കുകയും ചെയ്യുക.
4. പദ്ധതി നിർവഹണത്തിൽ എല്ലാ വിഭാഗങ്ങളുടെയും കൂട്ടായ്മയുണ്ടാക്കുക.
5. ഗ്രാമസഭ ജനങ്ങളുടെ കുടുംബപരമായ പ്രശ്നങ്ങൾക്കും പരാതികൾക്കും കൂടി പരിഹാരം കാണുന്നതിനുള്ള വേദിയാകണം.

*കിളിമാനൂർ ഗ്രാമപഞ്ചായത്ത് കോർപ്പസ് ഫണ്ടു വിനിയോഗിച്ച് നിർമ്മിച്ച റോഡുകളുടെ ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമ വകുപ്പ് മന്ത്രി എ.കെ. ബാലൻ നിർവ്വഹിക്കുന്നു. അഡ്വ. എൻ. രാജൻ, എം.എൽ.എ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാലതി പ്രഭാകരൻ തുടങ്ങിയവർ സമീപം.*

## ഉപസംഹാരം

പ്രാദേശിക സ്വയംഭരണത്തിനും വികസനത്തിനും ആവശ്യമായ നിർദ്ദേശം നൽകിയും നിർവഹണത്തിൽ പങ്കാളിത്തം വഹിച്ചും സഹകരിക്കാൻ ജനങ്ങൾ മുന്നോട്ടിറങ്ങിയാൽ മാത്രമേ ഭരണകാര്യങ്ങളിൽ ജനാഭിലാഷം പ്രകടിപ്പിക്കാൻ ലഭിക്കുന്ന ഈ പ്രധാന വേദി സജീവമായി നിലനിൽക്കുകയുള്ളൂ. സന്നദ്ധ സംഘടനകൾക്കും ബുദ്ധിജീവികൾക്കും സാങ്കേതിക വിദഗ്ദ്ധന്മാർക്കും ഗ്രാമസഭകൾ ഊർജ്ജസ്വലമായി നിലനിർത്തുന്നതിനു രാസത്വരകമായി പ്രവർത്തിക്കാൻ സാധിക്കും. ഗ്രാമസഭയിലെ അംഗങ്ങളായ സമ്മതിദായകരെ ഗ്രാമസഭ എങ്ങനെ പ്രവർത്തനക്ഷമമാക്കാം എന്നതിനെക്കുറിച്ച് ബോധവത്ക്കരിക്കുകയും അവർക്കുവേണ്ട പരിശീലനം നൽകുകയും ചെയ്യുകയെന്നതും ഗ്രാമസഭയുടെ പ്രവർത്തന വിജയത്തിന് അഭിലഷണീയമാണ്.

ഗാന്ധിജിയുടെ സങ്കൽപം പോലെ **അതി ബലവാനു ലഭിക്കുന്ന അത്ര സൗകര്യം അതിദുർബലനു കൂടി ലഭിക്കുന്നതിനും അക്രമത്തിനു നിർവഹിക്കാനാകാത്തത് പൊതുജനാഭിപ്രായം കൊണ്ട് നിർവഹിക്കാനും** നമുക്ക് സാധിക്കണം. പണ്ഡിറ്റ്ജി പറഞ്ഞതുപോലെ **മുകളിലുള്ള ജനായത്തത്തിന് അത് താഴെ നിന്നുള്ള അസ്തിവാരത്തിന്മേൽ പടുത്തുയർത്തപ്പെട്ടതല്ലെങ്കിൽ ഒരു വിജയമാകാനാവില്ല.** അതുകൊണ്ട് നമുക്ക് നമ്മുടെ ഗ്രാമസഭകളെ ശക്തിപ്പെടുത്താം. അതിന് കൂട്ടായി പ്രവർത്തിക്കാം.

*(ലേഖകൻ എടപ്പറ്റ ഗ്രാമപഞ്ചായത്ത് അംഗമാണ്.)*

ടി.ആർ. വിജയകുമാർ

## പാലമേൽ ഗ്രാമപഞ്ചായത്ത്

# വിദ്യാഭ്യാസമേഖലയ്ക്ക് പൊൻകിരണങ്ങളുമായി 'പുതുവെളിച്ചം'

**പൊ**തുവിദ്യാലയത്തിലെ അക്കാദമിക് നിലവാരവും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെടുത്തി മികച്ച വിദ്യാർത്ഥികളെ സൃഷ്ടിക്കുന്ന ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിലെ 'പുതുവെളിച്ചം' സമഗ്ര വിദ്യാഭ്യാസപദ്ധതി കേരളത്തിനാകമാനം മാതൃകയാകുന്നു. ഓരോ വിദ്യാർത്ഥിയുടെയും ഏറ്റവും മികച്ച കഴിവുകൾ പുറത്തുകൊണ്ടുവരാനും, സാമൂഹ്യയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് കുട്ടികൾക്ക് സമഗ്രവും ഉദ്ഗ്രഥിതവുമായ ബോധനം നൽകുവാനും വേണ്ടി, പുറംലോകത്തുണ്ടാകുന്ന മാറ്റങ്ങളുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടുള്ള ഒരു പഠനപ്രക്രിയയ്ക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്.

'അയൽപക്കസ്കൂൾ' സമ്പ്രദായം അടിസ്ഥാനമാക്കി ഓരോ സ്കൂളിനെയും അതാത് പ്രദേശത്തെ സാഹചര്യങ്ങൾക്കനുസൃതമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെയാണ് പദ്ധതിക്ക് തുടക്കമായത്. പഞ്ചായത്തിലെ പൊതുമേഖലയിലുള്ള ഏഴ് എൽ.പി. സ്കൂളുകളിൽ അതാത് വാർഡ് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സ്കൂൾ സംരക്ഷണസമിതികൾ രൂപീകരിച്ചു. ഈ സമിതികളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സർവ്വേ നടത്തി. സർവ്വേയിൽ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പഞ്ചായത്ത്തലത്തിൽ പരിഹാരം കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിനുവേണ്ടി പഞ്ചായത്ത്തലത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിച്ചു. അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, പൊതുപ്രവർത്തകർ, മറ്റ് വിദഗ്ദ്ധന്മാർ എന്നിവരുടെ സംയുക്തയോഗം ചേർന്നാണ് വിദ്യാഭ്യാസസമിതി രൂപീകരിച്ചത്. ഇതേ മാതൃകയിൽ സ്കൂൾ വിദ്യാഭ്യാസ സമിതികളും രൂപീകരിച്ചു. വിദ്യാഭ്യാസ സമിതികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ജില്ലാവിദ്യാഭ്യാസ പരിശീലനകേന്ദ്രത്തിന്റെ (ഡയറ്റ്) സഹായത്തോടെ, ഓരോ വർഷവും സ്കൂളുകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്ക് രൂപരേഖയുണ്ടാക്കി. എല്ലാ സ്കൂളുകളിലും അദ്ധ്യാപക-രക്ഷാകർത്തൃ സംഗമങ്ങൾ സംഘടിപ്പിച്ചു. 'പുതുവെളിച്ചം' പദ്ധതിയുടെ അന്തഃസത്ത പ്രസ്തുത യോഗങ്ങളിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചു. അവിടെ ഉയർന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുകയുണ്ടായി. പുത്തൻ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു.

അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയയ്ക്കാനുള്ള പ്രവണത ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഇംഗ്ലീഷ് ക്ലാസ്സുകളാണ് ഇതിന് കാരണമായി രക്ഷാകർത്താക്കൾ ചൂണ്ടിക്കാട്ടുന്നത്. തന്മൂലം പൊതു സ്കൂളുകളിൽ പുതിയ കുട്ടികളുടെ പ്രവേശനം കുറവായിരുന്നു. ഇതിന് പരിഹാരം കാണാൻ 'പുതുവെളിച്ചം' പദ്ധതിയിൽ പ്രത്യേകമായ ഊന്നൽ നൽകി. മറ്റ് വിഷയങ്ങളോടൊപ്പം

*'പുതുവെളിച്ചം' സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 1, 2 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ച ഇംഗ്ലീഷ് ക്ലാസ്*

ഇംഗ്ലീഷിനുകൂടി പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളെ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിന് ചെങ്ങന്നൂർ ഡയറ്റിലെ വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കി. പ്രശസ്ത ഭാഷാവിദഗ്ദ്ധനായ ഡോ. കെ.എൻ. ആനന്ദിന്റെ സേവനവും ഇക്കാര്യത്തിൽ ലഭിച്ചു. കേവലം വ്യാകരണപഠനത്തിലുപരി കളികളിലൂടെയും അഭിനയത്തിലൂടെയും തങ്ങളറിയാതെതന്നെ ഭാഷയുടെ ലോകത്തിലേക്ക് കുട്ടികളെ നയിക്കുന്ന രീതിയിലുള്ള പഠനസമ്പ്രദായത്തിനാണ് രൂപം നൽകിയത്. ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് അതാത് തലത്തിൽ പ്രത്യേകം പ്രത്യേകമായി സിലബസ് തയ്യാറാക്കിയിട്ടുണ്ട്. ഈ സിലബസിന്റെ അടിസ്ഥാനത്തിലുള്ള പാഠപുസ്തകങ്ങളും അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും സൗജന്യമായി വിതരണം ചെയ്തു.

ശിശുസൗഹൃദരീതിയിലുള്ള ഈ പഠനസമ്പ്രദായത്തിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനുവേണ്ടി പഞ്ചായത്ത്തലത്തിൽ ദ്വിദിന പരിശീലനകളരി സംഘടിപ്പിച്ചു. ഡോ. ആനന്ദിന്റെ ഫാക്കൽട്ടി ടീമംഗങ്ങളും ഡയറ്റിലെ അദ്ധ്യാപകരും പരിശീലനത്തിന് നേതൃത്വം നൽകി. കുട്ടികളെയും ഉൾപ്പെടുത്തി സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകൾ അദ്ധ്യാപകരിൽ ആത്മവിശ്വാസമുണ്ടാക്കി. അദ്ധ്യാപക ദൗർലഭ്യമുള്ളിടങ്ങളിൽ പി.ടി.എകളുടെ നേതൃത്വത്തിൽ അദ്ധ്യാപക പരിശീലനം ലഭിച്ചിട്ടുള്ള ഒരാളെക്കൂടി ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ഒരേസമയത്ത് തന്നെ ഇംഗ്ലീഷ് ക്ലാസ്സുകൾക്ക് തുടക്കം കുറിച്ചു. ഉത്സവാന്തരീക്ഷത്തിൽ രക്ഷാകർത്താക്കളുടെ സാന്നിദ്ധ്യത്തിലാണ് പ്രഥമ ക്ലാസ്സ് നടത്തിയത്.

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലെയും അദ്ധ്യാപകർക്കായി രണ്ടു ദിവസത്തെ പഠനോപകരണ നിർമ്മാണ കളരിയും സംഘടിപ്പിച്ചു. ഡയറ്റിലെ അദ്ധ്യാപകർ നേതൃത്വം നൽകിയ ഈ പരിപാടി അദ്ധ്യാപകർക്ക് ഏറെ പ്രയോജനകരമായിരുന്നു.

പഞ്ചായത്ത്തല മത്സരങ്ങൾ, പ്രശ്നോത്തരികൾ, പഠനയാത്രകൾ, അറിവരങ്ങ്, കലാ-കായിക പരിശീലനം, വിവിധ ദിനങ്ങളുടെ ആചരണം, സർവ്വീസിൽനിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്ക് പഞ്ചായത്ത്തലത്തിൽ സ്വീകരണം നൽകൽ, മികച്ച സ്കൂളുകൾക്ക് അവാർഡുകൾ തുടങ്ങിയ പല പരിപാടികളും ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്ക് വളരെ നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും 'പുതുവെളിച്ചം' പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസികോല്ലാസത്തിനായി ചിൽഡ്രൻസ് പാർക്കുകൾ ഓരോ സ്കൂളിലും സ്ഥാപിക്കാനുള്ള നടപടികളായി. ഒന്നാംക്ലാസ്സ് മുതൽ കമ്പ്യൂട്ടർ പഠനവും ഉടൻ ആരംഭിക്കും. ഇതിനായി പഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലും എം.പി. ഫണ്ടിൽ നിന്ന് കമ്പ്യൂട്ടർ ലഭ്യമാക്കുമെന്ന് അഡ്വ. സി.എസ്. സുജാത എം.പി. അറിയിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് പുതിയ ദിശാബോധം സൃഷ്ടിക്കാൻ 'പുതുവെളിച്ചം' പദ്ധതിക്ക് കഴിയുമെന്ന് ഉറപ്പിക്കാം. പൊതുവിദ്യാലയങ്ങളിലെ ശോച്യാവസ്ഥയ്ക്കും കുട്ടികൾ ഇല്ലായെന്ന അവസ്ഥയ്ക്കും അറുതിവരുത്താൻ ഈ പദ്ധതിക്ക് കഴിയുമെന്നും പ്രത്യാശിക്കാം.

*(ലേഖകൻ പാലമേൽ ഗ്രാമപഞ്ചായത്ത് അക്കാദമിക് കൗൺസിൽ അംഗമാണ്.)*


●

**ഫീച്ചർ**

എൽ.സി. പൊന്നുമോൻ

## ഇന്ത്യൻ ഭൗമശാസ്ത്ര രംഗത്ത് മറ്റൊരു നാഴികക്കല്ല്

# പി.എസ്.എൽ.വി.സി- 7 വിക്ഷേപണം



ഇന്ത്യൻ ഭൗമശാസ്ത്ര രംഗത്ത് മറ്റൊരു നിർണ്ണായകമായ വിജയഗാഥ കൂടി എഴുതി ചേർത്തുകൊണ്ട് പി.എസ്.എസ്.വി. സി-7 വിക്ഷേപിച്ചു. ചെന്നൈയിൽ നിന്ന് 100 കിലോമീറ്റർ അകലെ ആന്ധ്രാപ്രദേശിലുള്ള ശ്രീ ഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേയ്സ് സെന്ററിൽ (SHAR) നിന്നും ജനുവരി 10-ന് രാവിലെ 9.23-നാണ് വിജയകരമായ വിക്ഷേപണം നടന്നത്. ഇതാദ്യമായി ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിൽ ഒരു ബഹിരാകാശ ശാസ്ത്ര പേടകത്തെ തിരിച്ചുകൊണ്ടു വരുന്നതിനുള്ള പരീക്ഷണം നടന്നു എന്നതാണ് ഈ വിക്ഷേപണത്തിന്റെ സവിശേഷത. ബഹിരാകാശ ഗവേഷണത്തിൽ, പ്രത്യേകിച്ച് മനുഷ്യനെ വഹിക്കുന്ന പേടകത്തിന്റെ വിക്ഷേപണത്തിൽ നിർണ്ണായകമാകാൻ കഴിയുന്നതാണ് എസ്.ആർ.ഇ-1 എന്ന ഈ സ്പെയ്സ് ക്യാപ്സൂൾ റിക്കവറി എക്സ്പരിമെന്റ്. ഒരു വിക്ഷേപണ വാഹനത്തിൽ 4 ഉപഗ്രഹങ്ങൾ ഒരേ സമയത്ത് വിക്ഷേപിക്കുന്നതും ഇതാദ്യമാണ്.

ഭൂമിയിൽ നിന്ന് 637 കിലോമീറ്റർ ഉയരത്തിലുള്ള ധ്രുവ സൗര ഭ്രമണ പഥത്തിലേക്ക് ബഹിരാകാശ പേടകമായ എസ്.ആർ.ഇ-1 വിക്ഷേപിക്കുന്നതിന് (550 കിലോഗ്രാം) പുറമേ ഇന്ത്യയുടെ വിദൂര സംവേദന ഉപഗ്രഹമായ കാർട്ടോസാറ്റ്-2 (680 കിലൊ), ഇന്തോനേഷ്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ലപ്പൻ-ടബ്സാറ്റ് (56 കിലൊ), അർജന്റീനയുടെ പ്യുഹൻസാറ്റ്-1 (6 കിലൊ) എന്നിവയും പി.എസ്.എൽ.വി.സി-7 വിക്ഷേപിച്ചു.

പി.എസ്.എൽ.വി.സി-7 981.3 സെക്കന്റിൽ ആദ്യ ഭ്രമണപഥത്തിലെത്തിച്ചത് കാർട്ടോസാറ്റ്-2 ഉപഗ്രഹമാണ്. 45 സെക്കന്റുകൾക്കു ശേഷം പ്യൂഹൻ സാറ്റ് വേർപെടുത്തി. 120 സെക്കന്റുകൾക്കുശേഷം എസ്.ആർ. ഇ-1 വേർപെടുത്തി. 190 സെക്കന്റുകൾക്കുശേഷം ലപ്പൻടബ്സാറ്റും വേർ

പെടുത്തി ഭ്രമണപഥത്തിലെത്തിച്ചു.

### എസ്.ആർ.ഇ-1

വീണ്ടെടുക്കാവുന്ന ബഹിരാകാശ പേടകമായ എസ്.ആർ.ഇ-1 637 കിലോമീറ്റർ ഉയരത്തിലുള്ള ധ്രുവ ഭ്രമണപഥത്തിൽ 12 ദിവസം മെറ്റലർജിക്, ബയോമെട്രിക് മേഖലകളിൽ പരീക്ഷണം നടത്തി. ഡീബൂസ്റ്റ് റോക്കറ്റ് കത്തിച്ച് ഈ പേടകം ഭ്രമണപഥത്തിൽ നിന്ന് മാറ്റി തിരിച്ച് ഭൂമിയിൽ എത്തി. ശ്രീഹരിക്കോട്ടയിൽ നിന്ന് 140 കിലോമീറ്റർ കിഴക്ക് മാറി പതിച്ച ഈ പേടകത്തിന്റെ വേഗത അവസാന പതന ഘട്ടത്തിൽ പാരച്യൂട്ട് ഉപയോഗിച്ച് നിയന്ത്രിച്ചു. കടലിൽ പൊങ്ങികിടക്കുന്ന രീതിയിൽ വിഭാവനം ചെയ്തിരുന്ന ഈ ബഹിരാകാശ പേടകം കോസ്റ്റ് ഗാർഡിന്റെ സഹായത്തോടെ വീണ്ടെടുത്തു. ഇതിന്റെ പരിണാമങ്ങൾ പരീക്ഷണവിധേയമാക്കുന്നുണ്ട്.

ബഹിരാകാശ പേടകം തിരിച്ച് ഏകദേശം ഭൗമാന്തരീക്ഷത്തിൽ പ്രവേശിക്കുമ്പോഴുള്ള അതിഭയങ്കരമായ താപനില (ഏകദേശം 3000$^{0}$C) ചെറുക്കാനുള്ള താപസംരക്ഷണ സംവിധാനം തദ്ദേശീയമായി വികസിപ്പിച്ചെടുത്തതാണ്. വീണ്ടെടുക്കലിന്റെ സുരക്ഷയ്ക്കായി മണിയുടെ ആകൃതിയിൽ നിർമ്മിച്ചിട്ടുള്ള ഈ പേടകം അതിഭയങ്കരമായ താപനിലയെ ചെറുക്കുന്നതിനായി സെറാമിക്ക് ടൈലുകൾ കൊണ്ട് പൊതിഞ്ഞിരിക്കുന്നു. ഇന്ത്യൻ ഭൗമശാസ്ത്ര ഭാവി പദ്ധതികളെ നിർണ്ണായകമായി ബാധിക്കുന്ന ഒരു പരീക്ഷണമായിരുന്നു ഈ പേടകത്തിന്റെ വീണ്ടെടുക്കൽ.



**ഐ.എസ്.ആർ.ഒ. യുടെ ബഹിരാകാശ ദൗത്യങ്ങൾ ഇതുപോലെ വിജയകരമായി പുരോഗമിച്ചാൽ ഈ മേഖലയിൽ ഇന്ത്യയ്ക്ക് ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ തന്നെ നിലകൊള്ളാനാവും.**

### കാർട്ടോസാറ്റ്-2

ഇന്ത്യയുടെ വിദൂര സംവേദന ഉപഗ്രഹ ശ്രേണിയിലെ 12-ാമത് ഉപഗ്രഹമാണ് കാർട്ടോസാറ്റ്-2. പാൻക്രോമാറ്റിക് ക്യാമറ (പാൻ) ഘടിപ്പിച്ചിട്ടുള്ള ഉപഗ്രഹത്തിൽ നിന്ന് വളരെ ഉയർന്ന റസല്യൂഷൻ ഉള്ള വ്യക്തമായ ചിത്രങ്ങൾ ലഭിക്കും. ഭൂപട നിർമ്മാണത്തിനും, നഗര-ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും ഈ ചിത്രങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ സഹായകമാകും. 5 വർഷം പ്രവർത്തന ആയുസ്സുള്ള ഈ ഉപഗ്രഹം 4 ദിവസം കൂടുമ്പോൾ ഇന്ത്യയുടെ മുകളിലെത്തും. ഹൈദരാബാദിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയാണ് (എൻ.ആർ.എസ്.എ) ഈ ഉപഗ്രഹത്തിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്നത്.

### ലപ്പൻ ടബ്സാറ്റ്

ബർലിൻ ടെക്നിക്കൽ യൂണിവേഴ്സിറ്റിയും ഇന്തോനേഷ്യൻ സ്പേയ്സ് ഏജൻസിയും സംയുക്തമായി നിർമ്മിച്ച ഈ ഇന്തോനേഷ്യൻ ഉപഗ്രഹം ഭൗമനിരീക്ഷണത്തിനാണ് ഉപയോഗിക്കുന്നത്. ഇതിൽ രണ്ട് ചാർജ് കപ്പിൾഡ് ഡിവൈസ് ക്യാമറകളാണുള്ളത്.

### പ്യൂഹൻസാറ്റ്-1

അർജന്റീനിയൻ സ്കൂൾ ഓഫ് എഞ്ചിനീയറിംഗും, അർജന്റീന അസോസിയേഷൻ ഫോർ സ്പേയ്സ് ആന്റ് ടെക്നോളജിയും ആംസാറ്റ് അർജന്റീനയും സംയുക്തമായി നിർമ്മിച്ചിരിക്കുന്ന 6 കിലോഗ്രാം ഭാരമുള്ള ഈ ചെറിയ ഉപഗ്രഹം കൂടുതൽ സങ്കീർണ്ണമായ ഉപഗ്രഹങ്ങൾ നിർമ്മിക്കുന്നതിനുള്ള ആദ്യ പടിയായാണ് പരീക്ഷിക്കുന്നത്.

44 മീറ്റർ ഉയരമുള്ള പി.എസ്.എൽ.വി.യ്ക്ക് 295 ടൺ വഹിക്കാനുള്ള ശേഷിയുണ്ട്. നാല് ഘട്ടങ്ങളുള്ള വിക്ഷേപണത്തിന്റെ ആദ്യ ഘട്ടത്തിൽ സോളിഡ് പ്രൊപെല്ലന്റ് അടിസ്ഥാനമാക്കിയ 6 സ്ട്രാപ്-ഓൺ റോക്കറ്റുകളാണ് ഉപയോഗിച്ചത്. ഈ വിഭാഗത്തിലെ, ലോകത്തിലെ തന്നെ ഏറ്റവും വലിയ റോക്കറ്റുകളാണിവ. മൂന്നാം ഘട്ടത്തിലും ഇതു തന്നെയാണ് ഉപയോഗിച്ചത്. രണ്ടും നാലും ഘട്ടങ്ങളിൽ ഉപയോഗിച്ചത് ലിക്വിഡ് പ്രൊപല്ലന്റാണ്.

പി.എസ്.എൽ.വി-യിൽ ഇതാദ്യമായി 4 പേലോഡുകളും വഹിക്കുന്ന

തിനായി ഒരു ഡ്യുവൽ ലോഞ്ച് അഡോപ്റ്റർ (ഡി.എൽ.എ) ആണ് ഉപയോഗിച്ചത്. കാർട്ടോസാറ്റ്-2 ഈ ഡി.എൽ.എയ്ക്ക് മുകളിലും വീണ്ടെടുക്കാവുന്ന ബഹിരാകാശ പേടകമായ എസ്.ആർ.ഇ-1 ഇതിനുള്ളിലും പ്യൂഹൻസാറ്റ് ഡി.എൽ.എയ്ക്ക് മുകളിൽ ഒരു വശത്തായിട്ടും, ലപ്പൻ ടബ്സാറ്റ് ഡി.എൽ.എയുടെ താഴെയുമായാണ് ക്രമീകരിച്ചിരുന്നത്.

2008-ലെ ഇന്ത്യയുടെ ചന്ദ്രനിലേക്കുള്ള ആദ്യ ബഹിരാകാശ വാഹന ദൗത്യമായ ചന്ദ്രയാൻ-1 ന്റെ വിക്ഷേപണത്തിന് പി.എസ്.എൽ.വിയാണ് ഉപയോഗിക്കുന്നത്.

റോക്കറ്റ് വിക്ഷേപണത്തിനായി ശ്രീഹരിക്കോട്ടയിൽ രണ്ട് ലോഞ്ച് പാഡുകളാണ് ഉള്ളത്. ഇതിൽ ആദ്യ ലോഞ്ച് പാഡിൽ നിന്നാണ് പി.എസ്.എൽ.വി.സി-7 വിക്ഷേപിച്ചത്. രണ്ടാമത്തെ ലോഞ്ച് പാഡ് വളരെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയതാണ്. ആദ്യ ലോഞ്ച് പാഡിൽ റോക്കറ്റും സാറ്റലൈറ്റും ഇന്ധനവും മറ്റും സെറ്റ് ചെയ്യാൻ മൂന്നു മാസത്തോളം വേണ്ടിവരുന്നതിനാൽ ഒരു വർഷം മൂന്നോ നാലോ വിക്ഷേപണമേ നടത്താൻ പറ്റുകയുള്ളൂ. എന്നാൽ രണ്ടാമത്തെ ലോഞ്ച് പാഡിൽ പേടകം തയ്യാറാക്കുന്നതിനുള്ള കെട്ടിടം പ്രത്യേകമായി സജ്ജമാക്കിയിരിക്കുന്നു. ഈ വെഹിക്കിൾ അസംബ്ലിംഗ് ബിൽഡിംഗിൽ (വി.എ.ബി) വിക്ഷേപണ റോക്കറ്റും ഉപഗ്രഹവും മറ്റും സെറ്റ് ചെയ്ത് വിക്ഷേപണ ദിവസത്തോടടുപ്പിച്ച് സമീപത്തു തന്നെയുള്ള ലോഞ്ച് പാഡിൽ എത്തിച്ച് വിക്ഷേപിക്കാവുന്നതാണ്. അതിനാൽ ഈ ലോഞ്ച് പാഡിൽ നിന്നും കൂടുതൽ വിക്ഷേപണങ്ങൾ നടത്താവുന്നതാണ്.



**ഐ.എസ്.ആർ.ഒ. യുടെ വാണിജ്യ വിഭാഗമായ ആൻട്രിക്സ് കോർപ്പറേഷൻ ഉപഗ്രഹ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിന്, വിക്ഷേപണ സേവനത്തിനും, ട്രാൻസ്പോണ്ടറുകൾ വാടകയ്ക്ക് നൽകുന്നതിനും മറ്റും വിദേശരാജ്യങ്ങളിൽ നിന്ന് ഓർഡറുകൾ സ്വീകരിക്കുന്നുണ്ട്. ആൻട്രിക്സ് കോർപ്പറേഷൻ കഴിഞ്ഞ വർഷം 414 കോടി രൂപയുടെ വരുമാനം നേടി. 61 കോടി രൂപയാണ് ലാഭം നേടിയത്.**

വിക്ഷേപണത്തിനു മുമ്പ് ഇന്ധനം നിറയ്ക്കുന്നത് നിയന്ത്രിക്കുന്നതും മറ്റും ലോഞ്ച്പാഡിന് 6 കിലോമീറ്റർ അകലെയുള്ള ലോഞ്ച് കൺട്രോൾ സെന്ററിലാണ് (എൽ.സി.സി) നടക്കുന്നത്. ഇതിനുശേഷം കൗണ്ട് ഡൗൺ സമയം മുതൽ ഉപഗ്രഹം ഭ്രമണ പഥത്തിലെത്തിക്കുന്നതുവരെയുള്ള ഓപ്പറേഷനുകൾ ഏകോപിപ്പിക്കുന്നത് ഇവിടെ തന്നെയുള്ള മിഷൻ കൺട്രോൾ സെന്ററിലാണ് (എം.സി.സി). പിന്നീട് ബഹിരാകാശ പേടകത്തിന്റെ നിയന്ത്രണം ബാംഗ്ലൂരിലെ ഹസ്സനിലുള്ള ബഹിരാകാശ നിയന്ത്രണ കേന്ദ്രം ഏറ്റെടുക്കുന്നു.

ഐ.എസ്.ആർ.ഒ. യുടെ വാണിജ്യ വിഭാഗമായ ആൻട്രിക്സ് കോർപ്പറേഷൻ ഉപഗ്രഹ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിന്, വിക്ഷേപണ സേവനത്തിനും, ട്രാൻസ്പോണ്ടറുകൾ വാടകയ്ക്ക് നൽകുന്നതിനും മറ്റും വിദേശ രാജ്യങ്ങളിൽ നിന്ന് ഓർഡറുകൾ സ്വീകരിക്കുന്നുണ്ട്. ആൻട്രിക്സ് കോർപ്പറേഷൻ കഴിഞ്ഞ വർഷം 414 കോടി രൂപയുടെ വരുമാനം നേടി. 61 കോടി രൂപയാണ് ലാഭം നേടിയത്.

ബഹിരാകാശത്തേക്ക് മനുഷ്യനെ അയയ്ക്കുന്ന ദൗത്യം അടുത്ത 8 മുതൽ 10 വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ഷാർ ഡയറക്ടർ ഡോ. എം. അണ്ണാമലൈ തിരുവനന്തപുരത്ത് നിന്ന് ഷാർ സന്ദർശിക്കാനെത്തിയ പത്രലേഖകരോട് വിശദീകരിച്ചു.

ഐ.എസ്.ആർ.ഒ. യുടെ ബഹിരാകാശ ദൗത്യങ്ങൾ ഇതുപോലെ വിജയകരമായി പുരോഗമിച്ചാൽ ഈ മേഖലയിൽ ഇന്ത്യയ്ക്ക് ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ തന്നെ നില കൊള്ളാനാവും.

*(ലേഖകൻ പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ ഇൻഫർമേഷൻ അസിസ്റ്റന്റാണ്)*

ചെറുകഥ

വി. ഹർഷകുമാർ

# കുടുംബകോടതിയലക്ഷ്യം

**ജാ**ലകപ്പഴുതിലൂടെ അരിച്ചിറങ്ങുന്ന തണുപ്പാണു പറഞ്ഞത് പുറത്ത് മരംകോച്ചുന്ന മഞ്ഞുണ്ടെന്ന്. പക്ഷേ ദേവകി വിയർക്കുകയായിരുന്നു. ജന്നൽ തുറന്നു പുറത്തേയ്ക്കു നോക്കി. പുൽക്കൊടിയും മഞ്ഞുകണവും എല്ലാം മറന്ന് ചേർന്നുറങ്ങുന്നു. ലോകം ഉറങ്ങുകയാണ്. ഇനിയും ഉണരുവാൻ വേണ്ടി. പുതിയ പ്രഭാതം അവരുടേതാണ്. പ്രതീക്ഷയുടെ പ്രഭാതം.

'ഇല്ല തനിക്കുറങ്ങാൻ കഴിയില്ല.' ശരിക്കും അവസാന രാത്രി എന്നത് ഇന്നല്ലേ. സ്വന്തം നെടുവീർപ്പിന്റെ ശബ്ദം പോലും അവൾക്ക് ഭയമായി തോന്നി. അപ്പുറത്ത് മനു എന്തെടുക്കുകയായിരിക്കും. ഒന്നുപോയി നോക്കിയാലോ. ഏയ് അതുവേണ്ട എല്ലാം തീരുമാനിച്ച സ്ഥിതിക്ക്... വേണ്ട മനു ഉറങ്ങട്ടെ. എല്ലാം അവസാനിച്ച ആശ്വാസമായിരിക്കും മനുവിന്. തന്റെ ശല്യം തീർന്നു കിട്ടിയല്ലോ. അതു മനസ്സിലാക്കാൻ വളരെ വൈകി.

അതിരാവിലെ തന്നെ കുളിച്ചു, ഗംഗാസ്നാനം പുണ്യമാണോ പാപമാണോ? എന്താണ് ഈ കുളി കഴിഞ്ഞപ്പോൾ ലഭിച്ചതെന്നറിയില്ല. എത്ര കുളിച്ചാലും അവസാനം ഒരു കുളി ബാക്കിയാവും എന്നു പറയാറുണ്ട്. ഛെ... എന്താണിങ്ങനെ മരണത്തെ ക്കുറിച്ചാലോചിക്കുന്നത്.

കുടുംബകോടതിയുടെ വരാന്തയിലെ കാത്തുനില്പ് മനസ്സിൽ നിർവ്വികാരത മാത്രം സൃഷ്ടിച്ചു. ഇതേവരെ മനസ്സിലാക്കിയതു മുഴുവൻ അബദ്ധമായിരുന്നോ, ഇടയ്ക്കിടയ്ക്ക് വഴക്കുകൂടുമ്പോഴേ സ്നേഹത്തിന് ദൃഢതയുണ്ടാവൂ എന്നു പഠിപ്പിച്ചത് അമ്മയാണ്. ആ ചെറിയ വഴക്കാണിത്രയും വലുതായി മനുവുമായി വേർപിരിയേണ്ടി വന്നത്. അത്രമാത്രം അകന്നു പോയി. എന്തിനും ഏതിനും കുറ്റം പറയുന്നത് അറിയാതെ ശീലിച്ചു പോയി. പിന്നെ പൊരുത്തക്കേടുകളുടെ മഹാപ്രവാഹം തന്നെയായിരുന്നു.

അല്ലെങ്കിലും അത്ര വിഷമിക്കാനൊന്നുമില്ല. ഈ ആധുനിക കാലത്ത് സ്വതന്ത്രമായി ജീവിക്കുവാൻ എന്താണു തടസ്സം. അരി തന്നെ പാചകം ചെയ്യണോ കഴിക്കണോ അതോ പട്ടിണി ക്കുറങ്ങണോ? എല്ലാം നമ്മുടെ ഇഷ്ടം അല്ലേ. ആരാ ചോദിക്കാനുള്ളത്. ആരെങ്കിലും ഒന്നു ചോദിക്കാനുള്ളത് ഒരു സുഖമല്ലേ.. ആയിരിക്കും.

പരാതിയും പരിഭവവുമില്ലാതെ പൂർണ്ണമനസ്സോടെ പിരിയുന്നു. മറ്റൊന്നുമുണ്ടായിട്ടല്ല. ഒന്നിച്ചു ജീവിക്കാൻ കഴിയുന്നില്ല, അതുതന്നെ കാരണം.

കോടതിയിൽ നല്ല തിരക്കായിരുന്നു. കുടുംബജീവിതങ്ങളിൽ എന്താണിത്ര അലോസരപ്പെടുത്താനുള്ളത്. കുടുംബജീവിതങ്ങളുടെ ദൃഢത പാടേ മാറിയിരിക്കുന്നു. എല്ലാം ഒരുതരം അഡ്ജസ്റ്റുമെന്റായി മാറുന്നു. പഴയ സങ്കല്പങ്ങളെല്ലാം തകിടം മറിയുകയാണ്. സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോയ തെവിടെയാണ്. കേസുകളുടെ ബാഹുല്യം നിമിത്തം കോടതി തന്നെ രണ്ടായി പിരിഞ്ഞു. രണ്ടുകോടതികൾ. ഒരിക്കലും ഇണങ്ങാത്തവരെപ്പോലെ.

"ഏതു കുടുംബങ്ങളിലാ ചേച്ചി പ്രശ്നമില്ലാത്തത്. നമ്മുടെ ഭാഗം മാത്രമാണ് ശരി എന്നു തോന്നുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്.

അല്പം ഒന്നു ക്ഷമിക്കാവുന്നതേയുള്ളൂ" ദീർഘകാലം അകന്നുനിന്ന് ഒന്നിച്ചിറങ്ങുന്ന ഭാര്യയുടെ സന്തോഷവും കുറ്റബോധവും കേട്ടപ്പോൾ ഞെട്ടിപ്പോയി. അല്ലെങ്കിലും ഈ ലോകത്ത് പത്ത് മിനിറ്റുകൊണ്ട് പറഞ്ഞു തീർക്കാവുന്ന പ്രശ്നങ്ങളല്ലേ ഉള്ളൂ.

കോടതി വരാന്തയിൽ കൈക്കുഞ്ഞുമായി കണ്ണീരൊഴുക്കുന്ന സ്ത്രീയെ കണ്ടപ്പോൾ അവരുടെ പ്രശ്നം എന്താണെന്നറിയാൻ താല്പര്യം തോന്നി. കൂലിവേല ചെയ്തു ജീവിക്കുന്ന സാധാരണ കുടുംബം. ഭർത്താവിനെ വേർപിരിയുന്ന സങ്കടം അവൾക്ക് സഹിക്കാൻ കഴിയുന്നില്ല. അയാളാണെങ്കിൽ ഭയങ്കര വാശിയിലും "എനിക്കവളെ വേണ്ട" അവരാവുന്നത്ര യാചിച്ചു.

എന്തിനാണെന്നെ ഉപേക്ഷിക്കുന്നത്? ഈ കുഞ്ഞുമായി ഞാനിനിയെവിടെ പോകാനാണ്? ഒന്നും വേണ്ട. ഭാര്യയായി കഴിയാനനുവദിച്ചാൽ മാത്രം മതി. പക്ഷേ, അയാൾ ഒട്ടും പിന്മാറാൻ തയ്യാറായില്ല. മറ്റേതോ സ്ത്രീയുമായി ജീവിക്കുവാൻ അയാൾ തീരുമാനിച്ചിരുന്നു. കോടതിയും പലതവണ ശ്രമിച്ചു. പതിവുപോലെ മറ്റേ സ്ത്രീയുമായി അയാൾ പോകുമ്പോൾ അവർ നിസ്സഹായയായി അനാഥത്വത്തിലേയ്ക്ക് നഷ്ടപ്പെടലിന്റെ അനന്ത വിഹായസിലേയ്ക്ക് അവർ നോക്കിനിന്നു. കണ്ണുനീരുവീണ കോടതിവരാന്തയിൽ തളർന്നിരുന്നു. ഉത്തരം കിട്ടാത്ത ചോദ്യമായി ആ കൈക്കുഞ്ഞും.



മനു കാറിൽ കയറി പോകുമ്പോൾ ഒന്നു നോക്കി. മനസ്സൊന്നു പിടഞ്ഞു. ഇന്നലെവരെയുള്ള എല്ലാം പിരിയുകയാണ്. കുറ്റബോധം അവളുടെ ചുറ്റും താണ്ഡവനൃത്തം ആരംഭിച്ചു. ദേവകി ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടവളായി. പതുക്കെ കോടതിയിൽ നിന്നുമിറങ്ങുമ്പോൾ ആ സ്ത്രീയുടെ കണ്ണീരും കുഞ്ഞിന്റെ ദയനീയ മുഖവുമായിരുന്നു മനസ്സു നിറയെ. രണ്ടുകൈയും നീട്ടിപ്പിടിക്കാൻ ആ കുഞ്ഞിനെപ്പോലെ എല്ലാവരും ശ്രമിച്ചിരുന്നോ..... ●

## നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടർ പി. വേണുഗോപാലന് ഐ.എ.എസ്. ലഭിച്ചു

നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടർ പി. വേണുഗോപാലന് ഐ.എ.എസ്. ലഭിച്ചു. ഇപ്പോൾ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയാണ് അദ്ദേഹം. 1988-ൽ ഷൊർണ്ണൂർ മുനിസിപ്പൽ കമ്മീഷണറായി ജോലിയിൽ പ്രവേശിച്ചു. തൃശൂർ, തിരുവനന്തപുരം കോർപ്പറേഷനുകളിൽ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോട്ടയം കുമ്മനത്ത് കുറിയാറ്റ് വീട്ടിൽ പരമേശ്വരൻ നായരുടെയും രുഗ്മിണി അമ്മയുടെയും മകനാണ്. കുമ്പമൺ സെന്റ് ജോൺസ് സ്കൂളിലെ അദ്ധ്യാപിക ബീനപിള്ളയാണ് ഭാര്യ. മകൻ ഹരികൃഷ്ണൻ.

**ഏറ്റവും ഉയർന്ന കല, ജീവിതത്തിൽ പരിശുദ്ധിയാണ്.**

***മഹാത്മാഗാന്ധി***

## പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

ലില്ലി ഫ്രാൻസിസ്

# ജാഗ്രതാ സമിതി
# കുടുംബ ശാക്തീകരണ വേദി

**ജാ**ഗ്രതാ സമിതിയുടെ പ്രവർത്തന ക്ഷമമായ ഒരു മാതൃക സൃഷ്ടിക്കുന്നതിനുള്ള ശ്രമമാണ് കഴിഞ്ഞ രണ്ട് വർഷക്കാലമായി പാണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നടന്നുവരുന്നത്. എസ്.ഡി.സി ക്യാപ്ഡെക്കിന്റെ സഹായത്തോടെ സേവയാണ് ഇതിന് വേണ്ട അക്കാദമിക് സഹായം പഞ്ചായത്തിന് നൽകിയത്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ ഉതകുന്ന ഒരു പഞ്ചായത്ത് തല സ്ഥാപനസംവിധാനം എന്നതിലുപരി സ്ത്രീകളുടെ സാമൂഹ്യവും ഗാർഹികവുമായ പദവി ഉയർത്തി അവരെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക, കേവലം സ്ത്രീകളുടെയും കുട്ടികളുടെയും പരാതി പരിഹാരവേദി എന്നതിലുപരി പഞ്ചായത്ത്രാജ് സംവിധാനത്തിന്റെ അവിഭാജ്യഘടകമായ മാതൃകാ സ്ത്രീകുടുംബ ശാക്തീകരണ വേദിയായി ജാഗ്രതാ സമിതിയെ വികസിപ്പിച്ചെടുക്കുക, ഗ്രാമസഭകളുൾപ്പെടെ എല്ലാ പഞ്ചായത്ത്രാജ് ഘടകങ്ങളിലും വർദ്ധിച്ച സ്ത്രീപങ്കാളിത്തം ഉറപ്പ് വരുത്തി പഞ്ചായത്ത് രാജ് സംവിധാനങ്ങളെ കൂടുതൽ കരുത്തുറ്റതും ഫലപ്രദവുമാക്കി മാറ്റുക, പ്രാദേശിക വികസനപരിപാടികളിൽ സ്ത്രീപക്ഷ കാഴ്ചപ്പാടോടുകൂടിയ വികസന പദ്ധതികൾക്ക് രൂപം നല്കി നടപ്പിലാക്കാൻ സഹായിക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വന്നത്.

പദ്ധതിയുടെ ആദ്യ 6 മാസക്കാലത്തെ പ്രവർത്തനത്തിന്റെ സ്വാഭാവിക പരിണാമമായിരുന്നു ജാഗ്രതാ സമിതിയുടെ രൂപീകരണവും അതിന്റെ ഔദ്യോഗിക ഉദ്ഘാടന പരിപാടിയും. സംസ്ഥാന വനിത കമ്മീഷന്റെയും പാണഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും സഹായ സംഘടനയായിരുന്ന സേവയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന റാലിയിൽ മൂവായിരത്തോളം സ്ത്രീ പുരുഷന്മാർ പങ്കെടുത്തു. ജാഗ്രതാ സമിതി അംഗങ്ങൾ പൊതുജന മദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ജാഗ്രതാസമിതിക്ക് പഞ്ചായത്ത് അനുവദിച്ച ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനവും അന്നുതന്നെ നിർവ്വഹിക്കപ്പെട്ടു. തുടർന്നുള്ള കാലയളവിൽ ജാഗ്രതാ സമിതിയെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമാക്കി മാറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി വളർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടന്നുവരുന്നത്.

നാളിതുവരെ നടന്ന ജാഗ്രതാ സമിതി പ്രവർത്തനങ്ങളുടെ വിജയം അത് കൈവരിച്ച ജനകീയ അംഗീകാരവും പങ്കാളിത്തവുമാണ്. വിവിധ പരിപാടികളിലൂടെ 5000-ൽപരം സ്ത്രീ പുരുഷന്മാർ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളായി.

ജാഗ്രതാസമിതിയുടെ വാർഡ് തല വിജിലൻസ് കമ്മറ്റി (വാർഡ് ജാഗ്രതാ സമിതി) രൂപീകരണവും ഗ്രാമസഭകളിൽ അതിലെ അംഗങ്ങൾ പ്രതിജ്ഞയെടുത്ത് അധികാരമേറ്റതും പദ്ധതി പ്രവർത്തനത്തിന്റ ഭാഗമായി ഗ്രാമസഭകൾ വിജയിപ്പിക്കുവാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങളും മേൽവിവരിച്ച ലക്ഷ്യപ്രാപ്തിയിലേയ്ക്കുള്ള ശ്രദ്ധേയമായ ചുവടുവെയ്പായിരുന്നു.

എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച ജാഗ്രതാസമിതിയുടെ യോഗം കൂടാറുണ്ട്. യോഗത്തിൽ അതാത് മാസങ്ങളിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാറുണ്ട്. ആവശ്യാനുസരണം വിശേഷാൽ യോഗവും കൂടാറുണ്ട്. ജാഗ്രതാസമിതിയുടെ പ്രവർത്തനസൗകര്യം കണക്കിലെടുത്ത് നിയമ സഹായ പരാതി പരിഹാര സെൽ, ജൻഡർ ഡസ്ക്ക്, ലൈബ്രറി എന്നിങ്ങനെ മൂന്ന് ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

### നിയമ സഹായ - പരാതി പരിഹാര സമിതി

ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ ഒരു ഘടകമാണ് ഈ പഞ്ചായത്തിലെ നീതി നിക്ഷേധിക്കപ്പെട്ട, അവഗണിക്കപ്പെട്ട ജനങ്ങളുടെ പ്രത്യേകിച്ചും സ്ത്രീജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും സുരക്ഷിതരായി ജീവിതം തുടർന്ന് കൊണ്ടുപോകാൻ ഉതകുന്ന അവസ്ഥ സൃഷ്ടിക്കപ്പെടുകയും ചെയ്യുകയെന്നുള്ളത്. ഈ ലക്ഷ്യപ്രാപ്തി

ക്കായി കഴിഞ്ഞ രണ്ട് വർഷത്തിലേറെ നടത്തിയ ബോധവത്ക്കരണ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപദേശങ്ങൾക്കും പരാതി പരിഹാരങ്ങൾക്കുമായി ധാരാളം ജനങ്ങൾ ജാഗ്രതാ സമിതിയുടെ ഓഫീസിൽ എത്തിച്ചേരുന്നു. ഈ രണ്ട് വർഷക്കാലയളവിൽ 319 പരാതികൾ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 146 പരാതികൾ സിവിൽ സ്വഭാവമുള്ളവയും 73 പരാതികൾ കുടുംബ സംബന്ധിയായവയും 73 പരാതികൾ ക്രിമിനൽ സ്വഭാവത്തിലും 27 എണ്ണം വാക്കാൽ തന്ന പരാതിയുമാണ് (വാക്കാൽ തന്ന പരാതികളിൽ തന്നെ മുൻപ്സൂചിപ്പിച്ച സ്വഭാവമുള്ളവയുമുണ്ട്). ഇവയിൽ 243 പരാതികൾക്ക് ജാഗ്രതാ സമിതിയിൽതന്നെ ഒത്ത് തീർപ്പാക്കുവാൻ സാധിച്ചു. 21 കേസുകൾ കോടതിയിലേയ്ക്കും 33 കേസുകൾ പോലീസ് സ്റ്റേഷനിലേയ്ക്കും, പഞ്ചായത്ത് ഭരണസമിതിയുടെ ഉപദേശങ്ങൾക്കായി 2 പരാതികളും, ജില്ലാ കളക്ടറുടെയടുത്തേയ്ക്ക് 2 പരാതികളും, ട്രൈബൽ ഡിപ്പാർട്ടുമെന്റിലേക്കും വനിത കമ്മീഷനിലേയ്ക്കും ഓരോ പരാതി വീതവും തുടർനടപടിയ്ക്കായി കൊടുത്തിട്ടുണ്ട്. 19 പരാതികളുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജാഗ്രതാ സമിതിയുടെ രണ്ട് വനിത മെമ്പറന്മാർ, കുടുംബശ്രീ ചെയർ പേഴ്സൺ, പോലീസ് സബ് ഇൻസ്പെക്ടർ, അഭിഭാഷക എന്നിവരാണ് ജാഗ്രതാസമിതി നിയമോപദേശക സമിതിയുടെ അംഗങ്ങൾ. ഇവർ തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ പരാതികൾ പരിശോധിക്കുകയും തുടർ നടപടികൾ കൈക്കൊള്ളാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ഈ കാലയളവിലെ പ്രശ്ന പരിഹാരപ്രവർത്തന അനുഭവങ്ങൾ പരിശോധിക്കുമ്പോൾ സമിതിയുടെ ഇടപെടൽമൂലം നീതിയും സംരക്ഷണവും ഉറപ്പുവരുത്തുവാനും, മുറിഞ്ഞ ബന്ധങ്ങളെ ഒരു പരിധിവരെ സൗഹൃദത്തിലേയ്ക്ക് കൊണ്ടുവരുവാനും, സ്ത്രീ ജനങ്ങൾക്ക് പോലീസ്- നിയമ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ വേണ്ടുന്ന ധൈര്യവും വഴിയും ഒരുക്കികൊടുക്കുവാനും സാധിച്ചിട്ടുണ്ട് എന്ന് പറയാം. പരാതികളിന്മേൽ എതിർ കക്ഷികളുടെ സഹകരണ മനോഭാവവും വിജിലൻസ് സെൽ അംഗങ്ങളുടെ സന്നദ്ധതയും നിഷ്പക്ഷതയോടും രഹസ്യാത്മകതയോടും കൂടി പരാതികൾ ഒത്തുതീർപ്പാക്കി സൗഹാർദ്ധപൂർവ്വം ഇരു കക്ഷികളെയും പറഞ്ഞുവിടുന്നതിനുള്ള സമിതിയുടെ കഴിവും പരാതികളിന്മേൽ പോലീസ് വകുപ്പിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സഹകരണവും പ്രവർത്തനനേട്ടങ്ങളായി എടുത്ത് പറയേണ്ടതാണ്.

## ജെൻഡർ ഡസ്ക്ക്

സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീപുരുഷ അസമത്വം ഇതുപോലെ തുടരുന്നത് സമൂഹത്തിന്റെ സുഗമമായ മുന്നോട്ട് പോക്കിന് തടസ്സം സൃഷ്ടിക്കും എന്ന തിരിച്ചറിവാണ് ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ ജൻഡർ ഡസ്ക്ക് എന്ന ഒരു സ്ഥിരം സംവിധാനം സ്കൂളുകളിൽ നടപ്പിൽ വരുത്തുന്നതിന് പ്രചോദനമായത്.

പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ (ജാഗ്രതാ സമിതി അംഗങ്ങൾ) വിദ്യാഭ്യാസ വിചക്ഷണന്മാർ, ജില്ലാ പഞ്ചായത്ത് മെമ്പർ, സ്കൂളിൽ നിന്നും തിരഞ്ഞെടുത്ത അദ്ധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ, സാമൂഹ്യജൻഡർ തത്പരർ എന്നിവരടങ്ങിയ ഒരു പഞ്ചായത്ത്തല ഉപസമിതിയും, ഓരോ സ്കൂളിലും ആ സ്ക്കൂളിലെ ഹെഡ് ടീച്ചർ, വിദ്യാർത്ഥി പ്രതിനിധികൾ, പി.റ്റി.എ, എം.പി.റ്റി.എ. പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, പഞ്ചായത്ത് മെമ്പർ, സാമൂഹ്യതൽപ്പരർ എന്നിവരടങ്ങിയ സ്കൂൾതല ജൻഡർ ഡസ്ക്കുമാണ് ഇതിന്റെ ഘടന.

പഞ്ചായത്ത് തല ജൻഡർ ഡസ്ക്ക് മാസത്തിലൊരിക്കൽ യോഗം കൂടുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രശ്നപരിഹാരത്തിനുള്ള ഒരു കൗൺസലിംഗ് സെന്ററായി ജൻഡർ ഡസ്ക്ക് പ്രവർത്തിച്ചു വരുന്നു.

## ലൈബ്രറി

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, വിവേചനങ്ങൾ എന്നിവയ്ക്കെതിരെയുള്ള സാമൂഹ്യ നിയമ സംവിധാനങ്ങൾ, സാമൂഹ്യ സാമ്പത്തിക നീതി എന്നിവയുടെ ബോധവൽക്കരണം, പ്രചാരണം, സ്ത്രീ പുരുഷന്മാരുടെ വായന, കൂട്ടായ്മകൾ, സദൃശ്യ മാദ്ധ്യമങ്ങൾ ഉയോഗിച്ചുള്ള ബോധവത്ക്കരണം, പ്രചാരണം, ചർച്ചാ ക്ലാസ്സുകൾ, പഠനക്കളരികൾ, പഠന യാത്രകൾ, യുവതീ-യുവാക്കൾക്ക് വിവാഹ മുന്നൊരുക്ക കൗൺസലിംഗ് എന്നിവ ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ജാഗ്രതാ സമിതിയുടെ റഫറൻസ് ലൈബ്രറി-കം-പരിശീലന കേന്ദ്രം. ഈ പഞ്ചായത്തിലെ ഏതൊരു സ്ത്രീ പുരുഷന്മാർക്കും കുട്ടികൾക്കും അംഗത്വമെടുക്കാവുന്നതാണ്. ഭരണ സമിതിയിലേയ്ക്ക് സ്ത്രീകളെ മാത്രമെ ഉൾക്കൊള്ളിക്കുകയുള്ളൂ.

കഴിഞ്ഞ രണ്ടു വർഷത്തിലെ പ്രോജക്ടുകളിലും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്ക് നീക്കിവെച്ച ഫണ്ടിൽ ലൈബ്രറി പുസ്തകങ്ങൾക്ക് ഫണ്ട് വകയിരുത്തിയിരുന്നു.

ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ഒരു വർഷം തികഞ്ഞപ്പോൾ സഹായ സംഘടനയായ സേവ പിൻമാറുകയും ഇപ്പോൾ പൂർണ്ണമായും പാണഞ്ചേരി പഞ്ചായത്തിന്റെ മേൽനോട്ടത്തിലും സഹകരണത്തിലും സമിതി പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ ക്ഷേമകാര്യപ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ച് ജാഗ്രതാ സമിതി പ്രവർത്തിച്ചുവരുന്നു.

*(ലേഖിക പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും ജാഗ്രതാസമിതി ചെയർ പേഴ്സണുമാണ്.)*

# LFA കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

## കേരള സർക്കാർ

എച്ച്1-13880/06 പഞ്ചായത്ത് ഡയറക്ടറാഫീസ്

തിരുവനന്തപുരം, തീയതി: 18-01-2007

### സർക്കുലർ

വിഷയം: കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന: 03.11.2006 ലെ 45778/പി.എ3/06/ത.സ്വ.ഭ. നമ്പർ സർക്കാർ കത്ത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയരുകയും അവയുടെ അധികാരവും ഉത്തരവാദിത്തവും വിപുലമാവുകയും സംസ്ഥാന സഞ്ചിതനിധിയുടെ മുപ്പത്തി അഞ്ച് ശതമാനത്തോളം വരുന്ന തുക വികസന ആവശ്യങ്ങൾക്കായി ലഭിക്കുകയും ചെയ്തു വരുന്നു. ഗ്രാമ പഞ്ചായത്തുകളുടെ 1998 മുതൽ 2002 വരെയുള്ള കാലഘട്ടത്തിലെ അക്കൗണ്ടുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നടത്തിയ പരിശോധനകളുടെ സമാഹൃത റിപ്പോർട്ട് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പു നടത്തുകയും ചില ഗ്രാമ പഞ്ചായത്തുകൾ സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ടു വിലയിരുത്തുകയും ചെയ്തതിൽ ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന ഭരണനിർവ്വഹണത്തിലും സാമ്പത്തിക വിനിമയത്തിലും താഴെപ്പറയുന്ന ക്രമക്കേടുകളുള്ളതായി സമിതി കണ്ടെത്തി.

- ❑ കൈമാറി കിട്ടിയ അധികാരങ്ങൾ വിനിയോഗിക്കുന്നത് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ഭരണനിർവ്വഹണം കാര്യക്ഷമമായി നടക്കുന്നില്ല.
- ❑ ഫയലുകളും രേഖകളും രജിസ്റ്ററുകളും ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി എഴുതി സൂക്ഷിക്കുന്നതിലും അവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലും ഗുരുതരമായ വീഴ്ചയുണ്ട്.
- ❑ പണ സംബന്ധമായ ഇടപാടുകളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പലപ്പോഴും ലംഘിക്കപ്പെടുന്നു.
- ❑ വികസന പ്രോജക്ടുകൾ മെച്ചമായ ഗുണഫലം ലഭിക്കത്തക്ക വിധം സംയോജിപ്പിക്കുന്നതിൽ ദീർഘ വീക്ഷണം പുലർത്തുന്നില്ല. അതുകാരണം പലപ്പോഴും ലക്ഷ്യം കൈവരിക്കാതെ പോവുകയും ധനനഷ്ടവും പാഴ്ചെലവും ഉണ്ടാവുകയും ചെയ്യുന്നു.
- ❑ മിക്ക ഗ്രാമപഞ്ചായത്തുകളും ആഡിറ്റ് പരിശോധനയ്ക്കായി വാർഷിക കണക്കുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകാത്തതിനാൽ പരിശോധനകൾ യഥാസമയം നടക്കുന്നില്ല.
- ❑ പരിശോധനകളിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ അക്ഷന്തവ്യമായ കൃത്യവിലോപമുണ്ട്. അതു കാരണം ക്രമക്കേടുകൾക്കുത്തരവാദികളായവർ പലപ്പോഴും നടപടിയൊന്നും നേരിടാതെ രക്ഷപ്പെടുന്നതായും ഗ്രാമ പഞ്ചായത്തുകൾക്കുണ്ടായ നഷ്ടം ഈടാക്കാൻ കഴിയാതെ വരികയും ചെയ്യുന്നതായി കാണുന്നു.
- ❑ നിയമസഭാസമിതി ആവശ്യപ്പെടുന്ന രേഖകളും റിപ്പോർട്ടുകളും യഥാസമയം നല്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ട്. മാത്രമല്ല നല്കുന്ന റിപ്പോർട്ടുകൾ പലതും അവ്യക്തവും അപൂർണ്ണവുമാണ്.
- ❑ ഗ്രാമ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും ചുമതലയുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഇക്കാര്യത്തിൽ കാര്യമായ മേൽനോട്ടം വഹിക്കുന്നില്ല.
- ❑ ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ചുമതലയുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ തങ്ങളുടെ ഉത്തരവാദിത്തം ഫലപ്രദമായി നിർവ്വഹിക്കുന്നില്ല.
- ❑ പ്രത്യേക പരിശോധനകളോ ആകസ്മിക പരിശോധനകളോ നടക്കുന്നില്ല.
- ❑ വികസനാവശ്യങ്ങൾക്ക് പദ്ധതി വിഹിതമായി വൻതുക ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ മിക്ക ഗ്രാമ പഞ്ചായത്തുകളും തനതു വരുമാനം പിരിച്ചെടുക്കുന്ന കാര്യത്തിൽ വളരെയേറെ അലംഭാവം കാട്ടുന്നു.

മേൽപ്പറഞ്ഞ ക്രമക്കേടുകളും അപാകതകളും പരിഹരിക്കുന്നതിനും ഭാവിയിൽ അവ ആവർത്തിക്കാതിരിക്കാനും ആവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്ന റിപ്പോർട്ട് നിയമസഭാസമിതി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സമിതിയുടെ നിർദ്ദേശങ്ങളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ സൂചനയിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നു. ആയതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളുടെ ദൈനംദിന ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

#### 1. ജോലി വിഭജന രേഖ - ഓഫീസ് ഉത്തരവ്

ഏതൊരാഫീസിന്റെയും ദൈനംദിന പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നടക്കുന്നതിന്, പ്രസ്തുത ആഫീസിലെ ഓരോ ജീവനക്കാരനും/ ജീവനക്കാരിക്കും തന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും അവ എപ്രകാരം നിർവ്വഹിക്കേണ്ടതാണെന്നും ഉത്തരവാദിത്തങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിൽ വീഴ്ചയോ അലംഭാവമോ ഉണ്ടായാലുള്ള ബാധ്യതകൾ/ഭവിഷ്യ

ത്തുകൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയുണ്ടായിരിക്കേണ്ടതാവശ്യമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180-ാം വകുപ്പിൽ, കണ്ടിജന്റ് ജീവനക്കാരൊഴികെ ഒരു ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരായിരിക്കുമെന്നും പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയന്ത്രണം പ്രസ്തുത പഞ്ചായത്തിനായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങളും ജോലികളും യഥാവിധി നിർവ്വഹിക്കുന്നതിനും ബാധ്യസ്ഥരായിരിക്കും.

1998 ലെ കേരള പഞ്ചായത്ത് രാജ് (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ; ഒരു ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളുടെ നിർവ്വഹണവും അധികാര വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ റിക്കാർഡുകളും പഞ്ചായത്തിന്റെ ഏതൊരു കമ്മിറ്റിയുടെയും യോഗ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട എല്ലാ റിക്കാർഡുകളും സെക്രട്ടറിയുടെ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതുപോലെ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 12-ാം ചട്ടത്തിന്റെ 1-ാം ഉപചട്ടത്തിൽ ആഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നല്കേണ്ടതാണ് എന്നും 2-ാം ഉപചട്ടത്തിൽ ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നല്കാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ, നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത 12-ാം ചട്ടത്തിന്റെ 4-ാം ഉപചട്ടത്തിൽ ഓഫീസ് ഉത്തരവുകളുടെയും പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ, ഏൽപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ വീഴ്ച വരുത്തിയത് മൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും ദുർവ്വിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിയ്ക്കും മേൽ നോട്ടപ്പിശകിനും ഉത്തരവാദിത്തമുണ്ടായിരിക്കും എന്നും വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ വ്യക്തവും ആധികാരികവുമായ ഓഫീസ് ഉത്തരവു മുഖേന ഗ്രാമ പഞ്ചായത്തിലെ ജോലികൾ വിഭജനം ചെയ്യേണ്ടതും അത് യഥാവിധി പാലിക്കപ്പെടുന്നുണ്ട് എന്ന് നിരന്തരം നിരീക്ഷിച്ചു ഉറപ്പു വരുത്തേണ്ടതും കൃത്യവിലോപവും വീഴ്ചകളും അപ്പപ്പോൾ തന്നെ പരിഹരിക്കേണ്ടതും അനിവാര്യമാണ്. ഇതിനായി, സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുമതിയോടെ, താൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായി, രേഖാമൂലമുള്ള ഉത്തരവ് മൂലം തന്റെ ഏതെങ്കിലും ചുമതലകൾ പഞ്ചായത്തിലെ ഏത് ഉദ്യോഗസ്ഥനും ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് എന്നും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 184-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ***കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മേൽപ്പറഞ്ഞ വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടി സ്ഥാനത്തിൽ ഓഫീസിലെ ഓരോ ജീവനക്കാരന്റെയും/ജീവനക്കാരിയുടെയും ഉത്തരവാദിത്തങ്ങൾ, എന്തൊക്കെയാണെന്നും ആയതിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ ബാധ്യതകൾ എന്തൊക്കെയാണെന്നതും സംബന്ധിച്ചും വ്യക്തമാക്കിക്കൊണ്ട് ഉടൻ പ്രാബല്യത്തിൽ വരുംവിധം ഓഫീസ് ഉത്തരവ് നല്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും നടപടി സ്വീകരിക്കേണ്ടതാണ്.***

**2.** പ്രസ്തുത ഓഫീസ് ഉത്തരവിൽ, ഓരോ ജീവനക്കാരനും കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ, മറ്റു രേഖകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവയുടെ സുരക്ഷിതമായ സൂക്ഷിപ്പിനും, പരിശോധനകൾക്കായി അവ ഹാജരാക്കുന്നതിനുമുള്ള ഉത്തരവാദിത്തം പ്രസ്തുത ജീവനക്കാർക്കാണ് എന്ന് പ്രത്യേകം വ്യക്തമാക്കിയിരിക്കണം.

### 3. എം.ഒ.പി. പാലിക്കണം

വിവിധ വകുപ്പുകളിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ ഉൾപ്പെടെ ഒരു ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ അവലംബിക്കേണ്ട നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ" സർക്കാർ തലത്തിൽ ഉടനെ പുറപ്പെടുവിക്കുന്നതാണ്. അതുവരെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും മറ്റും ഓഫീസ് നടപടി ഗ്രന്ഥത്തിലെ (എം.ഒ.പി.) വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും അവ യഥാസമയം പരിശോധനയ്ക്ക് നല്കേണ്ടതുമാണ്. ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 4. പൗരാവകാശരേഖയിലെ വ്യവസ്ഥകൾ പാലിക്കണം

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കൽ, വിവിധ സാക്ഷ്യപത്രങ്ങൾ, മറ്റു സേവനങ്ങൾ ഇവ നൽകുന്നതിന് പഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖയിൽ നിർണ്ണയിച്ചിട്ടുള്ള ദിവസങ്ങളിൽ ക്ലിപ്തപ്പെടുത്തേണ്ടതും ശേഷിക്കുന്ന ദിവസങ്ങൾ ഓഫീസ് ജോലികൾക്കായി; അതായത് ഫയലുകൾ ശരിയാക്കൽ, രജിസ്റ്ററുകൾ യഥാവിധി എഴുതി പൂർത്തീകരിക്കൽ, രേഖകൾ തയ്യാറാക്കൽ എന്നിവയ്ക്കായി നീക്കിവയ്ക്കേണ്ടതുമാണ്.

### 5. ഇൻകുംബൻസി - മാസ്റ്റർ രജിസ്റ്റർ

കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം, ടെലഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ

അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടത്യാവശ്യമാണ്. മേൽപ്പറഞ്ഞ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കി തന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതും ടിയാൻ സ്ഥലം മാറിപ്പോകുമ്പോൾ/ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോൾ പുതുതായി ചുമതലയേൽക്കുന്ന ഉദ്യോഗസ്ഥനെ/സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും ഇക്കാര്യം Report of transfer charges പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന സെക്രട്ടറിമാരുടെ എൽ.പി.സി./ശമ്പള ബിൽ തടഞ്ഞുവെയ്ക്കേണ്ടതും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരും പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരും പ്രത്യേകം ശ്രദ്ധിക്കണം.

**6. ആഡിറ്റ് - വാർഷിക ധനകാര്യ പത്രിക - വാർഷിക ഡി.സി.ബി.**

ഗ്രാമ പഞ്ചായത്തുകളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധന, പെർഫോമൻസ് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന ഇവയ്ക്കു പുറമേ ചിലപ്പോൾ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയും നടക്കാറുണ്ട്. മേൽപറഞ്ഞവയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കായി പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ നല്കേണ്ടതുണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 11-ാം ചട്ട പ്രകാരം സാമ്പത്തികവർഷം അവസാനിച്ച് നാല് മാസത്തിനകം, അതായത് ജൂലൈ 31-ാം തീയതിക്ക് മുമ്പ്, ആ പഞ്ചായത്തിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യാൻ അധികാരപ്പെടുത്തിയ ആഡിറ്റർക്ക് നല്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടപ്രകാരവും നിശ്ചിത സമയ പരിധിയ്ക്കുള്ളിലും ധനകാര്യ സ്റ്റേറ്റുമെന്റ് ആഡിറ്റിന് സമർപ്പിക്കാത്ത സെക്രട്ടറിയുടെ പേരിൽ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് 9-ാം വകുപ്പ് 2-ാം ഉപ വകുപ്പ് പ്രകാരവും പ്രസ്തുത ആക്ടിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചും നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ഏൽപ്പിച്ചിട്ടുള്ള ജോലികൾ എല്ലാ ഉദ്യോഗസ്ഥരും യഥാസമയം നിർവ്വഹിച്ചാൽ വാർഷിക കണക്കുകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ തയ്യാറാക്കാവുന്നതാണ്. ആയതിനാൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ എല്ലാ ജീവനക്കാർക്കും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതും വീഴ്ച വരുന്ന പക്ഷം (പിഴയൊടുക്കൽ, പ്രോസിക്യൂഷൻ എന്നിവ) എല്ലാ ജീവനക്കാർക്കും ബാദ്ധ്യത ഉണ്ടായിരിക്കുന്നതുമാണ്.

**7. മുൻകൂട്ടി അറിയിപ്പ് ലഭിക്കുന്ന പരിശോധനകളെ സംബന്ധിച്ച്**

ഏത് കാലഘട്ടത്തിലെ കണക്കുകളാണോ പരിശോധിക്കുന്നത് ആ കാലഘട്ടങ്ങളിൽ സെക്രട്ടറിയായിരുന്ന/ചാർജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥനെയും ആവശ്യമെങ്കിൽ മറ്റു ജീവനക്കാരെയും രേഖാമൂലം വിവരം അറിയിപ്പ് നല്കിയും അവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചയ്ക്ക് സെക്രട്ടറിമാർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

**8. പരിശോധനകളിൽ സഹകരിക്കൽ**

മുൻകൂട്ടി അറിയിപ്പ് ലഭിക്കുന്ന പരിശോധനകളെ സംബന്ധിച്ച് ഓഫീസ് ഉത്തരവ് മുഖേന എല്ലാ ജീവനക്കാരെയും വിവരം അറിയിക്കേണ്ടതാണ്. പരിശോധകർക്കാവശ്യമായ രേഖകൾ നല്കുന്നതിന് പ്രസ്തുത ദിവസങ്ങളിൽ എല്ലാ ജീവനക്കാരും നിർബ്ബന്ധമായും ആഫീസിൽ ഉണ്ടായിരിക്കേണ്ടതുമാണ്. വീഴ്ച വരുത്തുന്ന ജീവനക്കാരെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം വിവരമറിയിക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉടനെ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**9. അന്വേഷണാവശ്യാർത്ഥം ഫയലുകൾ/രേഖകൾ/രജിസ്റ്ററുകൾ നൽകൽ**

ഏതെങ്കിലും കേസ്സുമായി ബന്ധപ്പെട്ട ഫയലുകളോ രജിസ്റ്ററുകളോ രേഖകളോ ഏതെങ്കിലും കോടതിയ്ക്കോ വിജിലൻസ് വകുപ്പിനോ കൈമാറേണ്ടി വരുന്ന സന്ദർഭത്തിൽ പ്രസ്തുത രജിസ്റ്ററിന്റെ/ഫയലുകളുടെ/രേഖകളുടെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് എടുത്ത് സാക്ഷ്യപ്പെടുത്തി ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

**10. പരിശോധനാ റിപ്പോർട്ടുകളിന്മേൽ തുടർനടപടി**

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെത് ഉൾപ്പെടെ ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന വിവിധ പരിശോധനകളുടെ റിപ്പോർട്ടിന്മേൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു യു.ഡി. ക്ലാർക്കിന് പ്രത്യേക ചുമതല നല്കേണ്ടതും ഹെഡ് ക്ലാർക്കിന്/ജൂനിയർ സൂപ്രണ്ടിന് ആയതിന്റെ മേൽനോട്ട ചുമതല നൽകേണ്ടതുമാണ്. പരിശോധനാ റിപ്പോർട്ടുകളിന്മേൽ നിയമം വ്യവസ്ഥ ചെയ്യുന്ന നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ടവരെ വിവരം അറിയിക്കേണ്ടതും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവരിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം ഈടാക്കേണ്ടതുമാണ്.

11. നിയമസഭാസമിതി ഫയലുകളും രേഖകളും ഹാജരാക്കുവാൻ നിർദ്ദേശിക്കുന്ന അവസരത്തിൽ, അവ യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ഫയലുകളും രേഖകളും ഹാജരാക്കുന്നതിലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലും യാതൊരു കാരണവശാലും വീഴ്ച വരുത്താൻ പാടില്ല. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച വളരെ ഗൗരവമായി വീക്ഷിക്കുന്നതും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

12. ഒരു ആഡിറ്റ് റിപ്പോർട്ട് ലഭിക്കുകയും അതിൽ ക്രമക്കേടുകൾ/നിരാകരണം ഇവ വ്യക്തമാക്കുകയും ചെയ്തിരുന്നിട്ടും ആയതിന്മേൽ യഥാസമയം നടപടികൾ ഒന്നും സ്വീകരിക്കാത്തത് കാരണം ക്രമ

ക്കേടിനുത്തരവാദിയായ ഉദ്യോഗസ്ഥൻ രക്ഷപ്പെടുകയും തുക ഈടാക്കാൻ കഴിയാതെ വരികയും ചെയ്താൽ ഇപ്രകാരം പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച സമയം മുതൽ അവ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥൻ, മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ഈടാക്കുന്നതായിരിക്കും. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

**13.** ആഡിറ്റ് റിപ്പോർട്ടിൽ, ഒരു ചെലവ് സംബന്ധിച്ച് പ്രസ്തുത തുക നിരാകരിച്ചതായോ അല്ലെങ്കിൽ തുക ചെലവു ചെയ്തത് നടപടി ക്രമങ്ങൾ പാലിക്കാത്തത് മൂലം തടസ്സപ്പെടുത്തിയതായോ പരാമർശിക്കുകയും ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരെന്നും വ്യക്തമാക്കിയിട്ടുള്ള പക്ഷം പ്രസ്തുത നിരാകരണത്തെ/തടസ്സത്തെ സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ യഥാസമയം വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള അറിയിപ്പിന്മേൽ മറുപടിയ്ക്കായി സമയപരിധി നിശ്ചയിച്ചുകൊണ്ടു ബന്ധപ്പെട്ട ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം രജിസ്റ്റർ ചെയ്ത തപാലിൽ നൽകേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭിക്കുകയാണെങ്കിൽ ആയത് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ വെക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സഹിതം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഉത്തരവാദിയായ ആളിൽ നിന്നും മറുപടിയൊന്നും ലഭിക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സർചാർജ് ചെയ്തില്ലെങ്കിൽ പോലും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിമാർ ബാധ്യസ്ഥരായിരിക്കും. ഇപ്രകാരം തുക ഈടാക്കുന്നതിന് 1968-ലെ കേരള റവന്യൂ റിക്കവറി നിയമ പ്രകാരമോ അല്ലെങ്കിൽ 1963-ലെ കേരള പബ്ലിക് അക്കൗണ്ടന്റ് ആക്ട് പ്രകാരമോ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നല്കേണ്ടതാണ്. (16.04.2005 ലെ G.O. (MS) 97/2005/RD ഉത്തരവു പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നിയമം ബാധകമാക്കിയിട്ടുണ്ട്. SRO No. 368/2005. KG Ext. No. 809 dated 18.04.2005)

### 14. ആഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കൽ - രജിസ്റ്റർ

ഒരു ആഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ അതിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകളും ക്രമക്കേടുകളും പരിഹരിക്കുന്നതിന്റെ ഭാഗമായി Register of Audit Objections ൽ Objections പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഇവ പരിഹരിക്കുന്നതിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും പ്രതിമാസ പുരോഗതി നിശ്ചിത ഫാറത്തിൽ തയ്യാറാക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇപ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ജില്ലാതലത്തിൽ അവലോകനം ചെയ്യേണ്ടതും തൽസംബന്ധമായ പുരോഗതി വിവരണ പത്രിക തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പ് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിളിച്ചു ചേർക്കുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ കോൺഫറൻസിൽ ഇത് സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

### 15. സർചാർജ് സർട്ടിഫിക്കറ്റിന്മേൽ നടപടി

ഒരു ചെലവ് നിയമവിരുദ്ധമെന്ന് ആഡിറ്റിൽ കണ്ടെത്തുകയും നിയമവിരുദ്ധമായി തുക നല്കിയ ഉദ്യോഗസ്ഥനെതിരെ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യുന്ന സംഗതിയിൽ ലോക്കൽ ഫണ്ട് ഡയറക്ടറുടെ തീരുമാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കുന്നതോടൊപ്പം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെയും അറിയിക്കാറുണ്ട്. ആർക്കെതിരെയാണോ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളത് ആ ഉദ്യോഗസ്ഥന് പ്രസ്തുത സർചാർജ് സാക്ഷ്യപത്രം കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ അതിനെതിരെ ജില്ലാ കോടതിയെ സമീപിക്കാവുന്നതാണ്. മേൽപ്പറഞ്ഞ സമയപരിധിയ്ക്കകം കോടതിയെ സമീപിച്ചില്ലെങ്കിൽ സർചാർജ് തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന് 1997-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ 16-ാം വകുപ്പ് 4-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ തുക ഒടുക്കാത്തയാളിൽ നിന്ന് പ്രസ്തുത തുക ഈടാക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കാണ്. ഇത്തരത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ സർചാർജ് ചെയ്ത തുക യഥാസമയം ഈടാക്കാതെ കാലഹരണം സംഭവിച്ചാൽ പ്രസ്തുത സംഖ്യ തൽസമയം (അറിയിപ്പ് ലഭിച്ച സമയം) സെക്രട്ടറിയുടെ/ചാർജ്ജുണ്ടായിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും ആനുപാതികമായി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും. അതുപോലെ തന്നെ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 24-ാം ചട്ടത്തിന്റെ 3-ാം ഉപചട്ട പ്രകാരം സർക്കാർ തിട്ടപ്പെടുത്തുന്ന ബാധ്യത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് 4-ാം ഉപചട്ട പ്രകാരം ഈടാക്കുന്ന സംഗതിയിൽ വീഴ്ച വരുത്തിയാലും നടപടി സ്വീകരിക്കുന്നതാണ്.

### 16. നഷ്ടോത്തരവാദിത്തം

ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ സെക്രട്ടറിയുടെതല്ലാത്തതാണെങ്കിൽ കൂടി സെക്രട്ടറിയിൽ ചുമത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തമായ ജോലി വിഭജന രേഖയുടെയും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഓഫീസ് ഉത്തരവിന്റെയും അഭാവത്തിലാണ് ഇപ്രകാരം ബാധ്യത മുഴുവനും സെക്രട്ടറിയുടെ മേൽ ചുമത്തുന്നത്. വ്യക്തമായ ഓഫീസ് ഉത്തരവ് നല്കേണ്ടതും അത് ആഡിറ്ററെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

### 17. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പലപ്പോഴും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുന്നതായി നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ആകയാൽ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുറപ്പു വരുത്തേണ്ടതാണ്. തെറ്റായി രേഖപ്പെടുത്തിയ വസ്തുതകൾക്ക് ഗ്രാമസഭയുടെ അംഗീകാരം ഉണ്ടെന്ന ഒറ്റകാരണത്താൽ ആനുകൂല്യം അനുവദിക്കാൻ പാടില്ല. ശരിയായ രേഖകളുടെയും സാക്ഷ്യപത്രങ്ങളുടെയും വെളിച്ചത്തിൽ ഗുണഭോക്താക്കളുടെ അർഹത ഉറപ്പു വരുത്തേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണ

ഭോക്തൃ ലിസ്റ്റിൽ അനർഹർ ഉണ്ടെന്ന് ബോധ്യമായാൽ അവരെ പട്ടികയിൽ നിന്നും നീക്കം ചെയ്തു അടുത്ത ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

**18. നികുതി, ലൈസൻസ് ഫീസ് പിരിവ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ**

നികുതി പിരിവിന് ചുമതലപ്പെട്ട ജീവനക്കാരെ ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 4 (നാല്) മാസം നികുതി/ലൈസൻസ് ഫീസ്/സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നീ ജോലികൾക്കു മാത്രമായി നിയോഗിക്കേണ്ടതും പ്രസ്തുത കാലയളവിൽ ഇവർ സാധാരണ ഗതിയിൽ ചെയ്തു വരുന്ന ജോലികൾ മുടക്കം കൂടാതെ നിർവ്വഹിക്കുവാൻ മറ്റ് ജീവനക്കാരെ ചുമതലപ്പെടുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ രീതിയിൽ നികുതി പിരിവിന് ചുമതലപ്പെട്ട ജീവനക്കാർക്ക് ലൈസൻസ് ഫീസ്/നികുതി പിരിക്കുന്നതിന് പ്രതിവാര ടാർജറ്റ് നിശ്ചയിച്ചു കൊണ്ട് പ്രത്യേക ഓഫീസ് ഉത്തരവ് നല്കേണ്ടതും ആയത് പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

**19.** 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെടുകയും തുക നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടെയോ വീഴ്ച മൂലമാണെന്ന് പരിശോധനയിൽ ബോധ്യപ്പെടുത്തുകയും ചെയ്താൽ അപ്രകാരം പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നോ ഈടാക്കുന്നതായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ പിരിച്ചെടുക്കുന്നതിനും സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക, ആഡിറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ തുക ഇവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ചുമതലയുള്ള ജീവനക്കാർ ഇക്കാര്യം വളരെ ഗൗരവമായി കാണേണ്ടതും നികുതി/മറ്റു സംഖ്യകൾ 100% വും യഥാസമയം പിരിച്ചെടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്. നികുതി/ഫീസിന് പിഴപ്പലിശ വസൂലാക്കുന്നതിൽ 24.08.2000 ലെ എൻ-51457/00/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ അപ്പപ്പോൾ നല്കേണ്ടതും വിവരം സെക്രട്ടറിയെ ധരിപ്പിക്കേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും ഇക്കാര്യം പരിശോധിച്ചു കാലഹരണം മൂലം നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കുവാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ യഥാസമയം നടപടി സ്വീകരിക്കണം.

**20. ഇൻകം ടാക്സ്, സെയിൽസ് ടാക്സ്, സർക്കാരിലേക്ക് ഒടുക്കേണ്ട അംശാദായങ്ങൾ**

പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ഇൻകം ടാക്സ് പിരിച്ചെടുത്ത് ഏഴ് ദിവസത്തിനുള്ളിലും സെയിൽസ് ടാക്സ് ഒരു മാസത്തിനുള്ളിലും ബന്ധപ്പെട്ട വകുപ്പ് അധികൃതർക്ക് കൈമാറേണ്ടതാണ്. അതുപോലെ തന്നെയാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള വിഹിതം, ലൈബ്രറി സെസ്സ് ഇവ നല്കുന്നതും. ഇവ യഥാസമയം നൽകിയില്ലെങ്കിൽ പിഴ/സർചാർജ് നല്കേണ്ടി വരും. വീഴ്ച സംഭവിച്ചാൽ ഈ വിഷയം കൈകാര്യം ചെയ്യുന്ന ജീവനക്കാരിൽ നിന്നും പ്രസ്തുത സർചാർജ്/പിഴ ഈടാക്കേണ്ടതാണ്.

**21.** പഞ്ചായത്ത് ഫണ്ട് തൃപ്തികരമായിരിക്കേ യഥാസമയം തുക ഒടുക്കുന്നതിലുണ്ടാകുന്ന വീഴ്ച കാരണം വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ് എന്നിവയ്ക്ക് പിഴപ്പലിശ/സർചാർജ് നല്കേണ്ടി വന്നാൽ അപ്രകാരം നല്കുന്ന പിഴ ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്ത ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം.

**22. കരാറുകൾ**

പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ 1996 ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പു വയ്പ്പിക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പു വെച്ചിരിക്കേണ്ടതുമാണ്. സെക്രട്ടറിയും ഒപ്പുവെച്ച ശേഷം ഇത് എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കണം. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഇതാവശ്യമാണ്. വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കണം. ഇക്കാര്യത്തിലുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാരനിൽ നിന്നും മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, സെക്രട്ടറി ഇവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണ്.

**23. സ്റ്റോഴ്സ് & സ്റ്റോക്ക്**

ഗ്രാമ പഞ്ചായത്തുകളിലെ വാങ്ങലുകൾക്കും സർക്കാർ വകുപ്പുകൾക്ക് ബാധകമാക്കിയിട്ടുള്ള Store Purchase Manual ബാധകമാണ്. പ്രസ്തുത ചട്ടം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. തെരുവു വിളക്കുകൾ കത്തിക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്കു നല്കുവാൻ വാങ്ങുന്ന ഉപകരണങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി/വിലയ്ക്ക് നല്കുന്ന ഫാറങ്ങൾ, നോട്ടീസുകൾ ഇങ്ങനെയുള്ള എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങിയ ശേഷം വിതരണം ചെയ്യേണ്ടതുമാണ്. ഇവയുടെ വിതരണത്തിനായി ഒരു ജീവനക്കാരന് ചുമതല നല്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററും സ്റ്റോക്കും ഇടയ്ക്കിടെ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് പരിശോധിക്കേണ്ടതും ക്രമക്കേടുകൾ കണ്ടാൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

**24. ഫയലുകളിൽ നോട്ട് എഴുതൽ**

ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിക്കണം. കുറിപ്പ് എഴുതേണ്ടത് നിർബ്ബന്ധമാണ്. ധന സംബന്ധമായ ഇടപാടുകളിൽ ബന്ധപ്പെട്ട ക്ലാർക്ക് ചട്ടങ്ങൾ സഹിതം കുറിപ്പ് എഴുതേണ്ടതും

ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അത് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സെക്രട്ടറിക്ക് നല്കേണ്ടതുമാണ്. ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനു ശേഷമേ ചെക്ക്/ബിൽ എഴുതുവാൻ പാടുള്ളൂ. ഇക്കാര്യം ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ടോ എന്ന് പരിശോധകർ ശ്രദ്ധിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**25. സ്യൂട്ട് രജിസ്റ്റർ**

ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട കേസ്സുകളുടെയും മറ്റു വ്യവഹാരങ്ങളുടെയും വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കോടതികൾ, ലോകായുക്ത, തദ്ദേശസ്വയംഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവിടങ്ങളിൽ പ്രസ്തുത ഗ്രാമ പഞ്ചായത്ത് കക്ഷിയായിട്ടുള്ള എല്ലാ കേസ്സുകളുടെയും അപ്പോഴപ്പോഴുള്ള പുരോഗതി വിവരവും കേസ്സ് വാദിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള അഭിഭാഷകന്റെ പേരും ഫീസ് നല്കിയതിന്റെ വിവരങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തണം. പരിശോധകർ ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

**26. ഫയലുകൾ തീർപ്പാക്കൽ**

മിക്ക ഗ്രാമ പഞ്ചായത്തുകളിലും ആഡിറ്റിന് നല്കി എന്ന കാരണത്താൽ ഫയലുകളും രേഖകളും പ്രസ്തുത പരിശോധനയുടെ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് തന്നെ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായറിയുന്നു. ഇങ്ങനെ ചെയ്യുന്നത് മൂലം ആഡിറ്റ് തടസ്സം പരിഹരിക്കുന്നതിനോ, തുക നിരാകരണം സംബന്ധിച്ച് രേഖകൾ പുനഃപരിശോധിക്കുന്നതിനോ പലപ്പോഴും സാധിക്കാതെ വരുന്നു. ആഡിറ്റ് പരിശോധന നടന്നുവെന്ന ഒറ്റക്കാരണത്താൽ ആ കാലയളവിലെ രേഖകൾ നശിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ഒരു ആഡിറ്റിന് അവസാന മറുപടി നല്കി അത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അംഗീകരിച്ചതായി രേഖാമൂലം അറിയിപ്പ് ലഭിച്ചെങ്കിൽ മാത്രമേ രേഖകൾ നശിപ്പിക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ഓഫീസ് നടപടി ഗ്രന്ഥത്തിലെ (എം.ഒ.പി) വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

**27. കൗണ്ടർ സംവിധാനം**

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസിനകത്ത് ജനങ്ങൾ കൂട്ടം കൂടി നില്ക്കുന്നതും അതുമൂലം ജീവനക്കാർക്ക് ഓഫീസ് ജോലികൾ ചെയ്യുന്നതിനുള്ള അസൗകര്യം ഒഴിവാക്കുന്നതിനും വേണ്ടി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സേവന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

**28. സ്റ്റാഫ് മീറ്റിംഗ്**

ഈ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഓഫീസ് ഉത്തരവ് അനുസരിക്കുന്നതിലും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിലും ജീവനക്കാർ പുലർത്തുന്ന ശുഷ്കാന്തിയും കൃത്യനിഷ്ഠയും അവലോകനം ചെയ്യുന്നതിനായി, സെക്രട്ടറി മാസത്തിലൊരിക്കൽ നിർബ്ബന്ധമായും ഒരു സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓരോ ജീവനക്കാരന്റെയും ജോലി നിർവ്വഹണത്തിലെ കാര്യക്ഷമതയും ആഫീസിന്റെ പൊതുഅച്ചടക്കം, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളോടും പൊതുജനങ്ങളോടുമുള്ള ജീവനക്കാരുടെ പെരുമാറ്റം ഇവ വിലയിരുത്തുകയും വേണം. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കേണ്ട ചുമതല ഹെഡ് ക്ലാർക്കിന്/ജൂനിയർ സൂപ്രണ്ടിനായിരിക്കും. ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ കൂടി പരിശോധിച്ച ശേഷമായിരിക്കണം പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. വീഴ്ചകളും അപാകതകളും അപ്പപ്പോൾ തന്നെ പരിഹരിക്കേണ്ടതും ആഫീസിന്റെ പൊതു അച്ചടക്കത്തെ പ്രതികൂലമായി ബാധിക്കുംവിധം പെരുമാറുകയും ഉത്തരവാദിത്ത വീഴ്ച വരുത്തുകയും ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ചു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഇക്കാര്യത്തിൽ യഥാസമയം ആവശ്യമായ നടപടി സ്വീകരിക്കണം.

**29. വിടുതൽ**

ഒരു ജീവനക്കാരൻ സ്ഥലം മാറിപ്പോകുന്ന അവസരത്തിൽ ടിയാൻ കൈകാര്യം ചെയ്തിരുന്ന രേഖകളും രജിസ്റ്ററുകളും ഫയലുകളും/വൗച്ചറുകളും എണ്ണി തിട്ടപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പുതുതായി ചുമതലയേൽക്കുന്ന ജീവനക്കാരന് കൈമാറേണ്ടതാണ്. രേഖകളും രജിസ്റ്ററുകളും ഫയലുകളും up-to-date ആക്കേണ്ടതുമാണ്. ഇക്കാര്യം ഹെഡ് ക്ലാർക്ക്/ സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതും വീഴ്ചകൾ സെക്രട്ടറി മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യം പരിശോധിക്കേണ്ടതും പ്രസ്തുത രേഖകൾ up-to-date ആക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥന് ഉത്തരവ് നല്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ നിശ്ചിത സമയത്തിനുള്ളിൽ തന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ച കാരണമാണ് ഇപ്രകാരം പ്രത്യേക ഉത്തരവ് നല്കേണ്ടി വരുന്നതെങ്കിൽ അങ്ങനെയുള്ള യാത്രയ്ക്ക് യാത്രാബത്ത നല്കാൻ പാടില്ല.

**30. ആഭ്യന്തര നിയന്ത്രണം – കാര്യക്ഷമത വർദ്ധിപ്പിക്കൽ**

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മൊത്തത്തിൽ ആഭ്യന്തര നിയന്ത്രണം ശക്തമാക്കുന്നതിനും (Strengthening of Internal control mechanism) വേണ്ടി ആകസ്മിക പരിശോധനകൾ നടത്തേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു. ആയതിനായി ബന്ധപ്പെട്ടവർക്ക് പ്രത്യേകം ഉത്തരവു നല്കുന്നതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവരും കൃത്യമായി പാലിക്കുന്നുവെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഉറപ്പുവരുത്തേണ്ടതുമാണ്.

**ഈപ്പൻ ഫ്രാൻസിസ്**

പഞ്ചായത്ത് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന
ജോയിന്റ് ഡയറക്ടർ (ഭരണം)

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## പട്ടികജാതി കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിന് സബ്സിഡി വർദ്ധന

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള സബ്സിഡി തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്**

സ.ഉ(സാധാ.)നം. 586/07/തസ്വഭവ.

തീയതി, തിരുവനന്തപുരം, 27-02-2007

പരാമർശം: 9-2-07-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം നമ്പർ 1.4

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിനുള്ള സബ്സിഡി തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം ഒന്ന് പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള സബ്സിഡി തുക 70,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇന്ദിര ആവാസ് യോജന പ്രകാരമുള്ള പട്ടികജാതിക്കാരുടെ ഭവനനിർമ്മാണത്തിന് സബ്സിഡി തുക 70,000/- രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിനാവശ്യമായ അധിക തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതത്തിൽ നിന്നും അനുവദിക്കാവുന്നതാണ്. കൂടാതെ ഭാഗികമായി തുക അനുവദിക്കുകയും വീട് നിർമ്മാണം ഇതുവരെ പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കൾക്കും വർദ്ധിപ്പിച്ച നിരക്കിൽ സബ്സിഡി നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്. എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്

**കേരള സർക്കാർ**

നം.674/കെ2/07/തസ്വഭവ.

തദ്ദേശ സ്വയംഭരണ (കെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 25.2.2007

**സർക്കുലർ**

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ് - കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് - ഭേദഗതി - സംബന്ധിച്ച്.

സൂചന:- 1. സർക്കാരിന്റെ 2-11-2005-ലെ 40206/കെ2/05/തസ്വഭവ. നമ്പർ സർക്കുലർ.
2. സർക്കാരിന്റെ 23-3-2006-ലെ 12988/കെ2/06/തസ്വഭവ. നമ്പർ സർക്കുലർ.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 20-1-2007-ലെ 1, 2 നമ്പർ തീരുമാനം.

ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തിട്ടുള്ള ജലനിധി, സ്വജൽധാര, ജനകീയാസൂത്രണം/കേരള വികസന പദ്ധതി എന്നിവയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവുകൾ ഗുണഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണെന്ന് 23-3-2006-ലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സർക്കുലറിൽ ഭേദഗതി വരുത്തണമെന്ന് ചില ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സർക്കുലറിൽ താഴെപ്പറയുന്ന പ്രകാരം ഭേദഗതി വരുത്തുന്നു.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പൊതുടാപ്പുകൾ മാത്രമുള്ള കുടിവെള്ള സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് തനത് ഫണ്ട്/മെയിന്റനൻസ് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് അതാതു സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

**എസ്. എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

**പഞ്ചായത്ത് രാജ് (മാസിക)**

പരസ്യ നിരക്ക്

| | | |
|---|---|---|
| കവർ അവസാനപുറം (കളർ) | - | 10,000 രൂപ |
| കവർ പേജ് - ഉൾവശം (ഒറ്റക്കളർ) | - | 6,000 രൂപ |
| മറ്റു പേജുകൾ - ഫുൾ | - | 4,000 രൂപ |
| അര പേജ് | - | 2,000 രൂപ |

വാർഷിക വരിസംഖ്യ - 90 രൂപ ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

*വിലാസം*
എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം - 33

Edited and Published by A. Ajith Kumar, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.